# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 9 ചിങ്ങം - 1193 സെപ്റ്റംബർ 2017





എറണാകുളം കരയോഗം പോളിക്ലിനിക്കിൽ പ്രവർത്തിക്കുന്ന പാർക്കിൻസൺസ് രോഗികൾക്കുള്ള ലഘുലേഖ കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) പ്രകാശനം ചെയ്യുന്നു. അഡ്വ. രശ്മി വർമ്മ, ജയരാജ, എം ബാലചന്ദ്രൻ, പ്രേം വർഗീസ്, ഡോ. കുര്യാക്കോസ് എന്നിവർ സമീപം.



വിശ്വസംസ്കൃത ദിനത്തോടനുബന്ധിച്ച് എറണാകുളം കരയോഗത്തിൽ സംഘടിപ്പിച്ച സെമിനാർ പ്രൊഫ.എം.കെ. സാനു ഉദ്ഘാടനം ചെയ്യുന്നു. പി.രാമചന്ദ്രൻ (വേണു), ഡോ.പി.കെ. ശങ്കരനാരായണൻ, കെ.പി.കെ. മേനോൻ, ഡോ.എം.വി.നടേശൻ,  എന്നിവർ സമീപം.





എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ധനസഹായ വിതരണോദ്ഘാടനം സ്വാമി പൂർണ്ണ അമൃതാനന്ദപുരി (മഠാധിപതി, അമൃതാനന്ദമയീ മഠം എറണാകുളം) ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു. വേണുഗോപാൽ സി ഗോവിന്ദ്, പി രാമചന്ദ്രൻ (വേണു), കെ.പി.കെ. മേനോൻ എന്നിവർ സമീപം



എറണാകുളം കരയോഗവും കേരള വനിതാ കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച മെഗാ അദാലത്ത് കേരള വനിതാ കമ്മീഷൻ ചെയർപേഴ്സൺ എം.സി ജോസഫൈൻ ഉദ്ഘാടനം ചെയ്യുന്നു.



എറണാകുളം ജനറൽ ഹോസ്പിറ്റലിലെ നിർദ്ധനരായ കിടപ്പുരോഗികൾക്ക് സൗജന്യ ഭക്ഷ്യോല്പന്ന കിറ്റ് വിതരണം ഫോർട്ട്കൊച്ചി ആർ ഡി ഒ -സി കെ വിനീത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

## എഡിറ്റോറിയൽ

# അറുതി വരുത്തണം ഈ അവഗണനയ്ക്ക്

മനുഷ്യജീവന് വില കല്പിക്കാത്ത ആതുരാലയങ്ങൾ നമുക്കാവശ്യമുണ്ടോ? ആശുപത്രികളുടെ പ്രവർത്തന ലക്ഷ്യമെന്ത്? ഡോക്ടർമാരുടെ ധർമ്മമെന്ത്? ഇതെല്ലാം പുനർവിചിന്തനത്തിന് വിധേയമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പ്രത്യേകിച്ച് കേരളത്തിൽ.

അപകടത്തിൽ പരിക്കേറ്റ് ചികിത്സ കിട്ടാതെ ദാരുണമായി മരണമടഞ്ഞ മുരുകൻ എന്ന 33 വയസ്സുകാരനോട് കൊല്ലത്തെയും തിരുവനന്തപുരത്തേയും ചില ആശുപത്രി അധികൃതർ കാണിച്ച അവഗണന അങ്ങേയറ്റം പ്രതിഷേധാർഹമാണ്; അക്ഷന്തവ്യമായ അപരാധമാണ്. ആഗസ്റ്റ് 7 ന് രാത്രി 11.00 മണിയോടു കൂടി ഉണ്ടായ അപകടത്തിൽ സാരമായി പരിക്കേറ്റ് രക്തം വാർന്നുകൊണ്ടിരുന്ന ഈ യുവാവുമായി നാട്ടുകാരും സന്നദ്ധസംഘടനകളുടെ പ്രവർത്തകരും കൊല്ലത്തു തന്നെയുള്ള മെഡിട്രീന, മെഡിസിറ്റി എന്നീ ആശുപത്രികളിൽ എത്തിച്ചെങ്കിലും രണ്ട് ആതുരാലയങ്ങളും ഓരോ കാരണങ്ങൾ പറഞ്ഞ് ചികിത്സ നിഷേധിച്ചു. തുടർന്ന് എങ്ങനെ എങ്കിലും ആ യുവാവിന്റെ ജീവൻ രക്ഷിക്കുന്നതിനു വേണ്ടി തിരുവനന്തപുരത്തേയ്ക്ക് തിരിക്കുന്നു. അവിടെ എത്തി എസ്. യു. റ്റി റോയൽ, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും രോഗിയെ എത്തിച്ചെങ്കിലും ഇവിടെ ഒരിടത്തും അത്യാസന്ന നിലയിൽ എത്തിച്ച ഈ രോഗിയെ ഒന്നു തിരിഞ്ഞ് നോക്കുവാൻ പോലും ആരും തയ്യാറായില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നു പോലും ഇത്തരം ക്രൂരമായ, നിഷേധാത്മകമായ സമീപനമാണുണ്ടാകുന്നതെങ്കിൽ ഇവിടുത്തെ സാധാരണക്കാരായ ജനം എന്തു ചെയ്യണം? എങ്ങോട്ടു പോകും ഇതുപോലുള്ള അവസരങ്ങളിൽ? കൊല്ലത്തെ ആശുപത്രിയിൽ ചികിത്സ നിഷേധിച്ചതിനെ തുടർന്ന് തിരുവനന്തപുരത്തേയ്ക്ക് കൊണ്ടു പോയി അവിടെ നിന്നും അതേ അനുഭവത്തോടുകൂടി തിരിച്ച് കൊല്ലത്തേയ്ക്ക്

# ഉള്ളടക്കം

വാല്യം 10 | ലക്കം 9 | സെപ്റ്റംബർ 2017

| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| പ്രതിമാസ പരിപാടി | 6 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 15 |
| വാക്ക് ഊർജ്ജവും സേവനവുമാകുമ്പോൾ | 18 |
| രവിപുരം ക്ഷേത്രത്തിലെ അഷ്ടമിരോഹിണി ഉത്സവം | 22 |
| എറണാകുളം കരയോഗം നവരാത്രി ആഘോഷം | 23 |
| തവാങ്ങ് ഹിമാലയത്തിലെ രഹസ്യസ്വർഗ്ഗം | 33 |
| സ്വപ്നഭംഗം | 37 |
| സുഭാഷിതം 3-1 | 38 |
| വ്യക്തിവിശേഷം | 39 |
| ഹരിസുധാലഹരി | 40 |
| പാതഞ്ജലയോഗദർശനം | 42 |
| സെപ്റ്റംബർ 10 ആത്മഹത്യാപ്രതിരോധദിനം | 44 |
| ടെന്നിസ് എൽബോ | 46 |
| യുറാനസ് ശയനപ്രദക്ഷിണം ചെയ്യുന്ന ഒരു ഗ്രഹം | 48 |
| ഓണപ്പാട്ടുകൾ | 50 |
| മറക്കാത്ത ഓർമ്മകൾ | 53 |
| കാഴ്ച | 57 |
| മാസഫലം | 58 |
| മാട്രിമോണിയൽ | 58-66 |

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

മടങ്ങുന്നു. അവസാനം ഏതാണ്ട് ഏഴു മണിക്കൂറോളം ആംബുലൻസിൽ ആശുപത്രികളായ ആശുപത്രികളെല്ലാം കയറി ഇറങ്ങി ചികിത്സ കിട്ടാതെ അന്ത്യശ്വാസം വലിക്കേണ്ടി വന്നു ആ ഹതഭാഗ്യന്. ആരാണ് ഇതിനുത്തരവാദി? ആരോഗ്യമന്ത്രി പറയുന്നു, വാഹനാപകടത്തിൽ പരിക്കേറ്റ ആൾക്ക് ചികിത്സ നല്കാൻ വിസമ്മതിച്ച ആശുപത്രികളുടെ നടപടി കുറ്റകരമായ അനാസ്ഥയാണെന്ന്. എങ്കിൽ അന്വേഷണ പ്രഹസനങ്ങൾക്ക് പിന്നാലെ പോകാതെ ത്വരിത നടപടികളാണ് ഉണ്ടാവേണ്ടത്. മാതൃകാപരമായ ശിക്ഷാനടപടികൾ തന്നെ ഉണ്ടാവണം. ഇനി ഒരാൾക്കും ഇങ്ങനെ ഒരു അനുഭവം ഉണ്ടാകാതിരിക്കാത്തതുപോലുള്ള കഠിനമായ ശിക്ഷ തന്നെ നൽകണം. കുറ്റക്കാരായ ആശുപത്രികൾക്കെതിരെയും, ഡോക്ടർമാർക്കെതിരെയും നടപടികൾ ഉണ്ടാവണം. അപകടങ്ങളിൽ പരിക്കേറ്റ് ആശുപത്രികളിൽ എത്തിക്കുന്നവരെ കൊണ്ടുവരുന്നവർ ആരാണെന്നു പോലും അന്വേഷിക്കാതെ വേണ്ട ചികിത്സകളെല്ലാം നല്കേണ്ടത് ആശുപത്രികളുടെ കടമയാണെന്ന് ബഹു. സുപ്രീംകോടതി വരെ നിർദ്ദേശം നല്കിയിട്ടുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകൾ അതിനനുസരിച്ചുള്ള നിയമങ്ങളും പാസ്സാക്കിയിട്ടുണ്ട്. പക്ഷേ ഇവിടെ നിയമങ്ങളെ മാനിക്കുന്നവരെത്രപേർ?

അകാലത്തിൽ തങ്ങളുടെ കുടുംബനാഥനെ നഷ്ടപ്പെട്ട മുരുകമ്മയ്ക്കും (മുരുകന്റെ ഭാര്യ) കുട്ടികൾക്കും വേണ്ട സംരക്ഷണം നല്കാൻ തയ്യാറായ ബഹുമാന്യനായ മുഖ്യമന്ത്രി തീർച്ചയായും അഭിനന്ദനാർഹനാണ് അദ്ദേഹത്തിന്റെ ഈ പ്രവൃത്തി മാതൃകാപരവുമാണ്.

ഇങ്ങനെയുള്ള അതിദാരുണമായ ദുരന്തങ്ങൾ കേരളത്തിൽ മാത്രമല്ല ഇന്ത്യയുടെ പല ഭാഗങ്ങളിലും നടക്കുന്നുണ്ട്. അടുത്തിടെ ഉത്തർപ്രദേശിലെ ഗോരഖ്പൂരിൽ 75 പിഞ്ചുകുഞ്ഞുങ്ങളുടെ ജീവനാണ് ഹോസ്പിറ്റലിലെ ചില ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും നിരുത്തരവാദപരമായ പെരുമാറ്റം മൂലം പൊലിഞ്ഞു പോയത്. കൊച്ചിയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ജഡത്തെ ചികിത്സിച്ചു പണം വാങ്ങിയതായി റിപ്പോർട്ട്. മറ്റൊരിടത്ത് ഡോക്ടർമാർ തമ്മിലുള്ള മത്സരം മൂലം ഒരു പിഞ്ചു കുഞ്ഞിന്റെ ജീവൻ നഷ്ടപ്പെട്ടതായി വേറൊരു റിപ്പോർട്ട്. ഇതുപോലെ എവിടെയെല്ലാം എത്രയെത്ര ജീവിതങ്ങളാണ് ഉത്തരവാദപ്പെട്ടവരുടെ സമയോചിതമായ ഇടപെടൽ ഇല്ലാഴികമൂലം പൊലിഞ്ഞു പോകുന്നത്.

ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ ആദായമുണ്ടാക്കുന്ന വൻ വ്യവസായങ്ങളായി മാറിക്കഴിഞ്ഞിരിക്കുകയാണ് ആതുരസേവനവും, വിദ്യാഭ്യാസവും. പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കേണ്ട രണ്ട് മണ്ഡലങ്ങളാണ് ഇത് രണ്ടും. എന്നാൽ എന്താണ് ഇന്നത്തെ അവസ്ഥ. അവിടെ മനുഷ്യജീവനല്ല, ആശുപത്രിയുടെ വരുമാനത്തിനാണ് പ്രാധാന്യം മാർക്കും കഴിവും ഇല്ലെങ്കിലും കോടികൾ മുടക്കി ഡോക്ടർമാർ ആകുന്നവർ മുടക്കു മുതലും പലിശയും എത്രയും വേഗം തിരിച്ചു പിടിക്കാനുള്ള വ്യഗ്രതയിലും. ഒരു രോഗി ആശുപത്രിയിലെത്തിയാൽ ആവശ്യമുള്ളതും ഇല്ലാത്തതുമായ ടെസ്റ്റുകൾ എത്ര? അതും ഓരോ ഡോക്ടർമാരും അവർക്ക് കൂടുതൽ താല്പര്യമുള്ള ലാബട്ടറികളിലേക്ക് മാത്രം കുറിപ്പ് കൊടുക്കും. തൊട്ടടുത്ത് നല്ല നിലവാരമുള്ള ചിലവ് കുറഞ്ഞ ലാബട്ടറികൾ ഉണ്ടെങ്കിലും അവിടേയ്ക്ക് രോഗികളെ അയക്കില്ല. ജനങ്ങളുടെ ജീവന് യാതൊരു വിലയും കല്പിക്കാത്ത ആശുപത്രികളുടെ ചികിത്സാ വ്യവസായം- ഇതിന് അന്ത്യം കുറിപ്പിക്കേണ്ടതു അത്യന്താപേക്ഷിതമായിരിക്കുന്നു. ആശുപത്രികളുടെ ഷെർലോക്യൻ നയങ്ങൾക്ക് അടിയന്തിര ശസ്ത്രക്രിയ അനിവാര്യമായിരിക്കുന്നു. ഈ ദുര അവസാനിപ്പിക്കുവാൻ സർക്കാരിന് കെല്പുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഗോരഖ്പൂർ ആശുപത്രിയിലെ ദുരന്തത്തിന് കാരണക്കാരായ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും എതിരെ അവിടുത്തെ സർക്കാർ നടപടികൾ കൈക്കൊണ്ടു കഴിഞ്ഞു. എന്നാൽ അതിനു മുമ്പു നമ്മുടെ സംസ്ഥാനത്ത് നടന്ന മുരുകൻ കേസിന്റെ കാര്യം എന്തായി. ഇപ്പോഴും അന്വേഷണത്തിൽ ഇഴയുന്നു. ഇതു തന്നെ നമ്മുടെ ഏറ്റവും വലിയ ദുര്യോഗം●

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് 2017 സെപ്റ്റംബർ മാസം 10–ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

*ജനറൽ സെക്രട്ടറി*

# ജനറൽ സെക്രട്ടറിയുടെ പംക്തി

കർക്കിടകത്തിൻെറ ആത്മീയമായ ദിനങ്ങൾ കടന്ന് ചിങ്ങത്തിലെ സന്തോഷത്തിൻെറയും സൗഹാർദ്ദത്തിൻെറയും രുചിയുടെയും നാളുകൾ പിന്നിട്ട്, ചൈത്രമാസത്തിൽ സരസ്വതിയെയും ദുർഗ്ഗയെയും കാളിയെയും വരവേറ്റ്, ഒൻപത് നാളുകൾ പൂജിച്ച് അടുത്ത ഒരു വർഷം വിദ്യയും കലയും തൊഴിലും ഐശ്വര്യ സമൃദ്ധമായി തീർക്കുവാൻ എല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു. സെപ്റ്റംബർ മാസം 21-ാം തീയതി എറണാകുളം കരയോഗത്തിൻെറ ആഭിമുഖ്യത്തിൽ ടിഡിഎം ഹാളിൽ പത്തു ദിവസം നീണ്ടു നിൽക്കുന്ന നവരാത്രി ആഘോഷ പരിപാടികൾ സമാരംഭിക്കുകയാണ്. കഴിഞ്ഞ കുറെ നാളുകളിലായി ടിഡിഎം ഹാളിൽ വിവിധ വിഭാഗങ്ങളിലായി കുട്ടികൾക്ക് പുരാണ, ഇതിഹാസ, സാഹിത്യ, കലാ, നൃത്ത, സംഗീത മത്സരങ്ങൾ നടന്നു വരികയായിരുന്നു. ഇതിലെ വിജയികൾക്കുള്ള സമ്മാനം സമാപന ദിവസമായ സെപ്തംബർ 30-ാം തീയതി വൈകുന്നേരം 5 മണിക്ക് നടക്കുന്ന പൊതുചടങ്ങിൽ വച്ച് നൽകുന്നതായിരിക്കും.ഇതോടൊപ്പം കരയോഗ അംഗങ്ങൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ വിദ്യാഭ്യാസത്തിൽ ഉന്നതവിജയമോ, മറ്റ് മേഖലകളിൽ പുരസ്ക്കാരങ്ങളോ, സ്ഥാനമാനങ്ങളോ നേടിയിട്ടുള്ളവർ സെപ്റ്റംബർ 20ാം തീയതി, വൈകുന്നേരം 5.00 മണിക്ക് മുമ്പായി ആവശ്യമായ രേഖകൾ സഹിതം കരയോഗം ഓഫീസിൽ അപേക്ഷിക്കേണ്ടതാണ്.അവർക്കുള്ള സമ്മാനങ്ങളും സെപ്തംബർ 30-ാം തീയതി നടക്കുന്ന യോഗത്തിൽ വച്ച് നൽകുന്നതായിരിക്കും.

നവരാത്രിയോടനുബന്ധിച്ചുള്ള 10 ദിവസത്തെ പരിപാടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഈ ലക്കം സൗഹൃദത്തിൽ വിശദമായി നൽകിയിട്ടുണ്ട്. ബീമിൻെറ പ്രതിമാസ പരിപാടിയുടെ ഭാഗമായി സെപ്റ്റംബർ 22ന്, നവരാത്രി രണ്ടാം ദിവസം, വൈകുന്നേരം 6.30 ന് ഹിമാൻഷു നന്ദയുടെ ഹിന്ദുസ്ഥാനി ഫ്ളൂട്ട് കച്ചേരി, എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ പരിപാടിയിൽ, സെപ്റ്റംബർ 26ന്, നവരാത്രി ആറാം ദിവസം, വൈകുന്നേരം 6.30 ന് സർവജ്ഞപീഠം കഥകളി ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

കരയോഗ അംഗങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക് ഒരു കാര്യം ഇവിടെ കുറിക്കുന്നു. വിവാഹ സർട്ടിഫിക്കറ്റ്, ശവസംസ്ക്കാര സർട്ടിഫിക്കറ്റ് എന്നിവയുമായി ബന്ധപ്പെട്ട് പല കരയോഗ അംഗങ്ങളും കരയോഗം ഭാരവാഹികളെ സമീപിക്കാറുണ്ട്. പ്രത്യേകിച്ച് ഇന്നത്തെ സാഹചര്യത്തിൽ നിയമപരവും സാങ്കേതികവും ആയ പല പ്രശ്നങ്ങളും ഉള്ളതുകൊണ്ട് എറണാകുളം കരയോഗത്തിൻെറ നേരിട്ടുള്ള കാർമ്മികത്വത്തിൽ നടത്തുന്ന കർമ്മങ്ങൾക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുകയുള്ളൂ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. വിവാഹത്തിനും മറ്റും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമുദായത്തിൻെറ സർട്ടിഫിക്കറ്റ് നിയമപരമായി നിർബന്ധമായിരിക്കുന്നു എന്ന് അംഗങ്ങളെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. പല അംഗങ്ങളും യഥാർത്ഥ നിയമവശം അറിയാതെ ഇവൻറ് മാനേജ്മെൻറിൻെറയോ കൂലിക്ക് കല്ല്യാണം നടത്തുന്ന ചില വ്യക്തികളെയോ ആശ്രയിച്ച് വിവാഹം നടത്തിയ ശേഷം സർട്ടിഫിക്കറ്റിനായി മാത്രം കരയോഗത്തെ സമീപിക്കുന്നത് ഉചിതമല്ല എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എറണാകുളം കരയോഗത്തിലെ അംഗങ്ങൾ കരയോഗത്തിൻെറ ഏതുസേവനങ്ങൾക്കും കരയോഗത്തെ സമീപിക്കാവുന്നതും ആയതിന് കരയോഗത്തിൻെറ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതും ഔദ്യോഗിക ഭാരവാഹികളുടെ സമ്മതവും, അറിവും ടി വിഷയത്തിൽ ഉണ്ടായിരിക്കേണ്ടതുമാണ്. അങ്ങനെ ഉള്ളവർക്കു മാത്രമേ മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാൻ സാധിക്കൂ എന്ന് വിനീതമായി അംഗങ്ങളെ ഓർമ്മിപ്പിക്കുന്നു. അല്ലാതെ ദിവസക്കൂലിക്ക് കല്ല്യാണം നടത്തുന്ന വ്യക്തികളെ ആശ്രയിച്ച് വഞ്ചിതരാകരുതെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു●

ജനറൽ സെക്രട്ടറി

# എറണാകുളം കരയോഗം

## 15.09.2017 മുതൽ 14.10.2017 വരെയുള്ള സെപ്റ്റംബർ മാസ പരിപാടികൾ

| | | | |
|---|---|---|---|
| 16-09-2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |
| | | 5.00 p.m. | കരയോഗം ഫിലിം ക്ലബ്ബ് ഃ സിനിമ : ഒരു ചെറുപുഞ്ചിരി |
| | | | പ്രഭാഷണം : ശ്രീ.ജോൺപോൾ |
| 17-09-2017 | ഞായർ | 5.00 p.m. | കരയോഗം ഫിലിം ക്ലബ്ബ് ഃ |
| | | | സിനിമ : ഒരു സായാഹ്നത്തിന്റെ സ്വപ്നം |
| 20-09-2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 21-09-2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 6.30 p.m. | കരയോഗം നവരാത്രി ആഘോഷം ആരംഭം |
| 22-09-2017 | വെള്ളി | 6.30 p.m. | ബീം പ്രതിമാസ പരിപാടി ഃ ഫ്ളൂട്ട് കച്ചേരി ഃ ഹിമാൻഷു നന്ദ |
| 23-09-2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 26-09-2017 | ചൊവ്വ | 6.30 p.m. | കരയോഗം കഥകളി ക്ലബ്ബ് ; കഥകളി സർവജ്ഞപീഠം |
| 27-09-2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 28-09-2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 6.00 p.m. | എറണാകുളം കരയോഗത്തിലും ചെറായി |
| | | | തൃക്കടക്കാപ്പിള്ളി ക്ഷേത്രത്തിലും പൂജ വയ്പ് |
| 29-09-2017 | വെള്ളി | 6.00 p.m. | മഹാനവമി |
| 30-09-2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |
| | | 5.30 p.m. | കരയോഗം നവരാത്രി ആഘോഷം സമാപനം |
| | | | നവരാത്രി മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനദാനം |
| 01-10-2017 | ഞായർ | 4.00 p.m. | വയോജന ദിനം |
| 04-10-2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 05-10-2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 07-10-2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |
| 08-10-2017 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് |
| 11-10-2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 12-10-2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 14-10-2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് -ആചാര്യൻ കെ.ആർ.നമ്പ്യാർ |

# അറിയിപ്പ്

**നവരാത്രി ആഘോഷത്തിന്റെ സമാപനദിവസമായ സെപ്റ്റംബർ 30-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5.00 മണിക്ക് നടക്കുന്ന സമ്മാനദാന ചടങ്ങിൽ വെച്ച് ഉന്നതസ്ഥാനങ്ങളോ, ബഹുമതിയോ, വിദ്യാഭ്യാസമേഖലയിൽ പ്രശസ്ത വിജയം കൈവരിക്കുകയോ ചെയ്തിട്ടുള്ള കരയോഗാംഗങ്ങളേയും അവരുടെ കുടുംബാംഗങ്ങളേയും അനുമോദിക്കുകയും ആദരിക്കുകയും ചെയ്യുന്നു. മേൽവിഭാഗത്തിൽപ്പെട്ടവർ സെപ്റ്റംബർ 20-ാം തീയതി ബുധനാഴ്ച വൈകുന്നേരം 5.00 മണിക്കു മുമ്പായി ആവശ്യമായ രേഖകൾ സഹിതം കരയോഗം ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ജനറൽ സെക്രട്ടറി**

## അഭിനന്ദനങ്ങൾ



**ബാങ്കിങ്ങ് മേഖലയിലെ പ്രശസ്ഥസേവനത്തിന് ഫെഡറൽ ബാങ്ക് മുൻചെയർമാനും സി ഇ ഒ യുമായിരുന്ന ശ്രീ.കെ.പി. പത്മകുമാറിനെ 16.7.2017 കൊച്ചിയിൽ വെച്ച് നടന്ന ചടങ്ങിൽ വെച്ച് സംസ്ഥാന ബാങ്കേഴ്സ് ക്ലബ്ബ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നല്കി ആദരിക്കുകയുണ്ടായി. നമ്മുടെ കരയോഗാംഗമായ ശ്രീ. പത്മകുമാറിന് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ.**

## പ്രത്യേക അറിയിപ്പ്

**27.9.2017 ബുധനാഴ്ച 3.00 മണിക്ക് എറണാകുളം കരയോഗത്തിൽ ദേവിഭാഗവത ക്ലാസ്സുകൾ ആരംഭിക്കുന്നു. താല്പര്യമുള്ള എല്ലാ കരയോഗാംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

**ചില സാങ്കേതിക കാരണങ്ങളാൽ ഈ ലക്കം കരയോഗ സൗഹൃദത്തിൽ ബാലലോകം പ്രസിദ്ധികരിക്കാൻ സാധിച്ചിട്ടില്ല.**

***- എഡിറ്റർ***

## വിശേഷ ദിവസങ്ങൾ

### 2017 സെപ്റ്റംബർ16 മുതൽ ഒക്ടോബർ 14 വരെ

| | | |
|---|---|---|
| സെപ്റ്റംബർ | 17 | വിശ്വകർമ്മദിനം |
| | 21 | ശ്രീനാരായണഗുരു സമാധി ദിനം, കരയോഗം നവരാത്രി ആരംഭം |
| | 27 | അമൃതാനന്ദമയി ജന്മദിനം |
| | 28 | പൂജവെയ്പ് (എറണാകുളം കരയോഗം, ചെറായി തൃക്കടക്കാപ്പിള്ളി ക്ഷേത്രം), ദുർഗ്ഗാഷ്ടമി |
| | 29 | മഹാനവമി |
| | 30 | വിജയദശമി, കരയോഗം നവരാത്രി സമാപനം |
| ഒക്ടോബർ | 2 | ഗാന്ധിജയന്തി |
| | 5 | വാല്മീകി ജയന്തി |
| | 14 | ആമേട ആയില്യം തൊഴൽ |

രാഗപരിചയം

# ചെഞ്ചുരുട്ടി

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

28 ാമത്തെ മേളകർത്താരാഗമായ ഹരികാം ബോജിയുടെ ജന്യരാഗമാണ് ചെഞ്ചുരുട്ടി. നാടോടി ശീലുകളിൽ നിന്നാണ് ഈ രാഗം ഉടലെടുത്തത്.

ആരോഹണം : നി സ രി ഗ മ പ ധ നി

അവരോഹണം : നി ധ പ മ ഗ രി സ നി

സ്വരസ്ഥാനങ്ങൾ: കൈശികി നിഷാദം, ഷഡ്ജം, ചതു; ശ്രുതിരിഷഭം, അന്തരഗാന്ധാരം, ശുദ്ധ മദ്ധ്യമം, പഞ്ചമം, ചതു;ശ്രുതി ധൈവതം.

മന്ദ്രസ്ഥായി നിഷാദത്തിൽ തുടങ്ങി മദ്ധ്യ സ്ഥായി നിഷാദത്തിൽ അവസാനിക്കുന്ന രാഗമാണ് ചെഞ്ചുരുട്ടി. സമ്പൂർണ്ണ രാഗമാണിത്. ചെറിയ സ്ഥായി ആയതിനാൽ മദ്ധ്യമ ശ്രുതിയിലാണ് ആലപിക്കുന്നത്. ജിൻഝോട്ടി എന്ന ഹിന്ദുസ്ഥാനി രാഗം ചെഞ്ചുരുട്ടിയോടു സാമ്യത പുലർത്തുന്നു. തമിഴ് കാവടിചിന്ത് പോ ലുള്ള സംഗീതരൂപങ്ങളാണ് ചെഞ്ചുരുട്ടി രാഗത്തിൽ അധികമായി കാണുന്നത്.

ഭക്തി ഭാവമാണ് പ്രധാനമായും ചെഞ്ചുരുട്ടി രാഗത്തിലുള്ളത് 'ശ്രീചക്രരാജ സിംഹാസനേശ്വരി' എന്ന രാഗമാലികയുടെ പല്ലവി ഈ രാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. കുറിഞ്ചി രാഗവുമായി ചെറിയൊരു സാമ്യം ഉള്ള രാഗം കൂടിയാണിത്. കുറിഞ്ചി ശങ്കരാഭരണത്തിന്റെ ജന്യരാഗമാണ്. ധൈവതാന്ത്യ രാഗവുമാണ്. നാടോടിഗാനങ്ങൾ, ഭജൻ എന്നിവ ഈ രാഗത്തിൽ ഉണ്ട്. സംഗീത കച്ചേരികളിൽ രണ്ടാം പകുതിയിലാണ് ചെഞ്ചുരുട്ടിയുടെ സ്ഥാനം.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. കലയേശ്രീകമല | രൂപകം | സ്വാതിതിരുന്നാൾ |
| 2. കമലനയന പാഹി | രൂപകം | കെ. സി. കേശവപിള്ള |
| 3. ചിദംബരം പോകാമൽ | ആദി | ഗോപാലകൃഷ്ണഭാരതി |
| 4. കമലനയന | രൂപകം | ഭദ്രാചലരാമദാസ് |
| 5. പ്രണതാർത്തിഹര | ഖണ്ഡത്രിപുട | മൈസൂർ വാസുദേവാചാർ |
| 6. സഖിപ്രാണ(ജാവലി) | ആദി | ധർമ്മപുരിസുബ്ബരായർ |

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1. ജയ ജഗദീശ്വര | ബാലൻ |
| 2. സൂര്യകിരീടം വീണുടഞ്ഞു | കിരീടം |
| 3. എല്ലാം ശിവമയം | കുമാരസംഭവം |
| 4. രാജശില്പി നീയെനിക്കൊരു | പഞ്ചവൻ കാട് |
| 5. പുഷ്പസായകാ നിൻ | നൈറ്റ് ഡ്യൂട്ടി |
| 6. പഴയൊരു രജനിതൻ | നായിക |
| 7. ഭഗവാൻ ഭഗവാൻ | കൊട്ടാരം വിൽക്കാനുണ്ട് |
| 8. നാഗരിക രസിക | സ്ത്രീ |
| 9. എങ്കും നിറൈ നാദബ്രഹ്മം | ശകുന്തളൈ (തമിഴ്) |
| 10. എൻ വീട്ടു തോട്ടത്തിൽ | ജെന്റിൽമാൻ (തമിഴ്) |
| 11. ഗുരുവായൂരമ്പലം ശ്രീവൈകുണ്ഠം | ഭക്തിഗാനം പുഷ്പാഞ്ജലി● |

**ചരിതാർത്ഥതയാർന്ന ദേഹിയിൽ**
**തിരികെ ശ്ശോഭനമല്ല ജീവിതം**
**പിരിയേണ മരങ്ങിൽ നിന്നുടൻ**
**ശരിയായിക്കളി തീർന്ന നട്ടുവൻ**

*-കുമാരനാശാൻ ചിന്താവിഷ്ടയായ സീത പദ്യം 16*

വാസ്തു

# വടക്കു കിഴക്ക് (ഈശാനമൂല)

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

രണ്ടു ദിക്കുകൾ ചേരുന്ന സ്ഥലം മൂല അല്ലെങ്കിൽ കോൺ എന്നറിയപ്പെടുന്നു. ദിക്കുകൾക്കില്ലാത്ത പ്രാധാന്യം മൂലകൾക്കുണ്ട്. എട്ടു ദിക്കുകളെപ്പറ്റിയും പല വിശ്വാസങ്ങൾ നിലവിലുണ്ട്. കിഴക്കാണ് പിതൃസ്ഥാനം. കിഴക്ക് തീരെ സ്ഥലമില്ലാതെ കിഴക്കോട്ടു വാതിലും ജനലുമില്ലാതെയിരുന്നാൽ ആൺതുണയില്ലാത്ത വീടായിപ്പോകും എന്നാണ് വിശ്വാസം. അഗ്നേയം (കിഴക്കിനും തെക്കിനും ഇടയ്ക്കുള്ള സ്ഥാനം) ആരോഗ്യത്തിന്റെ സ്ഥാനം. തെക്ക് ധനം, ഭൂമി, സുഖം, ശാന്തി എന്നിവയുമായി ബന്ധപ്പെട്ടതാണ്. നൈരുതി (പടിഞ്ഞാറിനും തെക്കിനും ഇടയ്ക്കുള്ള സ്ഥലം) ഭാവം, ഉടുതുണി, സ്വഭാവം, മരണം എന്നിവയുടെ ദിക്കാണ്. പടിഞ്ഞാറ് ദിക്ക് ഉയർച്ചയ്ക്കും, കീർത്തിക്കും കാരണമാകുന്നു. വായുകോൺ (വടക്കിനും പടിഞ്ഞാറിനും ഇടയ്ക്കുള്ള സ്ഥലം) പ്രവൃത്തികളെ നിയന്ത്രിച്ച് ശത്രുക്കളെയും, മിത്രങ്ങളെയും ഉണ്ടാക്കുന്നു. വടക്ക് മാതൃസ്ഥാനമാണ്. അവിടെ തീരെ സ്ഥലമില്ലെങ്കിൽ സ്ത്രീകൾക്ക് പലവിധം വിഷമങ്ങളുണ്ടാകും. ഈശാനം കുറഞ്ഞാൽ ആൺകുട്ടികൾക്ക് പലതരം പ്രശ്നങ്ങളും ഉള്ള ധനം അനുഭവിക്കാനാകാതെ വരികയും ചെയ്യും. ഒരു വീടിന്റെ എട്ടു ദിക്കുകൾ നോക്കിയാൽ ആ വീട്ടിലുള്ളവരുടെ ആരോഗ്യം, സ്വഭാവം, ധനസ്ഥിതി എന്നിവ മനസ്സിലാകും. ഓരോ മൂലയും രണ്ടു ദിക്കിനെയും ബാധിച്ചിരിക്കും. ഭൂമിയുൾപ്പടെ എല്ലാ ഗ്രഹങ്ങളും സൂര്യനെ ചുറ്റിക്കൊണ്ടിരിക്കുന്നു. ഇതിനെ ആധാരമാക്കിയാണ് എല്ലാ ദിക്കുകളും നിശ്ചയിച്ചിരിക്കുന്നത്.

ഈശാനമൂല രണ്ടു തരത്തിൽ അറിയപ്പെടുന്നു. കിഴക്കു ദിക്കിൽ വടക്കെ ഭാഗം കിഴക്ക് ഈശാന എന്നും, വടക്കഭാഗത്തിന്റെ കിഴക്കെ സ്ഥലം വടക്ക് ഈശാന എന്നും പറയുന്നു. ഈശാനത്തിൽ വടക്കും, കിഴക്കും, റോഡുണ്ടെങ്കിൽ ആ സ്ഥലം ഏറ്റവും ഉത്തമമായതാണ്.ചില സ്ഥലങ്ങളിൽ ഈശാന മൂലയെ കുബേരമൂല എന്നും പറയുന്നു. ആയതിനാൽ ആ മൂല പറമ്പിന്റെ ആയാലും വീടിന്റെ ആയാലും, ഓരോ മുറിയുടേതായാലും വൃത്തിയായി സൂക്ഷിക്കണം. പറമ്പിന്റെ ഈശാന മൂലയിൽ ഭൂമി ലവലിൽ നിന്നും ഒരിക്കലും പൊങ്ങി നിൽക്കരുത്. അവിടെ കുളിമുറിയോ, സ്റ്റോറോ, പട്ടിക്കൂടോ, തൊഴുത്തോ പാടില്ല. കിണറ്, കുളം എന്നിവയാകാം. വീടു പണിയുമ്പോൾ ആദ്യം മുതലെ ഈശാനം ശ്രദ്ധിക്കണം. വാസ്തു എത്ര നന്നായിരുന്നാലും ഈശാനം ചെറുതായിരുന്നാൽ എല്ലാ വളർച്ചയും നിൽക്കും. ഈശാനത്തിൽ കിഴക്കു ഭാഗത്തുള്ള റോഡ് വടക്കു ഭാഗത്തുള്ള റോഡിനേക്കാൾ താഴ്ന്നിരുന്നാൽ വീട് കിഴക്കോട്ടു ദർശനമായി പണിയണം. പ്രധാന വാതിലും, ഗേറ്റും കിഴക്കോട്ടും തന്നെ വേണം.




അതുപോലെ തന്നെ വടക്കു റോഡ് കിഴക്ക് റോഡിനെകകാൾ താണിരുന്നാൽ വടക്കോട്ട് മുഖമായി വീടു പണിയണം. പ്രധാന വാതിലും ഗേറ്റും വടക്കോട്ടു തന്നെയാകണം. ഈശാനത്തിൽ കിഴക്കും, വടക്കും റോഡുണ്ടെങ്കിൽ കിഴക്കോട്ടോ, വടക്കോട്ടോ ചരിവുള്ള റോഡ് പ്രധാന റോഡായിട്ടെടുക്കണം. ചിലപ്പോൾ കിഴക്കെ റോഡ് തെക്കോട്ടു ചരിവും, വടക്കെ റോഡ് കിഴക്കോട്ട് ചരിവുമാണെങ്കിൽ വടക്ക് റോഡാണ് ഉത്തമം. ഇതുപോലെ തിരിച്ചും വരാം. കെട്ടിടം പണി ആരംഭം മുതൽ ഈശാനം അടയാതെയും, ഉയരാതെയും, ഇടുങ്ങാതെയും പണി തീരുന്നതു വരെ സൂക്ഷിക്കണം. ഓരോ മുറിയുടെയും ഈശാനം ശ്രദ്ധിക്കണം.

പടിഞ്ഞാട്ടോ, തെക്കോട്ടോ, മുഖമായി വീടു പണിയുന്നവർ വടക്കു കിഴക്കെ മൂലയിലേക്കു തള്ളിപ്പണിയുകയും ഈശാനത്തിൽ സ്ഥലം കുറ

(ശേഷം 14-ാം പേജിൽ)

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### തിരുനാവുക്കരശ് നായനാർ

നടുനാട്ടിലെ തിരുവാമൂരിൽ വേളാളർ കുലത്തിലാണ് തിരുനാവുക്കരശ് നായനാർ ജനിച്ചത്. താൻ ജനിച്ച തിരുമുനൈപ്പാടിയിൽത്തന്നെയാണ് തിരുനാവുക്കരശ് ജനിച്ചതെന്ന് സുന്ദരമൂർത്തിനായനാർ രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവാമൂരിലെ വേളാളർ ദമ്പതികളായ പുകഴനാർക്കും മദനിയാർക്കും രണ്ടുസന്താനങ്ങളുണ്ടായി – തിലകവതിയും, മരുൾനീക്കിയാരും ! മാതാപിതാക്കൾ രണ്ടുമക്കളെയും നന്നായി വളർത്തി . പ്രായം തികഞ്ഞപ്പോൾ കലിപ്പകയാർ എന്ന യോദ്ധാവുമായി തിലകവതിയുടെ വിവാഹം നിശ്ചയിക്കപ്പെട്ടു. എന്നാൽ, വിവാഹത്തിനു മുമ്പ് വടപുലത്തിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. കലിപ്പകയാർ രണഭൂമിയിലേക്കു കുതിച്ചു. യുദ്ധത്തിൽ അയാൾ വീരചരമമടഞ്ഞു. കലിപ്പകയാരെ മനസ്സുകൊണ്ട് ഭർത്താവായി സ്വീകരിച്ചിരുന്ന തിലകവതി തകർന്നുപോയി. അവർ അലങ്കാരങ്ങളെല്ലാമുപേക്ഷിച്ചു. അൽപ്പകാലം കഴിഞ്ഞപ്പോൾ പുകഴനാരും മദനിയാരും മരണമടഞ്ഞു. മാതാപിതാക്കളുടെ മരണശേഷം മരുൾനീക്കിയാർ ജൈനമതം സ്വീകരിച്ച് ധർമസേനൻ എന്ന പേരിൽ ജീവിക്കാൻ തുടങ്ങി. ശിവഭക്തയായ തിലകവതി സഹോദരനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ മരുൾനീക്കിയാർ വഴങ്ങിയില്ല. തിലകവതി സഹോദരന്റെ മടങ്ങിവരവിനായി ശിവപെരുമാളോടു പ്രാർത്ഥിച്ചുകൊണ്ടേ ഇരുന്നു.അതനിടെ മരുൾനീക്കിയാർക്ക് ഉദരവ്യാധി പിടിപെട്ടു. ചികിത്സക്കായി അദ്ദേഹം സഹോദരിയുടെ അരികിൽ മടങ്ങിയെത്തി. തിരുവീരാട്ടനത്ത് ശിവക്ഷേത്രത്തിലെത്തിയപ്പോൾ അദ്ദേഹത്തിന് ഒരുൾവിളിയുണ്ടായി. അതനുസരിച്ച് അദ്ദേഹം ഒരു തമിഴ്പാമാലൈ ആലപിച്ചു. അതിന്റെ അന്ത്യത്തിൽ അദ്ദേഹത്തിന്റെ ഉദരരോഗം ശമിച്ചു. വ്യാധി തന്ന് വ്യാധി ഒഴിപ്പിച്ച് തന്നെ നേർവഴിക്കു നയിച്ച മഹാദേവനെ സ്തുതിച്ചുകൊണ്ട് മരുൾനീക്കിയാർ ഭഗവാന്റെ സന്നിധിയിൽവെച്ച് ഒരു തിരുപ്പതികം കൂടി പാടി. സന്തുഷ്ടനായ ശിവപെരുമാൾ ഇപ്രകാരം അശരീരിയായി അരുളിച്ചെയ്തു – 'തേൻ മധുര തമിഴിൽ തിരുപ്പതിക പാമാലൈ പാടിയ താങ്കൾ ഇനി തിരുനാവുക്കരശ് എന്ന പേരിൽ ലോകമാകെ അറിയപ്പെടും!' ഭഗവാന്റെ അനുഗ്രഹംനേടിയ മരുൾനീക്കിയാർ തിരുനാവുക്കരശായി വീട്ടിലെത്തി. തങ്ങളുടെ മതത്തിൽനിന്നു വിട്ടുപോയ തിരുനാവുക്കരശരെ ജൈനർ ദ്രോഹിക്കാൻ തുടങ്ങി. ചന്ദ്രക്കലയും ഗംഗയും തിരുജടയിൽ ചൂടിയ നിലകണ്ഠപെരുമാളെ ധ്യാനിച്ചുകൊണ്ട്, അദ്ദേഹം ജൈനരുടെ പീഡനങ്ങളെല്ലാം സഹിച്ചു. ശിവപെരുമാളുടെ കാരുണ്യത്തിനു പാത്രമായവരെ ഒരുവിധത്തിലും നശിപ്പിക്കാനാവില്ലെന്നു ബോദ്ധ്യം വന്ന ജൈനർ പരാജയം സമ്മതിച്ചു പിൻവാങ്ങി. തിരുനാവുക്കരശ് പലപല ശിവാലയങ്ങളും സന്ദർശിച്ച ശേഷം ശീർക്കാഴിയിലെത്തി. അവിടെ വെച്ച് തിരുജ്ഞാനസംബന്ധരെ കണ്ടു വണങ്ങി. വയസ്സിൽ തന്നെക്കാൾ മുതിർന്ന വ്യക്തിയായ തിരുനാവുക്കരശരെ സംബന്ധർ 'അപ്പനേ!' എന്നു സംബോധന ചെയ്തു. 'അടിയേൻ' എന്നു തിരുനാവുക്കരശർ തിരിച്ചും സംബോധന ചെയ്തു. ഈ സമാഗമത്തോടെ തിരുനാവുക്കരശർ 'അപ്പർ' എന്നറിയപ്പെട്ടു തുടങ്ങി. തിരുജ്ഞാനസംബന്ധരും തിരുനാവുക്കരശരും ചേർന്ന് പെരിയനായകിയോടൊപ്പം നിലകൊള്ളുന്ന മഹാദേവനെ സ്തുതിച്ചു തിരുപ്പതികം പാടി. കുറച്ചുനാൾ സംബന്ധരോടൊപ്പം താമസിച്ചതിനുശേഷം അപ്പർ ചോഴനാട്ടിലേക്കു യാത്രയായി. അവിടെയുള്ള ശിവാലയങ്ങൾ ദർശിക്കുകയായിരുന്നു ലക്ഷ്യം. തിരുനല്ലൂരിൽ വെച്ച് അപ്പരുടെ ശിരസിൽ തന്റെ പത്മപാദങ്ങൾ ചേർത്തുവെച്ച് മഹാദേവൻ അനുഗ്രഹിച്ചു മനസ്സു നിറഞ്ഞ അപ്പർ,

'തനൈന്തനയ തിരുവടി എൻ
തലൈമേൽ വൈത്താർ
നല്ലൂർഎഴും പെരുമാണാർ
നല്ലവാരേ' എന്ന തമിഴ് പാമാലൈ പാടി

ഭഗവാനെ സ്തുതിച്ചു. തിരുവൈയ്യാറ്റിലെത്തിയ അപ്പർക്ക് ശ്രീകൈലാസത്തിൽ അമരുന്ന മഹാകോ

ലത്തിലാണ് മഹാദേവൻ ദർശനം നൽകിയത്. തിരുപ്പുകലൂരിലെത്തിയ അപ്പർ ജ്ഞാനസംബന്ധർ, മുരുകർ, ചിറുത്തൊണ്ടർ, തിരുനീലകണ്ഠർ തുടങ്ങിയ ശിവഭക്തരുമായി സമ്മേളിച്ചു. ശിവമഹിമകൾ പാടിയും ശിവഭക്തിയെക്കുറിച്ചു ചർച്ച ചെയ്തും അവർ ഭക്തജനങ്ങളെ ഉദ്ബുദ്ധരാക്കി. അവിടെനിന്ന് അപ്പരും സംബന്ധരും തിരുവിഴിമിഴലൈ എന്ന ദിക്കിലേക്ക് യാത്രയായി. തിരുവിഴിമിഴലൈ കടുത്ത വരൾച്ചയും ക്ഷാമവും നേരിടുന്ന സന്ദർഭത്തിലാണ് ഇവരുടെ വരവ്! ഇത് ഒരു നല്ല നിമിത്തമായി. ഇവരുടെ വരവിൽ സംപ്രീതനായ മഹാദേവൻ ക്ഷാമം നീക്കി ഗ്രാമഭവാസികൾക്ക് അന്നം നൽകി.വേദാരണ്യം എന്ന സ്ഥലത്ത് ശിവപെരുമാളുടെ ഒരു ക്ഷേത്രമുണ്ടായിരുന്നു. അതിന്റെ പ്രധാന കവാടം വർഷങ്ങളോളം അടഞ്ഞു കിടക്കുകയായിരുന്നു. നടയിൽ നിന്നു മാറി മറ്റൊരു വാതിലുണ്ടായിരുന്നു. ക്ഷേത്രത്തിനകത്തു കയറാനും ഇറങ്ങാനുമെല്ലാം 'ഭക്തജനങ്ങൾ ആ വാതിലാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. അപ്പരും സംബന്ധരും ഒരുനാൾ ഈ ക്ഷേത്രത്തിലെത്തി. പ്രധാനകവാടം അടഞ്ഞുകിടക്കുന്നത് അശുഭമായി തോന്നിയ അപ്പർ ഭക്തിയോടെ ഒരു ശിവസ്തുതി ആലപിച്ചു. അതിന്റെ അന്ത്യത്തിൽ കവാടം താനേ തുറക്കപ്പെട്ടു. അപ്പരും സംബന്ധരും അതുവഴി അകത്തേക്കു കയറി ഭഗവാനെ തൊഴുതു. അപ്പർ ഭാരതത്തിലുടനീളം തീർത്ഥയാത്ര ചെയ്ത് ശിവാലയങ്ങൾ സന്ദർശിച്ചു. ഓരോ ക്ഷേത്രത്തിലെയും പ്രതിഷ്ഠയെ തിരുപ്പതികം പാടി സ്തുതിച്ചു. തിരുത്താണ്ഡകം, കുറൈന്തതിരുനേരിശൈ, തനിത്തിരുനേരിശൈ, പാപനാശപതികം,ആരുയിർ തിരുവിത്തം, ശാർക്കരൈ തിരുവിത്തം,ദശപുരാണത്തടൈവ്, മുതലായവ അപ്പരുടെ ഭക്തിരസനിഷ്യന്ദികളായ തിരുവിത്തങ്ങളാണ്. സംപ്രീതനായ ഭഗവാൻ പ്രത്യക്ഷപ്പെട്ട് പൊന്നും പണവും നൽകി അപ്പരെ അനുഗ്രഹിച്ചു. പൊന്നും പണവും മണ്ണോടു ചേരുമെന്നും ശിവനാമം മാത്രമേ എന്നും നിലനിൽക്കൂ എന്നു പറഞ്ഞുകൊണ്ട് അപ്പർ അവയെല്ലാം ജലത്തിലുപേക്ഷിച്ചു. പ്രലോഭനങ്ങളിലൊന്നും പെടാതെ തികഞ്ഞ ശിവയോഗിയായിത്തീർന്ന അപ്പരെ മഹാദേവൻ വീണ്ടും വീണ്ടും അനുഗ്രഹിച്ചു. പൂംപുകാറിലെ (കാവേരിപൂംപട്ടണം) ശിവാലയത്തിൽ എത്തിച്ചേർന്നതോടെ അപ്പർ തന്റെ തീർത്ഥയാത്രക്കു സമാപനം കുറിച്ചു. ശിവപെരുമാളുടെ അനുഗ്രഹത്താൽ അദ്ദേഹം ഭഗവാന്റെ തൃപ്പാദത്തിൽ ലയിച്ചുവെന്നും തദവസരത്തിൽ ബ്രഹ്മാദിദേവന്മാർ ആകാശത്തുനിന്ന് പുഷ്പങ്ങൾ ചൊരിഞ്ഞുവെന്നും സുന്ദരരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## തിരുനീലനക്ക നായനാർ

ചോഴനാട്ടിലെ ശാന്തമങ്കൈ (ചാത്തമംഗലം) എന്ന ഗ്രാമത്തിൽ മുതൂർ എന്ന ദിക്കിലാണ് തിരുനീലനക്കർ ജനിച്ചത്. ബ്രാഹ്മണകുലത്തിൽ പിറന്നതിനാൽ ചെറുപ്പത്തിൽത്തന്നെ വേദവും പൂജാദികർമ്മങ്ങളുമെല്ലാം വശമാക്കി. ശിവപെരുമാളിൽ ഭക്തിയുറച്ചതോടെ ശിവാലയങ്ങളിൽ പൂജ ചെയ്യുക, നൈവേദ്യം വെക്കുക, ശിവയോഗികൾക്കു സേവനങ്ങൾ ചെയ്തു കൊടുക്കുക, തുടങ്ങിയ കാര്യങ്ങളിലായി ശ്രദ്ധ. ഒരു നാൾ പൂജയെല്ലാം കഴിഞ്ഞ് മണ്ഡപത്തിലിരുന്നു പഞ്ചാക്ഷരം ജപിക്കുമ്പോൾ ശ്രീകോവിലിനകത്ത് ഒരു ചിലന്തിയെ കണ്ടു. എന്താണുണ്ടാവുക എന്നു ചിന്തിക്കുന്നതിനകം ആ പ്രാണി താഴെ ശിവലിംഗത്തിനുമേൽ പതിച്ചു. ഇതുകണ്ട നീലനക്കരുടെ പത്നി ഓടിച്ചെന്ന് ചിലന്തിയെ ഊതിമാറ്റി. ഊതിയപ്പോൾ അവരുടെ വായിനകത്തെ ഉമിനീര് ശിവലിംഗത്തിനുമേൽ തെറിച്ചു വീണു. കുപിതനായ നീലനക്കർ പത്നിയെ ഉപേക്ഷിച്ചു വീട്ടിലേക്കു പോയി. പരമസാധ്വിയായ ആ സ്ത്രീരത്നം വാവിട്ടു നിലവിളിച്ചു. രാത്രി മുഴുവനും ഏകയായി അവർ ക്ഷേത്രത്തിൽ കഴിച്ചുകൂട്ടി. അതിനിടെ നീലനക്കർക്ക് ഭഗവാൻ സ്വപ്നദർശനം നൽകി. താങ്കളുടെ പത്നിയുടെ ഉമിനീർ തെറിച്ചു വീണ സ്ഥലമൊഴികെ നമ്മുടെ വിഗ്രഹമാകെ ചിലന്തിയുടെ ശരീരഭാഗങ്ങൾ വീണ് അശുദ്ധമായിരിക്കുകയാണ, എന്നരുൾ ചെയ്തുകൊണ്ട് ഭഗവാൻ അപ്രത്യക്ഷനായി. ഞെട്ടിയുണർന്ന നീലനക്കർ പശ്ചാത്താപവിവശനായി. ശിവസ്തുതി ചെയ്തുകൊണ്ട് അദ്ദേഹം സ്നാനാദികൾ കഴിച്ച് ക്ഷേത്രത്തിലെത്തി. പത്നിയോടു ക്ഷമായാചനം ചെയ്തു ഭഗവാനെ പൂജിച്ച് നൈവേദ്യം ചെയ്തതിനുശേഷം പത്നിയെയും കൂട്ടി സ്വഗൃഹത്തിലേക്കു മടങ്ങുകയും ചെയ്തു.ഒരിക്കൽ തിരുജ്ഞാനസംബന്ധരും അനുയായികളും നീലനക്കരുടെ ഭവനത്തിലെത്തി. അവരോടൊപ്പം യാഴ്പ്പാണനായനാരുമുണ്ടായിരുന്നു. നീലനക്കർ അതിഥികളെ യഥോചിതം വരവേറ്റു. അവർക്കു ഭോജനവും താമസസൗകര്യവും ഒരുക്കി കൊടുത്തു.തീർത്ഥാടനത്തിനിടെ അവന്തിനഗരത്തിലെത്തിയ സംബന്ധർ അവിടത്തെ ശിവാലയത്തിൽ ദർശനം ചെയ്യുകയും പാമാലൈ ആലപിക്കുകയും ചെയ്തു. ഈ പാമാലൈയിൽ നീലനക്കരുടെ മഹാമനസ്കതയെക്കുറിച്ചും സേവകമനോഭാവത്തെക്കു

റിച്ചും പരാമർശിച്ചു കാണുന്നു.തിരുജ്ഞാനസംബന്ധരെ വീണ്ടും വീണ്ടും കാണണമെന്ന ആഗ്രഹം ജനിച്ച നീലനക്കർ പല ക്ഷേത്രങ്ങളിലും ചെന്ന് സംബന്ധരെ സന്ദർശിച്ചു. ഒരിക്കൽ, സംബന്ധരുടെ അഭ്യർത്ഥനയനുസരിച്ച് തിരുനല്ലൂർ ക്ഷേത്രത്തിലെ തിരുക്കല്ല്യാണോത്സവത്തിനു നേതൃത്വം നൽകിയത് തിരുനീലനക്കരായിരുന്നു. ശിവനേഗതി എന്നു നിനച്ചു ജീവിച്ച അദ്ദേഹം തിരുനല്ലൂരപ്പന്റെ തൃപ്പാദത്തിൽത്തന്നെ ലയിച്ചുചേർന്നു എന്ന് സുന്ദരരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## തിരുനീലകണ്ഠയാഴ്പാണർ

നടുനാട്ടിലെ തിരുവെരുക്കത്തം പുലിയൂർ എന്ന ഗ്രാമത്തിലാണ് തിരുനീലകണ്ഠർ ജനിച്ചത്. പാണർ കുലത്തിൽപ്പെട്ട അദ്ദേഹം ബാല്യം മുതൽക്കേ ശിവപെരുമാളിൽ അചഞ്ചലമായ ഭക്തിയുള്ളയാളായിരുന്നു. സദാ യാഴ് (ഒരു സംഗീതോപകരണം) മീട്ടി ശിവസ്തുതികളാലപിച്ചു പോന്നതിനാൽ ജനങ്ങൾ അദ്ദേഹത്തെ യാഴ്പാണർ എന്നു വിളിക്കാൻ തുടങ്ങി. പാണരുടെ പത്നിയായ മതംഗചൂഡാമണിയും നല്ലൊരു ഗായികയായിരുന്നു. പാണരുടെ യാഴും മതംഗചൂഡാമണിയുടെ മധുരശാരീരവും ചേർന്ന് കേൾവിക്കാരിൽ ഭക്തിയുടെ അനുഭൂതിയുണർത്തിപ്പോന്നു. ഒരിക്കൽ പാണർ ഒരു തീർത്ഥാടനത്തിനു പുറപ്പെട്ടു. ജാതിയിൽ പാണനായതിനാൽ ക്ഷേത്രങ്ങളുടെ പുറത്തുനിന്നുകൊണ്ടാണ് അദ്ദേഹം എല്ലായിടത്തും ദർശനം ചെയ്തത്. മധുരയിലെ തിരുആലവായ് ക്ഷേത്രത്തിലെത്തിയപ്പോൾ അദ്ദേഹത്തിന് പ്രതിഷ്ഠയെ അടുത്തു നിന്നു കാണാനാവാത്തതിൽ നിരാശ തോന്നി. ഗോപുരവാതിൽക്കൽ നിന്നു യാഴ്മീട്ടി അദ്ദേഹം ഒരു ശിവസ്തുതി ആലപിച്ചു. രാത്രി ക്ഷേത്രത്തിനു പുറത്ത് ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങി. അദ്ദേഹം കുറെയേറെ ദിവസം അവിടെത്തങ്ങാനുറച്ചു. നിത്യവും പൂജാവേളകളിൽ ഗോപുരവാതിക്കൽ നിലയുറപ്പിച്ച് യാഴ്മീട്ടി ശിവസ്തുതികൾ പാടുന്ന പാണരെ എല്ലാവരും അവഗണിച്ചു. പക്ഷേ ഭഗവാൻ പാണരുടെ പാട്ടുകൾ ശരിക്കും ആസ്വദിച്ചു. ഒരുനാൾ രാത്രി അവിടുന്ന് ക്ഷേത്രത്തിലെ ഊരാളന്മാരായ ബ്രാഹ്മണർക്ക് സ്വപ്നദർശനം നൽകി. നമ്മുടെ ഗോപുരത്തിങ്കൽ നിന്നു യാഴ്മീട്ടിപ്പാടുന്ന പാണരിൽ നാം അങ്ങേയറ്റം സംപ്രീതനായിരിക്കുന്നു. അദ്ദേഹത്തെ നാളെത്തന്നെ നമ്മുടെ സോപാനത്തിലെത്തിക്കുക! എന്നൊരു കൽപ്പനയുംനൽകി. ഇതു ശിവപെരുമാളുടെ കൽപ്പന തന്നെ എന്നു ബോദ്ധ്യം വന്ന ബ്രാഹ്മണർ പിറ്റേന്നു രാവിലെത്തന്നെ പാണരെ ആദരപൂർവ്വം ക്ഷേത്രത്തിനകത്തേക്ക് ആനയിച്ചു. പാണർ ആനന്ദക്കണ്ണീരൊഴുക്കി. ശിവപെരുമാളെ വണങ്ങിയശേഷം പാണർ യാഴ്മീട്ടി പാടാൻ തുടങ്ങി. ഭഗവാന്റെ ലീലകളൊന്നൊന്നായി അദ്ദേഹം വർണ്ണിച്ചു പാടി.

അപ്പോൾ ക്ഷേത്രത്തിനകത്ത് ഒരു അശരീരി മുഴങ്ങി. നീലകണ്ഠരുടെ യാഴ് തറയിൽ സ്പർശിയ്ക്കുന്നുണ്ട്. തറയിൽ ഈർപ്പമുള്ളതിനാൽ യാഴിനു കേടുപറ്റിയേക്കാം. അതിനാൽ അദ്ദേഹത്തിന് ഒരു പലകയിട്ടു കൊടുക്കുക! എന്നായിരുന്നു അശരീരി കൽപ്പിച്ചത്. ഇതുകേട്ടതും ബ്രാഹ്മണർ ഭണ്ഡാരപ്പുരയിൽ നിന്ന് ഒരു പൊൻപലകയെടുത്ത് സോപാനത്തിനു മുന്നിലിട്ടു. പാണർ പൊൻപലകമേലിരുന്നുകൊണ്ട് യാഴ്മീട്ടി ശുദ്ധതമിഴിൽ ശിവസ്തുതികളാലപിച്ചു. ക്ഷേത്രത്തിലുണ്ടായിരുന്നവരെല്ലാം ഭക്തിയിലാറാടി. മധുരൈയിൽ നിന്നു പുറപ്പെട്ട യാഴ്പാണർ നേരെ തിരുവാരൂരിലെത്തി. ക്ഷേത്രത്തിനു പുറത്തുനിന്നുകൊണ്ട് അദ്ദേഹം സംഗീതാർച്ചന ചെയ്തു. സംപ്രീതനായ ഭഗവാൻ ശ്രീകോവിലിന്റെ ഒരു ഭാഗത്ത് മറ്റൊരു വാതിൽ സൃഷ്ടിച്ചു. പാണർ കൺകുളിർക്കെ വന്മീകനാഥനെ കണ്ടുതൊഴുതു. അവിടെനിന്നു പുറപ്പെട്ട അദ്ദേഹം ദീർഘമായ ഒരു ക്ഷേത്രാടനത്തിനുശേഷം ശീർക്കാഴിയിലെത്തി. അവിടെ തിരുത്തോണിയപ്പരുടെ സന്നിധിയിൽ ഭജനമിരുന്നിരുന്ന തിരുജ്ഞാനസംബന്ധർ വിവരമറിഞ്ഞു. പാണരെക്കാണാൻ അദ്ദേഹം ക്ഷേത്രകവാടത്തിലെത്തി. താനേറെക്കാലമായി കാണാൻ കൊതിച്ചിരുന്ന സംബന്ധരെ തൊട്ടുമുമ്പിൽ കണ്ട പാണർ ആനന്ദബാഷ്പം പൊഴിച്ചു. സംബന്ധർ പാണരെ ക്ഷേത്രത്തിനകത്തേക്കാനയിച്ചു. അദ്ദേഹം മണ്ഡപത്തിലിരുന്നു തിരുപ്പതികം പാടി. പാണർ യാഴിൽ അകമ്പടി സേവിച്ചു. കേട്ടുനിന്നവർ പുളകമണിഞ്ഞു.സംബന്ധരും പാണരും കുറച്ചുനാൾ ഒന്നിച്ചു പാർത്തു. നിത്യവും അവർ ഒരുമിച്ച് വന്മീകനാഥന്റെ സന്നിധാനത്തിൽ സംഗീതാർച്ചന ചെയ്തുപോന്നു.തിരുനല്ലൂർ പെരുമണം ക്ഷേത്രത്തിൽവെച്ച് ജ്ഞാനസംബന്ധ രോടൊപ്പം തിരുനീലകണ്ഠയാഴ്പാണർ ശിവജ്യോതിയിൽ ലയിച്ചു എന്ന് സുന്ദരമൂർത്തി നായനാരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കാണാം.

## വായിലാർ നായനാർ

തൊണ്ടൈനാട്ടിൽ തിരുമൈലാപ്പൂർ എന്ന ഗ്രാമത്തിലാണ് വായിലാർ ജനിച്ചത്. ഉന്നതകുല ജാതനായിരുന്നതിനാൽ വേദാഭ്യാസവും മറ്റും വി

ധിയാംവണ്ണം നടന്നു. ഓർമ്മവെച്ചനാൾ മുതൽ ശിവപെരുമാളേ ശരണം എന്ന ചിന്തയോടെയാണ് അദ്ദേഹം ജീവിച്ചത്. അന്തരംഗത്തെ ക്ഷേത്രമാക്കി ഭഗവാന്റെ അർദ്ധനാരീശ്വര രൂപത്തെ അതിനുള്ളിൽ പ്രതിഷ്ഠിച്ചതിനുശേഷം വിളക്കോ പൂവോ ഇല്ലാതെ ആരാധിച്ചു പോന്നു. മനസുകൊണ്ട് ഭഗവാനെ ചന്ദനം, ഭസ്മം, കുങ്കുമം എന്നിവയാൽ അഭിഷേകം ചെയ്തു. സ്നേഹമായിരുന്നു നൈവേദ്യം.നിത്യവും ഇപ്രകാരം ജ്ഞാനപ്പൂജ നടത്തിപ്പോന്ന വായിലാർ ശിവയോഗികളെയും ഉപചരിച്ചു. സുദീർഘമായ ജീവിതം നയിച്ചതിനുശേഷം വായിലാർ നായനാർ കൈലാസം പൂകി എന്ന് സുന്ദരമൂർത്തി നായനാർ തന്റെ തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിരിക്കുന്നു.

## വിറൻമിണ്ട നായനാർ

മലൈനാട്ടിലെ (കേരളം) ചെങ്ങന്നൂർ ഗ്രാമത്തിൽ വേളാളർ കുലത്തിൽ ജനിച്ച വിറൻമിണ്ട നായനാർ ശിവപെരുമാളിൽ അഗാധമായ ഭക്തിയുള്ളയാളായിരുന്നു. ശിവാലയങ്ങളിൽ ദർശനം നടത്തുകയും ശിവഭക്തരുമായി സംവദിക്കുകയും അദ്ദേഹത്തിന്റെ ശീലമായിരുന്നു. ശിവപുരാണകഥകൾ പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധവെച്ചു. തീർത്ഥാടനത്തിനിടെ തിരുവാരൂരിലെത്തിയപ്പോൾ ത്യാഗരാജ പെരുമാളെ ഭജിച്ചുകൊണ്ട് കുറെനാൾ അവിടെ പ്പാർത്തു. ഒരു ദിവസം നമ്പിയാരൂരാൻ എന്ന സുന്ദരമൂർത്തി നായനാർ അതുവഴി വന്നു. ശിവയോഗികളുടെ സംഘത്തെ ശ്രദ്ധിക്കാതെ അദ്ദേഹം ത്യാഗരാജ പെരുമാളുടെ സന്നിധിയിലേക്കു നടന്നു. വിറൻമിണ്ട നായനാർ രോഷം പൂണ്ടു.ഉടൻ സുന്ദരമൂർത്തി നായനാർ തില്ലൈയിൽ വസിക്കുന്ന ശിവപെരുമാൾക്കും അവിടുത്തെ സേവകർക്കും താൻ ദാസനാണ് എന്നർത്ഥം വരുന്ന ഒരു കൃതി രചിച്ചു പാടി. വിരൻമിണ്ട നായനാർ അതോടെ ശാന്തനായി. ഇനി മുതൽ താൻ ആരൂരാന്റെയും ആണ്ടവന്റെയും (ശിവൻ) സേവകനാണ് എന്നർത്ഥം വരുന്ന ഒരു കൃതിയും രചിച്ചു പാടി. ചുറ്റും കൂടിയിരുന്ന ശിവയോഗികൾ സുന്ദരമൂർത്തി നായനാരെയും വിരൻമിണ്ടനായനാരെയും വണങ്ങി.

സംഗീതത്തിലൂടെ ശിവഭക്തി പ്രചരിപ്പിച്ചും ലോകക്ഷേമത്തിൽ ശ്രദ്ധ ചെലുത്തിയും ശിവസേവകനായി ജീവിച്ച വിരൻമിണ്ടനായനാർ സുദീർഘമായ ഒരു ജീവിതം നയിച്ചശേഷം കൈലാസം പൂകി എന്ന് സുന്ദരമൂർത്തി നായനാരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## തിരുനാളൈപോവാർ നായനാർ

ചോഴനാട്ടിലെ ആതനൂർ എന്ന ഗ്രാമത്തിൽ നന്തനാർ എന്നൊരു പുലയൻ ഉണ്ടായിരുന്നു. ഭഗവാൻ പരമേശ്വരനിൽ അചഞ്ചലമായ ഭക്തിയുള്ള ആളായിരുന്നു നന്തനാർ. ചെറിയൊരു കൃഷിഭൂമിയിൽ നിന്നു കിട്ടുന്ന വരുമാനം കൊണ്ട് അദ്ദേഹം സംതൃപ്തമായ ജീവിതം നയിച്ചുപോന്നു. തന്റെ ജീവിതം നിലനിൽക്കുന്നതു തന്നെ ശിവപെരുമാളിന്റെ കാരുണ്യം മൂലമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ക്ഷേത്രവാദ്യങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ മൃഗത്തോൽ ശേഖരിച്ചു സംസ്കരിക്കുന്നത് നന്തനാരെ സംബന്ധിച്ചിടത്തോളം ഒരു നിഷ്ഠയായിരുന്നു. സദാ ശിവപഞ്ചാക്ഷരം ജപിച്ചിരുന്നെങ്കിലും കീഴാളനായതിനാൽ അദ്ദേഹം ക്ഷേത്രത്തിനകത്തേക്ക് പ്രവേശിച്ചിരുന്നില്ല.

ഒരിക്കൽ അദ്ദേഹം തിരുപ്പുൻ നഗരത്തിലുള്ള ശിവക്ഷേത്രത്തിലെത്തി. ഭഗവാനു സേവ ചെയ്യുന്നതിനു മുമ്പായി ക്ഷേത്രത്തിനു മുമ്പിൽ നിന്നുകൊണ്ട് ഒരു ശിവസ്തുതി ആലപിച്ചു. അപ്പോൾ മനസിനകത്ത് ഭഗവാനെ ഒന്നു കാണുക എന്ന ഉൽക്കടമായ ആഗ്രഹം ജനിച്ചു. ഭക്തന്റെ മനസു കണ്ട ശിവപെരുമാൾ സന്നിധിയിൽ കാഴ്ചമുടക്കി നിൽക്കുന്ന നന്ദിയോട് അൽപ്പം മാറിനിൽക്കാൻ കൽപ്പിച്ചു. നന്ദി ഉടൻ തന്നെ ഒരു വശത്തേക്കു മാറിനിന്നു. അപ്പോൾ നന്തനാർക്ക് ശ്രീകോവിലിനകത്തെ വിഗ്രഹത്തെ നല്ലപോലെ ദർശിക്കാനായി. ഭക്തിയുടെ പാരമ്യതയിൽ അദ്ദേഹം ഭഗവാനെ സാഷ്ടാംഗപ്രണാമം ചെയ്തു. ക്ഷേത്രത്തിൽനിന്നൽപ്പം മാറി ഒരു ചെറിയ പൊയ്കയുണ്ടായിരുന്നു. നന്തനാർ തന്റെ തൂമ്പ കൊണ്ടു അതു വെട്ടി വലുതാക്കി. തൽഫലമായി പൊയ്ക വലിയ ഒരു കുളമായി രൂപാന്തരപ്പെടുകയും ശിവഭക്തർക്കു സ്നാനത്തിനും മറ്റും ഉപകരിക്കുകയും ചെയ്തു. നന്തനാർ ദീർഘമായ ഒരു തീർത്ഥാടനത്തിലേർപ്പെട്ടു. അനവധി ശിവാലയങ്ങൾ ദർശിച്ചു. അതിനിടെ തില്ലൈ ചിദംബരനാഥനെ കണ്ടു തൊഴണം എന്ന ആഗ്രഹമുണ്ടായി. പക്ഷെ അവിടെ എത്തിപ്പെട്ടാലും അകത്തു കയറി ഭഗവാനെ നമസ്കരിക്കാൻ സാധിക്കില്ല. എങ്കിൽപ്പിന്നെ ഇന്നുവേണ്ട, നാളെപ്പോവാം എന്നായി ചിന്ത. പിറ്റേന്നും അതിന്റെ പിറ്റേന്നും ചിന്തക്കു മാറ്റമുണ്ടായില്ല. ഇപ്രകാരം നാളെയാവട്ടെ, നാളെയാവട്ടെ എന്നു പറഞ്ഞു നടന്നതിനാൽ നന്തനാരെ മറ്റുള്ളവർ, 'തിരുനാളൈപോവാർ നായനാർ' എന്നു

വിളിക്കാൻ തുടങ്ങി. പക്ഷെ ഒരുനാൾ അദ്ദേഹം തില്ലെക്ഷേത്രത്തിൽ പോവുക തന്നെ ചെയ്തു. മതിൽക്കെട്ടിനു പുറത്തുനിന്ന് ഭഗവാനെ പാടിപ്പു കഴ്ത്തിയതിനുശേഷം പഞ്ചാക്ഷരീമന്ത്രം ജപിച്ചു കൊണ്ട് ക്ഷേത്രപ്രദക്ഷിണം തുടങ്ങി. അനവധി തവണ ക്ഷേത്രത്തെ വലംവെച്ചു കഴിഞ്ഞപ്പോഴേക്കും അവശനായി. ക്ഷീണംമൂലം അദ്ദേഹം ഒരു വശത്തേക്കുമാറിക്കിടന്നു. 'കഷ്ടം ഒരു കീഴാളനായി ജനിച്ചതുകൊണ്ടല്ലേ അടിയന് അമ്പലത്തിൽ കയറാൻ കഴിയാത്തത്. ശിവപെരുമാൾ അടിയന്റെ ദു:ഖം അറിയുന്നുണ്ടാവുമോ' എന്നെല്ലാം ചിന്തിച്ചും ശിവനാമം ജപിച്ചും നന്തനാർ ഉറക്കത്തിലേക്കു വഴുതിവീണു. സ്വപ്നത്തിൽ ഭഗവാൻ നന്തനാർക്കു ദർശനം നൽകി. 'ജന്മദോഷമെല്ലാം നീങ്ങിയിരിക്കുന്നു. വേദജ്ഞരായ ബ്രാഹ്മണരെപ്പോലെ അങ്ങക്കും ക്ഷേത്രപ്രവേശം സുസാദ്ധ്യമാണ്. അതിനുവേണ്ടി അങ്ങ് അഗ്നിപ്രവേശത്തിലൂടെ സ്വയം ശുദ്ധിവരുത്തണമെന്നു മാത്രം!' എന്നു ഭഗവാൻ കൽപ്പച്ചു. ഉറക്കമുണർന്ന നന്തനാർക്ക് ഇത് ഭഗവാന്റെ കൽപ്പന തന്നെ എന്നു ബോദ്ധ്യമായി. അദ്ദേഹം ക്ഷേത്രത്തിലെ വൈദിക ബ്രാഹ്മണരോട് വിവരം പറഞ്ഞു. പിറ്റേന്ന് അവർ ആഴികൂട്ടി. ചുകന്ന തീനാളങ്ങൾ ആളിക്കത്തി. തില്ലെ ഗ്രാമനിവാസികളായ മൂവായിരത്തോളം ബ്രാഹ്മണർ നന്തനാരുടെ അഗ്നിപ്രവേശം കാണാനെത്തി. കുളിച്ചീറനുടുത്തു വന്ന നന്തനാർ കൈകൂപ്പി പഞ്ചാക്ഷരം ജപിച്ചുകൊണ്ട് ആഴിയിൽ പ്രവേശിക്കാൻ തുടങ്ങി. പൊടുന്നനെ ബ്രഹ്മോപവീതവും കൃഷ്ണാജിനവും ധരിച്ച ഒരു ബ്രഹ്മചാരി പ്രത്യക്ഷപ്പെട്ട് നന്തനാരെ പിടിച്ചു മാറ്റി. 'മതി! അങ്ങയുടെ ജന്മദോഷം നീങ്ങിയിരിക്കുന്നു!' എന്നരുൾ ചെയ്തുകൊണ്ട് ബ്രഹ്മചാരി അപ്രത്യക്ഷനായി. ആഴിക്കു ചുറ്റും തടിച്ചുകൂടിയിരുന്ന വൈദികശ്രേഷ്ഠൻമാർ 'നമശിവായ' ജപിച്ചുകൊണ്ട് നന്തനാരെ തൊഴുതു വണങ്ങി. ഭക്തിയുടെ പാരമ്യതയിൽ ആവേശംകൊണ്ട നന്തനാർ ക്ഷേത്രപ്രദക്ഷിണം ചെയ്ത് പൊന്നമ്പലത്തിനകത്തേക്കു പ്രവേശിച്ചു. കൂത്തുപെരുമാൾ (നടരാജൻ) ഭക്തനെ അരികിലേക്കു കൈമാടി വിളിച്ചു. ശങ്കയെന്യേ ശ്രീകോവിനകത്തേക്കു കടന്ന നന്തനാർ ഭഗവാന്റെ വിഗ്രഹത്തിൽ ലയിച്ചുചേർന്നു. തീയിൽ കുളിച്ചു ശുദ്ധിവരുത്താൻ തുനിഞ്ഞ് ശിവപാദത്തിൽ ലയിച്ചു ചേർന്ന തിരുനാളൈപോവാർ നായനാരെക്കുറിച്ച് സുന്ദരമൂർത്തിനായനാർ ഭക്തിയോടെ തന്റെ തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു●

**(9-ാം പേജിൽ നിന്ന് തുടർച്ച)**

വും വടക്കും, കിഴക്കും അടഞ്ഞും പോകുന്നു. ഈശാനത്തിൽ മതിൽ കെട്ടുമ്പോൾ വളച്ചു കെട്ടരുത്. എത്ര വാസ്തു നോക്കി വീടു പണിതാലും വടക്കും, കിഴക്കുമുള്ള റോഡ് ഉയർന്നിരുന്നാൽ യാതൊരു വിധ വളർച്ചയുമുണ്ടാകില്ല. ഈശാനത്തിൽ വടക്കു നിന്നോ കിഴക്കു നിന്നോ റോഡു വന്നു മുട്ടുന്നത് വളരെ നല്ലതാണ്. വീടു പണിയാൻ പോകുന്നവരും, വീടു പണിഞ്ഞു താമസിക്കുന്നവരും ഈശാനമൂല വളരെ ശ്രദ്ധിക്കണം●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

# അറിയിപ്പ്

**സെപ്റ്റംബർ 30-ാം തീയതി വിജയദശമി ദിവസം രാവിലെ 9 മുതൽ ലളിത സഹസ്രനാമാർച്ചന ഉണ്ടായിരിക്കുന്നതാണ്. എല്ലാ കരയോഗാംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

ക്ഷേത്രങ്ങളിലൂടെ

# ഉളിയന്നൂർ മഹാദേവക്ഷേത്രം

ഇന്ദിരാഭായി (ഫോൺ: 9947998674)

പഴയോര ഗ്രാമമായ ഉളിയന്നൂരിലെ അതിപുരാതനമായ ഒരു മഹാദേവ ക്ഷേത്രമാണ് തഷ്ടം ശിവക്ഷേത്ര മെന്നറിയപ്പെട്ടിരുന്ന ഉളിയന്നൂർ മഹാദേവക്ഷേത്രം. പരശുരാമപ്രതിഷ്ഠിതമായ 108 ശിവക്ഷേത്രങ്ങളിലൊ ന്നാണ് തഷ്ടയിൽ ശിവക്ഷേത്രം. കേരളീയ വാസ്തു ശില്പകലകളുടെ ആചാര്യനായ പെരുന്തച്ചന്റെ ജന് മദേശമായ ഉളിയന്നൂർ ഗ്രാമത്തിലാണ് ഉളിയന്നൂർ മഹാദേവക്ഷേത്രം സ്ഥിതിചെയ്യുന്നത്. എറണാകുളം ജില്ല യിൽ ആലുവ പുഴയു ടെ തീരത്തെ പ്രകൃതി രമണീയമായ ഒരു ദ്വീ പാണ് ഉളിയന്നൂർ. വി ക്രമാദിത്യചക്രവർത്തി യുടെ രാജസദസ്സിലെ നവരത്നങ്ങൾ എന്ന റിയപ്പെട്ടിരുന്ന പണ്ഡി തന്മാരിൽ ഒരാളായി രുന്നു വരരുചി എന്ന ബ്രാഹ്മണശ്രേഷ്ഠൻ. വിധിവൈഭവത്താൽ അദ്ദേഹ ത്തിന് പറയിയിൽ പിറന്ന 12 മക്കളിൽ ഒരാളായിരുന്നു പെരുന്തച്ചൻ. പറയിപെറ്റ പന്തിരുകുലമെന്നറിയപ്പെട്ട പന്തിരു കുലത്തിലെ പ്രഗത്ഭനായ തച്ചു ശാസ്ത്രവി ദഗ്ദ്ധനായിരുന്നു പെരുന്തച്ചൻ. 12 മക്കളും വളരെ ദിവ്യത്വമുള്ളവരുമായിരുന്നു. പന്തിരു കുലത്തിലെ മൂന്നാമനായ ആൺകുട്ടിയെ ഉളിയന്നൂരിലുള്ള ഒരു ആശാരി കുടുംബമാണ് എടുത്തു വളർത്തിയത്. തന്നെ എടുത്തു വളർത്തിയ കുടുംബത്തിന്റെ കുല ത്തൊഴിലിൽ പ്രാവിണ്യം നേടുന്നതിന് അദ്ദേഹത്തി നു സാധിക്കുകയും ചെയ്തു. വാസ്തുവിദ്യയിലും ആരൂഢകണക്കുകളിലും അഗാധപാണ്ഡിത്യം നേ ടിയ ആളായിരുന്നു പെരുന്തച്ചൻ. അദ്ദേഹം തന്റെ ഈറ്റില്ലമായ ഉളിയന്നൂരിനെ വളരെ സ്നേഹിച്ചിരു ന്നു. നാട്ടിലൊക്കെ പ്രസിദ്ധനായപ്പോഴും തന്റെ പേര് ഉളിയന്നൂർ പെരുന്തച്ചൻ എന്നു നിലനിർത്തുന്നതിൽ അദ്ദേഹം പ്രത്യേകം താല്പര്യം കാണിച്ചിരുന്നു.



പെരുന്തച്ചനെ കേരളീയ വാസ്തു കലകളുടെ ആചാ ര്യനായാണ് കണക്കാക്കുന്നത്. ആലുവപുഴ തൊട്ടു തലോടി പ്രകൃതി രമണീയമാക്കിയ ഉളിയന്നൂരിൽ പെരുന്തച്ചന്റെ കരവിരുതിന്റെ ഉത്തമ ഉദാഹരണമാ യി ഉളിയന്നൂർ മഹാദേവക്ഷേത്രം നിലക്കൊള്ളുന്നു. പ്രൗഢിയും ഗാംഭീര്യവും വിളിച്ചോതുന്ന 42 മീറ്റർ ചു റ്റളവുള്ള വട്ടശ്രീകൊവിലിൽ പെരിയാറിനഭിമുഖമായി കിഴക്കോട്ടു ദർശനമായി മഹാദേവൻ പരിലസിക്കു ന്നു. ഇത്രയും വലിയ ശ്രീകോവിലുള്ള ക്ഷേ ത്രങ്ങൾ കേരളത്തിൽ വിരളമാണ്. പിൻവശ ത്ത് പടിഞ്ഞാട്ട് ദർശന മായി പാർവ്വതിദേവിയും വിരാജിക്കുന്നു. പാർവ്വ തീദേവിയുടെ വിഗ്രഹം പെരുന്തച്ചന്റെ കലാ വൈഭവത്തെ എടുത്തു കാട്ടുന്ന വിധത്തിലാണ്. മനോഹരമായ ദേവീവി ഗ്രഹം പൂജാവേളകളിൽ വിവിധ ഭാവങ്ങളോടെ ഭക്തജനങ്ങളുടെ മനസ്സിലും വിളങ്ങുന്നു. ക്ഷേത്രനിർമ്മാണശൈലിയിലെ തന്റെ കഴിവുകളെ അങ്ങേയറ്റം പ്രകടമാക്കും വിധമാണ് പെരുന്തച്ചൻ ഈ ക്ഷേത്രത്തിന്റെ പണികൾ നടത്തി യിട്ടുള്ളത്. ഉളിയന്നൂർ മഹാദേവക്ഷേത്ര നിർമ്മാണ ത്തിനു ശേഷം ഉളിയന്നൂരപ്പന്റെ അനുഗ്രഹത്താലാ ണ് ഉളിയന്നൂർ തച്ചൻ സാക്ഷാൽ പെരുന്തച്ചനായി അറിയപ്പെട്ടത് എന്നു വിശ്വസിക്കുന്നു. 42 മീറ്റർ ചു റ്റളവുള്ള വട്ടശ്രീകോവിൽ നാലുവേദങ്ങളേയും 64 കലകളേയും സൂചിപ്പിക്കുന്ന 68 കഴുക്കോലുകൾ കൂടം താങ്ങി നിർത്തുന്നു. ക്ഷേത്രശ്രീകോവിലി ലേക്കു കയറുമ്പോൾ തലമുട്ടും എന്നു തോന്നും വിധമാണ് ശ്രീകോവിലിന്റെ വാതിൽ നിർമ്മിച്ചിരി ക്കുന്നത്. പതിവായി കയറുകയും ഇറങ്ങുകയും ചെയ്യുന്നവർക്ക് തലമുട്ടുകയുമില്ല. തല മുട്ടുമോ എന്നു സംശയിച്ചു നിന്നാൽ തല മുട്ടുകയും ചെ യ്യും. അത്തരത്തിലുള്ള നിർമ്മാണവൈദഗ്ദ്ധ്യമാണ്

പെരുന്തച്ചൻ ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നത്. പടിഞ്ഞാട്ട് ദർശനമായി നന്ദികേശനും ഉപദേവതയായി അന്നപൂർണ്ണേശ്വരിയേയും കാണാം. പെരുന്തച്ചൻ ഭക്തിപൂർവ്വം തന്റെ കരവിരുതുകളെ പ്രകടമാക്കിയിരിക്കുന്നതും വിശാലമായ സ്ഥലത്തു സ്ഥിതി ചെയ്യുന്നതുമായ ഈ ക്ഷേത്രത്തിൽ ഉയരമുള്ള കൊടിമരവും കിഴക്കും പടിഞ്ഞാറും രണ്ടു പ്രവേശന കവാടങ്ങളുമുണ്ട്. സാമാന്യം നല്ല ഉയരത്തിലാണ് ശിവലിംഗ പ്രതിഷ്ഠ കാണപ്പെടുന്നത്. സാധാരണ ശിവക്ഷേത്രങ്ങളിലേതുപോലെ ധാരയും വില്വാർച്ചനയും മറ്റു വഴിപാടുകളും ഇവിടെയും പ്രധാനമാണ്. ചിങ്ങമാസത്തിലെ നിറപുത്തരി ഇവിടെ വളരെ വിശേഷമാണ്. പുന്നെല്ലിന്റെ അരികൊണ്ട് പായസമുണ്ടാക്കി വളരെയധികം ഔഷധഗുണമുള്ള ഉഷിഞ്ഞ വള്ളി കെട്ടി അലങ്കരിച്ച് ദേവനു സമർപ്പിക്കുന്നതാണ് പുത്തരി നിവേദ്യം. വിനായകചതുർത്ഥി ദിവസം ഇവിടെ ഉദയാസ്തമന അപ്പം നിവേദ്യം ഉണ്ട്. രാവിലെ ഉദയത്തിന് അപ്പം ഉണ്ടാക്കുവാൻ തുടങ്ങിയാൽ വൈകിട്ട് അസ്തമനശേഷം അപ്പമുണ്ടാക്കൽ നിർത്തുന്നു. വിദ്യാരംഭവും പ്രധാനമാണ്. വൃശ്ചികമാസത്തിലെ അഷ്ടമി ശ്രീമഹാദേവക്ഷേത്രത്തിലും മാടത്തിലപ്പൻ ക്ഷേത്രത്തിലും ആഘോഷിക്കുന്നു. മകരമാസത്തിലെ തിരുവാതിര ആറാട്ടായി വരത്തക്കവിധം പത്തു ദിവസമാണ് ഇവിടെ ഉത്സവം. ശിവരാത്രിയും വിഷുവും ധനുമാസത്തിലെ തിരുവാതിരയും പ്രാധാന്യത്തോടും നിഷ്ഠയോടും കൂടി ആചരിച്ചു പോരുന്നുണ്ട്.

ഉളിയന്നൂർ പ്രസിദ്ധമായ ഒരു നമ്പൂതിരി ഗ്രാമമായിരുന്നു. ഇവിടെ പരശുരാമൻ തന്റെ തപശ്ശക്തിയാൽ പുണ്യഭൂമിയാക്കി പ്രതിഷ്ഠ നടത്തിയ ക്ഷേത്രമാണ് മാടത്തിലപ്പൻക്ഷേത്രം. വളരെ സമ്പൽസമൃദ്ധമായ ക്ഷേത്രമായിരുന്നു മാടത്തിലപ്പൻ ക്ഷേത്രം. ഭട്ടതിരിമാരുടെ മേൽനോട്ടത്തിലായിരുന്ന ഈ ക്ഷേത്രത്തിന്റെ കാര്യങ്ങൾ ആരും ശ്രദ്ധിക്കാതെ വന്നപ്പോൾ നമ്പൂതിരിമാർ ക്ഷേത്രകാര്യങ്ങളുടെ മേൽനോട്ടം ഏറ്റെടുത്തു. എന്നാൽ ഊരാഴ്മയെ ച്ചൊല്ലിയുള്ള തർക്കം മൂത്തപ്പോൾ നമ്പൂതിരിമാർ ക്ഷേത്രച്ചുമതല വിട്ട് പുതിയ ക്ഷേത്രം പണിയുന്നതിനെക്കുറിച്ചാലോചിച്ചു. നല്ല ധനശ്ശേഷിയും പ്രൗഢിയും അപ്പോഴും മാടത്തിലപ്പൻ ക്ഷേത്രത്തിനുണ്ടായിരുന്നു. പരശുരാമപ്രതിഷ്ഠിതമായ അപൂർവ്വ കുങ്കുമശിലയിലെ ലിംഗപ്രതിഷ്ഠയാണ് മാടത്തിലപ്പന്റേത്. കാലക്രമത്തിൽ മാറ്റങ്ങൾ സംഭവിച്ചപ്പോൾ പുഴയുടെ ഒഴുക്ക് മാടത്തിലപ്പന്റെ നടപ്പുരയ്ക്കു മുമ്പിലുള്ള പടി വാതിക്കൽ കൂടിയായി. ഒരു നാൾ പുഴ കടന്നു വന്ന കൊള്ളക്കാർ ക്ഷേത്രത്തിരുമുറ്റത്തു കടന്ന് ചുറ്റമ്പലത്തിനു തീയിട്ടു. പെട്ടെന്ന് പുഴയിൽ ഒരു ഗർത്തം രൂപം കൊള്ളുകയും ബലിക്കല്ലിനു മുന്നിലെ സ്വർണ്ണക്കൊടിമരം പുഴയിലേക്കു മറിഞ്ഞു വീഴുകയും ചെയ്തു. കാലക്രമത്തിൽ പുഴയിലെ ഗർത്തം മറഞ്ഞുപോയി. അമ്പലം കത്തി നശിച്ചെങ്കിലും മാടത്തിലപ്പന്റെ അപൂർവ്വ കുങ്കുമ ശിലയിലെ ശിവലിംഗപ്രതിഷ്ഠ ഇന്നും ഒരു കേടുപാടുമില്ലാതെ നിലനില്ക്കുന്നു. തകർന്ന ക്ഷേത്രത്തിന്റെ ബാക്കി ഭാഗങ്ങളും 12 അടിയോളം ഉയർന്നു നില്ക്കുന്ന ശ്രീകോവിലിന്റെ ബാക്കി ഭാഗങ്ങളും ശ്രീകോവിലിലെ ശിവലിംഗപ്രതിഷ്ഠയും തെക്കു ഭാഗത്തുള്ള സ്വയംഭൂ ഗണപതിപ്രതിഷ്ഠയും കണ്ടു തൊഴുതു നില്ക്കുമ്പോൾ പഴയകാലക്ഷേത്രത്തിന്റെ പ്രൗഢിയുടെ ഒരു ചെറിയ നിഴൽ നമ്മുടെ മനസ്സിലേക്കെത്തും. മാടത്തിലപ്പനേയും സ്വയംഭൂ ഗണപതിയേയും തൊഴുതശേഷമാണ് ഉളിയന്നൂരപ്പനെ ദർശിക്കേണ്ടത്. മാടത്തിലപ്പൻ ക്ഷേത്രത്തിന്റെ ഊരാഴ്മയെക്കുറിച്ചുള്ള തർക്കം ഉളിയന്നൂർ മഹാദേവക്ഷേത്ര നിർമ്മാണത്തിന് ഒരു നിമിത്തമായി എന്നു കരുതുന്നു. ക്ഷേത്ര നിർമ്മാണക്കാര്യം നമ്പൂതിരിമാർ തിരുമാനിക്കുകയും പെരുന്തച്ചനെ ക്ഷേത്രനിർമ്മാണച്ചുമതല ഏല്പിക്കുകയും ചെയ്തു. ക്ഷേത്രനിർമ്മാണ സമയത്ത് മേൽക്കൂരയിൽ കഴുക്കോലുകൾ ബന്ധിപ്പിക്കുവാൻ എത്ര ശ്രമിച്ചിട്ടും തച്ചന് സാധിക്കാതെ വരികയം തച്ചൻ വല്ലാതെ വിഷമിച്ച് മഹാദേവനെ ഭക്തിപൂർവ്വം ധ്യാനിച്ചു കൊണ്ടിരുന്നു. ഈ സമയം ഒരു അശരീരി കേട്ടു. 'ചെത്തിക്കുറക്കു കൊള്ളിക്കാം' എന്ന്. അതുപ്രകാരം തച്ചൻ കഴുക്കോലുകളുടെ നിളം ചെത്തിക്കുറച്ച് പണി പൂർത്തിയാക്കുകയും ചെയ്തു. അന്നു മുതൽ ചെത്തിക്കുറക്കപ്പെട്ടത് എന്ന അർത്ഥത്തിൽ തഷ്ടം ശിവക്ഷേത്രം എന്നാണ് ഈ ക്ഷേത്രം അറിയപ്പെട്ടിരുന്നത്. ക്ഷേത്രപ്പണികൾ കഴിഞ്ഞ് ക്ഷേത്രത്തിലെ ഉപയോഗത്തിനായി ഒരു കുളം പെരുന്തച്ചൻ ഉണ്ടാക്കിയിട്ടുണ്ട്. ഈ കുളത്തിന്റെ പണി നടന്നു കൊണ്ടിരിക്കുമ്പോൾ ചിലർ കുളത്തിന്റെ ആകൃതി നീളത്തിലാക്കണമെന്നും ചിലർ ചതുരത്തിൽ വേണമെന്നും മറ്റു ചിലർ വട്ടത്തിലായിരിക്കണമെന്നും പറഞ്ഞ് തർക്കമായി. തച്ചൻ ഇടപെട്ട് കുളം ഓരോ കൂട്ടരും പറയുന്ന രൂപത്തിൽ വട്ടത്തിൽ നീളത്തിൽ ചതുരത്തിൽ ദീർഘചതുരത്രികോണാകൃതിയിലുണ്ടാക്കിയേക്കാം എന്നു പറഞ്ഞ് തർക്കം പരിഹരിച്ചു. കുളത്തിന്റെ പണിയും കഴിഞ്ഞു. കുളം തച്ചൻ പറഞ്ഞതുപോലെയെല്ലാം ആവുകയും ചെയ്തു. ഈ കുളത്തിലിറങ്ങിയാൽ ആർക്കും കിഴക്കു പടിഞ്ഞാറ് ദിക്ക് മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട്

തന്നെ ബ്രാഹ്മണരാരും ഈ കുളത്തിലിറങ്ങി കുളിച്ച് നിത്യകർമ്മങ്ങൾ കഴിക്കാറുമില്ല. ഈ കുളത്തിന്റെ പണി പെരുന്തച്ചൻ നടത്തിക്കൊണ്ടിരിക്കുമ്പോൾ പുഴ കടന്ന് ആരെങ്കിലും കുളത്തിൽ കുളിക്കാൻ വരുമോ എന്ന് തച്ചന്റെ മകൻ തച്ചനോടു ചോദിച്ചു. അടുത്തുള്ള കുളത്തിൽ കുളിക്കാതെ ആരെങ്കിലും ദൂരെയുള്ള പുഴയിലേക്കു പോകുമോ എന്ന് തച്ചൻ മകനോടു ചോദിച്ചു. തച്ചനോട് 'കാത്തിരുന്നു കാണാം' എന്ന് മകൻ മറുപടിയും പറഞ്ഞു. അന്ന് പുഴ വളരെ ദൂരത്തും കുളം ക്ഷേത്രത്തിനടുത്തു മായിരുന്നു. കുളം കടന്നു വേണമായിരുന്നു പുഴയിലേക്കെത്താൻ . കുറെക്കാലം കഴിഞ്ഞപ്പോൾ ദൂരത്തു കൂടിയൊഴുകിയിരുന്ന പുഴ കുത്തി പാഞ്ഞ് ക്ഷേത്രത്തിന്റെയും കുളത്തിന്റെയും മദ്ധ്യേകൂടി ഒഴുകാൻ തുടങ്ങി. അപ്പോൾ ക്ഷേത്രം നദിയുടെ ഇക്കരെയും കുളം നദിയുടെ അക്കരെയുമായി തീർന്നു. നദി കടന്നാരും കുളത്തിലേക്കു പോകാതെയുമായി. കാത്തിരുന്നു കാണാം എന്ന് തച്ചന്റെ മകൻ പറഞ്ഞതിന്റെ പൊരുൾ ഇതിൽ നിന്നും നമുക്കു മനസ്സിലാകുന്നതാണ്. എത്ര ദീർഘവീക്ഷണത്തോടുകൂടിയ മറുപടിയായിരുന്നു അത്. അന്നുമുതൽ ആ ഗ്രാമവാസികൾക്കും തച്ചന്റെ മകനോടു ബഹുമാനം വർദ്ധിച്ചു തുടങ്ങി. തച്ചന്റെ മകന്റെ കഴിവുകൾ കണ്ട് തച്ചന് മകനോട് അസൂയയും തോന്നിത്തുടങ്ങി. പിന്നീട് പെരുന്തച്ചൻ പെരിയാറിലാരു പാലം പണിതു. ആ പാലത്തിന്റെ ഒരറ്റത്തൊരു പാവയുമുണ്ട്. പാലത്തിന്റെ മറ്റേ അറ്റത്ത് ആളു കേറുമ്പോൾ പാവ കിഴ്പ്പോട്ടു താണു കിടക്കും. ആൾ പാലത്തിന്റെ മദ്ധ്യത്തിലെത്തുമ്പോൾ പാവ വെള്ളത്തിൽ മുങ്ങും. അങ്ങേയറ്റത്ത് ചെല്ലുമ്പോഴേക്കും പാവ വായിൽ നിറച്ച വെള്ളവും കൊണ്ട് മുകളിൽ വന്നു നില്ക്കും. ആൾ അടുത്തെത്തുമ്പോൾ മുഖത്തേയ്ക്ക് തുപ്പും. ഇതായിരുന്നു വിദ്യ. തച്ചന്റെ മകൻ ഇതു കണ്ടിട്ട് വേറൊരു പാവയുണ്ടാക്കി പാലത്തിന്റെ ഇങ്ങേ അറ്റത്തു വച്ചു. ആ പാവ ആളു പാലത്തിൽ കേറുമ്പോൾ മുമ്പേ നടന്നു തുടങ്ങും. അങ്ങേയറ്റത്തെത്തും മുമ്പേ തുപ്പുന്ന പാവയുടെ ചെകിട്ടത്ത് ഒരടിയും കൊടുക്കും. അപ്പോൾ തുപ്പുന്ന പാവയുടെ മുഖം തിരിഞ്ഞു പോകുന്നതിനാൽ പാവയ്ക്ക് ആരുടെയും മുഖത്ത് തുപ്പാനും പറ്റാതെയായി. ഇത് പെരുന്തച്ചന് മകനോടുള്ള വൈരാഗ്യവും അസൂയയും വർദ്ധിപ്പിക്കാൻ ഇടയാക്കി. പല സ്ഥലങ്ങളിലും പണി ചെയ്യുമ്പോൾ മകന്റെ കഴിവുകൾ കണ്ട തച്ചൻ അസൂയാലുവാകുകയും എങ്ങനെയെങ്കിലും മകനെ വക വരുത്തണമെന്ന് തിരുമാനിക്കുകയും ചെയ്തു. മകൻ ജീവിച്ചിരുന്നാൽ തന്റെ കീർത്തിക്കു കോട്ടം തട്ടുമെന്നും തച്ചൻ ഭയപ്പെട്ടു. ഒരു ദിവസം ക്ഷേത്രത്തിന്റെ പണി നടന്നുകൊണ്ടിരിക്കുമ്പോൾ മുകളിലിരുന്നു പണി ചെയ്തു കൊണ്ടിരുന്ന തച്ചൻ താഴെ കുനിഞ്ഞിരുന്നു പണി ചെയ്യുന്ന മകന്റെ കഴുത്തിലേക്ക് അബദ്ധത്തിൽ ഉളി വീണു പോയി എന്ന ഭാവത്തിൽ ഉളി താഴേക്കിട്ടു. ഉളി മകന്റെ കഴുത്തിൽ തന്നെ വീഴുകയും മകൻ മരിക്കുകയും ചെയ്തു. അന്നു മുതൽ തച്ചൻ ജനിച്ച ഗ്രാമം ഉളിയറ്റൂർ എന്നറിയപ്പെട്ടു എന്നും ഉളിയറ്റൂർ ലോപിച്ച് ഉളിയന്നൂരായി എന്നുമാണ് ഐതിഹ്യം. ഉളിയന്റെ ഊര് ഉളിയന്നൂരായി എന്നും പറയുന്നുണ്ട്. തച്ചനെ കീർത്തിമാനാക്കിയ മഹാദേവൻ ഉളിയന്നൂരിൽ ഇന്നും ദേശനാഥനായി പരിലസിക്കുന്നു. ആലുവ പുഴയുടെ തീരത്തെ നയനമനോഹരമായ ഗ്രാമത്തിലെ ഉളിയന്നൂരെന്ന സ്ഥലത്ത് പെരുന്തച്ചന്റെ കരവിരുതിന്റെ മകുടോദാഹരണമായി വലിയ വട്ട ശ്രീകോവിലിൽ വിരാജിക്കുന്ന മഹാദേവന്റെയും ശ്രീപാർവ്വതിദേവിയുടെയും മാടത്തിലപ്പന്റെയും സ്വയംഭൂ ഗണപതിയുടെയും മുന്നിൽ കനിവോടനുഗ്രഹിക്കേണമേ എന്ന പ്രാർത്ഥനയോടെ.......●

*(മിനിക്കഥ)*

# അമാവാസി

**ഉണ്ണി വാരിയത്ത്**

മുറ്റത്തു നടക്കുമ്പോൾ അല്ലെങ്കിൽ യാത്ര ചെയ്യുമ്പോൾ ആകാശത്തെ ചന്ദ്രൻ കൂടെ വരുന്നുണ്ടെന്ന് എല്ലാ കുട്ടികളെയും പോലെ അവളും വിശ്വസിച്ചു. പക്ഷെ, വളർന്നപ്പോൾ അവൾ തെറ്റു മനസ്സിലാക്കി.

ഇപ്പോൾ, വഴി നടക്കുമ്പോൾ അയലത്തെ ചന്ദ്രൻ പിറകെ വരുന്നുണ്ടെന്ന് അവൾ മനസ്സിലാക്കി. എങ്കിലും അതിൽ അവൾ തെറ്റു കണ്ടില്ല. മാത്രമല്ല, പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

പക്ഷെ, ആകാശത്തെ ചന്ദ്രന്റെ വൃദ്ധിക്ഷയം മാറി മാറി വരുന്ന പ്രതിഭാസമണെന്നും അയലത്തെ ചന്ദ്രന്റെ പ്രണയം ആഗ്രഹപൂർത്തിക്കുശേഷം മങ്ങി മറഞ്ഞാൽ പിന്നെ തെളിയില്ലെന്നും, തന്മൂലം തന്റെ ജീവിതത്തിൽ എന്നും അമാവാസിയാകുമെന്നും അവൾ എങ്ങനെ അറിയാൻ !

# വാക്ക് ഊർജ്ജവും സേവനവുമാകുമ്പോൾ

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

ജാംബവാന്റെ ബുദ്ധി ശാസ്ത്രബുദ്ധിയാണെന്നും ആലോചിച്ച ശേഷം ഗുണവത്തായ വാക്കുകളാണുപയോഗിക്കുന്നതെന്നും പറയുന്നുണ്ട്. സമുദ്രത്തോടു കോപം പൂണ്ട രാമൻ കൊടിയ യുദ്ധത്തിൽ സമുദ്രം വററിക്കുമെന്നും മറ്റും പറഞ്ഞു. ഘോരമായ വില്ലു കുലച്ച് അമ്പെയ്തു. ഇവിടെ ലക്ഷ്മണൻ രാമനെ സമാധാനിപ്പിക്കുകയാണ് ചെയ്യുന്നത്. രാമൻ പറഞ്ഞു, മഹാർണ്ണവമേ! ഇന്നു നിന്നെ ഞാൻ പാതാളം വരെ വറ്റിക്കും. മഹോദധി കലങ്ങിമറിഞ്ഞു. കരയിൽനിന്നും യോജനയോളം മഹോദധി പിൻവാങ്ങി. സമുദ്രത്തിൽനിന്ന് സാഗര ദേവൻ പൊങ്ങിവന്നു. സാഗരദേവൻ വിശ്വകർമ്മാവിന്റെ പുത്രനായ നളനെന്ന വാനരൻ സേതു കെട്ടട്ടെയെന്നു പറഞ്ഞ് അന്തർദ്ധാനം ചെയ്തു. പത്തു യോജന വിസ്താരവും നൂറു യോജന നീളവുമുള്ള സേതു അങ്ങനെ കെട്ടിപ്പടുത്തു. അങ്ങനെ അവർ ലങ്കയിലെത്തി. ഇത്രയൊക്കെയായിട്ടും രാമൻ എന്റെ ആവനാഴിയിലുള്ള ബാണങ്ങൾ വിഷസർപ്പങ്ങളാണെന്ന് അറിയുന്നില്ലല്ലോയെന്നാണ് രാവണൻ പറയുന്നത്. യുദ്ധം കൊടുമ്പിരിക്കൊണ്ടു.

കുംഭകർണ്ണനു കിട്ടിയ നിദ്രയെന്ന ശാപത്തിൽ നിന്നും ഉണർത്തി യുദ്ധത്തിന് പ്രേരിപ്പിച്ചപ്പോൾ കുംഭകർണ്ണൻ പറഞ്ഞു, ചെയ്ത പാപകർമ്മത്തിനുള്ള ഫലം വേഗത്തിൽ വന്നു. ദുഷ്കർമ്മങ്ങൾ ചെയ്തവന് നരകത്തിലേയ്ക്കുള്ള യാത്രപോലെയെന്നും നീതിശാസ്ത്രതത്ത്വങ്ങളറിയാത്ത മന്ത്രിമാരുടെ ഉപദേശം സ്വീകരിക്ക മൂലമാണിങ്ങനെ വന്നതെന്നും മറ്റും പറഞ്ഞു. കഴിഞ്ഞതു കഴിഞ്ഞെന്നും അതിനേപ്പറ്റി ഇപ്പോൾ ദുഃഖിച്ചിട്ടു കാര്യമില്ലെന്നും രാവണൻ പറഞ്ഞു. ആദിത്യനെ നക്ഷത്രങ്ങളോടുകൂടി മഹീതലത്തിൽ പതിപ്പിക്കാം, കടൽ കുടിച്ചു വറ്റിക്കാം, കാലങ്ങളേയെല്ലാം അടക്കി നിർത്താനെനിക്കു കഴിയും എന്നു പറഞ്ഞ കുംഭകർണ്ണനോട് മഹോദരൻ പറഞ്ഞു, ക്രൂദ്ധസിംഹം പോലുള്ള രാമനെ ഉറങ്ങിക്കിടക്കുന്ന പാമ്പിനെ ഉണർത്തുന്നപോലെയാണ് നേരിടാനൊരുങ്ങുന്നത്. തേജസ്സുകൊണ്ടു ജ്വലിക്കുന്നവനും യമനേപ്പോലെ തടവറ്റവനുമായ അദ്ദേഹത്തെ തളർത്താൻ ആർക്കും കഴിയില്ല. മഹോദരനോടു മേനി പറച്ചിൽ നിർത്താൻ പറഞ്ഞിട്ട് കുംഭകർണ്ണൻ പുറപ്പെട്ടു. കുംഭകർണ്ണനെ രാമൻ വധിച്ചതു കേട്ടു രാവണൻ മൂർഛിച്ചുവീണു. ഈ സമയത്തുള്ള രാവണരോദനം തികച്ചും ഹൃദയഭേദകമായ വാക്കുകളിലൂടെ പുറത്തു വന്നു. കുംഭകർണ്ണനെ കൂടാതെ എനിക്കു രാജ്യമെന്തിന്. സീതയെക്കൊണ്ടെന്തു കാര്യം. എനിക്കിനി ജീവിതത്തിൽ താല്പര്യമില്ല. മഹാത്മാവായ വിഭീഷണന്റെ നല്ല വാക്കുകൾ ഞാൻ കേട്ടില്ല. ആ മുന്നറിയിപ്പ് ഫലിച്ചിരിക്കുന്നു. ഇങ്ങനെ രാവണൻ വീണ്ടും വീണ്ടും വേദന തോന്നുന്ന വാക്കുകളിലൂടെ ദുഃഖം പുറത്തേക്കു പ്രവഹിപ്പിച്ചു. രാക്ഷസപ്രധാനികളെല്ലാം മരിച്ചു. ഇന്ദ്രജിത്തിന്റെ ഊഴമായി. ഇന്ദ്രജിത്തിന്റെ ബ്രഹ്മാസ്ത്രം കൊണ്ട് രാമലക്ഷ്മണന്മാർ ബോധംകെട്ടു വീണു. ജാംബവാന്റെ നിർദ്ദേശപ്രകാരം ഹനുമാൻ ദിവ്യൗഷധം കൊണ്ടുവന്ന് എല്ലാവരേയും പുനർജീവിപ്പിച്ചു.

ഇന്ദ്രജിത്ത് മായാസീതയെ വധിച്ചതറിഞ്ഞ് രാമൻ ബോധംകെട്ടു വീണു. സീതയെ ഒരിക്കലും രാവണൻ ഹനിക്കുകയില്ല എന്ന സത്യാവസ്ഥ മനസ്സിലാക്കിക്കൊടുത്താണ് വിഭീഷണൻ രാമനെ യുദ്ധത്തിനായി തയ്യാറാക്കുന്നത്.

ഇന്ദ്രജിത്തിന്റെ യജ്ഞം പൂർത്തീകരിക്കാൻ ഉള്ള സകല കാര്യങ്ങളും വിഭീഷണൻ ലക്ഷ്മണനോടു പറഞ്ഞു. സൈന്യത്തെ ഭേദിക്കുന്ന സൈന്യം ചിതറിക്കഴിഞ്ഞാൽ ഇന്ദ്രജിത്ത് വരും. വിഭീഷണൻ ലക്ഷ്മണന് വടവൃക്ഷം കാണിച്ചുകൊണ്ടു പറഞ്ഞു, ഇവിടെയാണ് ബലവാനായ രാവണി ഭൂതബലി നിർവ്വഹിക്കുന്നത്. ബലിയർപ്പണശേഷം യുദ്ധത്തിനൊരുങ്ങും. അങ്ങനെ ശത്രുക്കളെ വധിക്കും. അതുകൊണ്ട് വടവൃക്ഷച്ചുവട്ടിലെത്തുന്നതിനു മുൻപ് ധ്വംസിക്കുക. ഈ വാക്യങ്ങൾ .ഇന്ദ്രജിത്തിന്റെ വധം ഉറപ്പിച്ചു.

വിഭീഷണൻ ഇന്ദ്രജിത്തിന്റെ യജ്ഞസ്ഥലം ലക്ഷ്മണനു കാണിച്ചുകൊടുത്തു. ഇന്ദ്രജിത്തു വന്നപ്പോൾ ലക്ഷ്മണൻ പോരിനു വിളിച്ചു. ഇളയഛനായ താങ്കൾക്ക് എങ്ങനെ പുത്രനെ ദ്രോഹിക്കാനാകു

മെന്നും ശത്രു ഗുണവാനും സ്വജനം നിർഗുണനായാലും സ്വജനമാണ് ശ്രേയസുള്ളവനെന്നും മറ്റും ഇന്ദ്രജിത്തു പറയുന്നു. യുദ്ധം തുടങ്ങി. അവസാനം ലക്ഷ്മണൻ ഐന്ദ്രം എന്ന അസ്ത്രത്തെ ധനുസിൽ തൊടുത്തുകൊണ്ടിങ്ങനെ പറഞ്ഞു. ദാശരഥി രാമൻ ധർമ്മാത്മാവും സത്യസന്ധനും പൗരുഷമുള്ളവനുമാണെങ്കിൽ രാവണപുത്രനെ വധിച്ചാലും. ഇങ്ങനെ പറഞ്ഞ് ഐന്ദ്രാസ്ത്രത്തെ ശരത്തിൽ ജപിച്ചുചേർത്ത് ഇന്ദ്രജിത്തിന്റെ നേരേ അയച്ചു. ഇന്ദ്രജിത്ത് വധിക്കപ്പെട്ടു.

രാമരാവണയുദ്ധത്തിൽ മുറിവേറ്റ ലക്ഷ്മണനെ കണ്ടപ്പോൾ തനിക്കു പോരാടാൻ കരുത്തു നഷ്ടപ്പെട്ടതായി രാമൻ പറയുന്നു. പക്ഷേ ലക്ഷ്മണന്റെ വാക്കുകൾ കേട്ട രാമൻ വില്ലെടുത്ത് ശരം തൊടുത്തു വിടാൻ തുടങ്ങി. ദേവേന്ദ്രൻ മാതലി വശം രഥം ശ്രീരാമന്റെ പക്കലെത്തിച്ചു. കൂടാതെ ഐന്ദ്രചാപവും അഗ്നിസന്നിഭമായ കവചവും ശരങ്ങളും മറ്റും കൊടുത്തയച്ചു. അങ്ങനെ അത്ഭുതകരമായ ദ്വൈരഥം തുടങ്ങി. യുദ്ധം ഭയാനകമായി തീർന്നു. യുദ്ധം കാണാനെത്തിയ അഗസ്ത്യമഹർഷി രാമനോട് മഹാബാഹോ രാമാ കേട്ടാലും, നിഗൂഢവും സനാതനവുമായ ആദിത്യമന്ത്രം ജപിക്കുവാനും ആ മന്ത്രം സർവ്വമംഗളങ്ങളും വരുത്തുമെന്നും മൂന്നുരു ഈ മന്ത്രം ജപിച്ചാൽ യുദ്ധങ്ങളിൽ വിജയിക്കുമെന്നും ഈ ക്ഷണത്തിൽ രാവണനെ ജയിക്കുമെന്നും പറഞ്ഞു. ഈ മന്ത്രം ജപിച്ചശേഷം രാമൻ ശങ്കകൂടാതെ വേഗം രഥം ഓടിച്ചാലും. ഏകാഗ്രമനസ്സായതുകൊണ്ട് ഓർമ്മിപ്പിക്കുകയാണ്, പഠിപ്പിക്കുയാണെന്നു കരുതരുതേയെന്നും മാതലിയോട് പറഞ്ഞു. യുദ്ധം ഒരിടത്തും അവസാനിക്കുകയില്ലാ എന്ന നിലവന്നപ്പോൾ മാതലി രാവണനുനേരേ ബ്രഹ്മാസ്ത്രം ഉപയോഗിച്ചു വധിക്കുവാൻ പറഞ്ഞു. രാമൻ മന്ത്രമുച്ചരിച്ച് കാർമ്മുകത്തിൽ ശരം തൊടുത്തുവിട്ടു. രാവണന്റെ പ്രാണൻ അപഹരിച്ചുകൊണ്ട് ആ ശരം തിരികെ ആവനാഴിയിൽ പ്രവേശിച്ചു. അങ്ങനെ രാവണവധം സംഭവിച്ചു. ശ്രീകൊണ്ടും വീര്യംകൊണ്ടും അജയ്യനായ അങ്ങയെ കാട്ടിൽ കറങ്ങിനടന്നിരുന്ന ഒരു മനുഷ്യൻ വധിച്ചുവെന്നതെങ്ങിനെ എന്നിങ്ങനെയുള്ള കഠിനമായ പദങ്ങൾ ദുഃഖത്തിൽ കരയുന്ന മണ്ഡോദരി ഉപയോഗിക്കുകയാണ്. പിന്നീട് അരുന്ധതിയേക്കാൾ രോഹിണിയേക്കാൾ വിശിഷ്ടമായ സീതയിൽ കാമം ഉണ്ടായത് വിനാശത്തിനു കാരണമായി എന്നും പറഞ്ഞു. കൂടാതെ രാവണൻ ദ്രോഹിച്ച കുലസ്ത്രീകളുടെ ശാപത്തിന്റെ ഫലമാണ് ഇപ്പോൾ വന്നിരിക്കുന്നതെന്നും പറഞ്ഞു. ശ്രീരാമന്റെ നിർദ്ദേശപ്രകാരം രാവണന്റെ അന്ത്യകർമ്മങ്ങൾ ഭംഗിയായി നടന്നു. രാമൻ സുരക്ഷിതനാണെന്നുള്ള വിവരം ഹനുമാൻ സീതയെ ധരിപ്പിക്കുന്നു. തനിക്കു ലഭിച്ച സന്തോഷത്തിനു പകരം തരാൻ ഒന്നുമില്ലെന്നു പറഞ്ഞ സീതയോട് അവിടുത്തെ സ്നേഹം നിറഞ്ഞ വാക്കുകൾ വിവിധ തരം രത്നങ്ങളേക്കാൾ മധുരവും വിശേഷപ്പെട്ടതുമാണെന്നു ഹനുമാൻ പറയുന്നു.

രാമരാവണയുദ്ധം രണ്ടുപക്ഷത്തും ഉണ്ടാക്കിയ ക്ഷതങ്ങളും കഷ്ടപ്പാടുകളും വളരെയേറെയാണ്. സീതയെ കാട്ടിൽവെച്ച് രാവണൻ അപഹരിക്കുന്നതുവരെ സീതയുടേയോ രാമന്റേയോ ലക്ഷ്മണന്റേയോ സംസാരത്തിൽ ക്രൂരതയില്ല. സീതയാണെങ്കിൽ സമാധാനത്തിന്റെ പ്രതീകം. പക്ഷെ മാരീചന്റെ കാപട്യം മനസ്സിലാക്കാൻ പറ്റാതെയാണ് ലക്ഷ്മണനോട് കഠോരമായ വാക്കുകൾ പ്രയോഗിക്കുന്നത്. ലക്ഷ്മണൻ ഇതു രാമനോടു പറഞ്ഞുവെങ്കിലും സീതയെ കാണാതെ വിഷമിച്ചിരുന്ന രാമന്റെ മനസ്സിൽ ഇതൊന്നും പതിഞ്ഞില്ല. വീണ്ടും രാവണവധത്തിനുശേഷം ലങ്കയിൽവെച്ച് രാമന്റെ വാക്കുകൾ കഠിനമായിരുന്നു. രാമന്റെ ഭാവമാറ്റം കണ്ടിട്ട് ലക്ഷ്മണനും സുഗ്രീവനും ഹനുമാനും വ്യഥിതരായി നെടുവീർപ്പിട്ടുവെന്നാണ് വാത്മീകി വർണ്ണിക്കുന്നത്. രാമന്റെ വാക്കുകൾ കേട്ടിട്ടു സീത 'മൃഗിപോത് ഫുല്ലനയനാ ബദ്ധുവാശ്രു പരിപ്ലുത' പേടമാനിനേപ്പോലെ നിറഞ്ഞ കണ്ണുകളോടെ നിന്നുവെന്നാണ് വാത്മീകി പറയുന്നത്. രാമൻ ഒരു പടി കടന്നുപറയുന്നു, ജനകാത്മജേ പത്തുദിക്കിൽ ഏതിൽ വേണമെങ്കിലും പോകാം, അഭിജാതനായ പൗരുഷമുള്ളവനായ ഏതൊരുവനാണ് പരഗൃഹത്തിൽ പാർത്ത ഒരുവളെ വീണ്ടും സ്വീകരിക്കുക.

എത്ര സമുന്നതമായ ആത്മസത്ത മനസിലാക്കിയാലും മനുഷ്യൻ എന്നും മനുഷ്യൻ തന്നെ. ഇടുങ്ങിയ ചിന്താധാരയും മൃഗീയ വാസനയും അവനിൽ ഒളിഞ്ഞുകിടക്കുമെന്നതിന്റെ ഉത്തമോദാഹരണമാണ് വാത്മീകി ഇവിടെ രാമന്റെ വാക്കുകളിലൂടെ പ്രകടമാക്കുന്നത്. നിനക്കു ലക്ഷ്മണന്റെ കൂടെയോ ഭരതശത്രുഘ്നന്മാരുടെ കൂടെയോ സുഗ്രീവന്റെ കൂടെയോ വിഭീഷണന്റെ കൂടെയോ അഭിമതരായ ആരുടെകൂടെയോ പോകാം. എത്ര ദിവസങ്ങൾ അശോകമരച്ചുവട്ടിൽ പ്രലോഭനങ്ങൾക്കു വശംവദയാകാതെ രാക്ഷസികളുടെ ക്രൂരമർദ്ദനങ്ങൾ സഹിച്ച് രഘുനന്ദനനെ സ്വപ്നം കണ്ട് കഴിഞ്ഞ സീതക്ക് കേൾക്കേണ്ടിവന്ന വാക്കുകൾ. സീത ചോദിക്കുന്നു, വീരാ സംസ്കാരമില്ലാത്ത ഒരുവൻ അപ്രകാരമുള്ള ഒരുവളോടു പറയുംപോലെ ഇത്തരം കഠിന വാക്കുകൾ അങ്ങെക്കെങ്ങനെ പറയാൻ കഴിയും. അങ്ങേക്കു

രോഷമുള്ളതുകൊണ്ട് എന്റെ സ്ത്രീ എന്ന അവസ്ഥ മാത്രമേ അങ്ങ് ദർശിച്ചുള്ളൂ. സൗമിത്രേയ ചിതയുണ്ടാക്കൂ. മിഥ്യാപവാദത്താൽ നശിച്ച എനിക്ക് ജീവിച്ചിരിക്കാനാവില്ല. അബലയായ, അശരണയായ ഒരു സതീരത്നത്തിന്റെ ശബ്ദം. ഇവിടെ ലക്ഷ്മണനും മറ്റെല്ലാവർക്കും അമർഷം ഉണ്ടാക്കിയെന്നും പറയുന്നു. അഗ്നിദേവൻ തീയിൽനിന്നും മോചിപ്പിച്ചു കൊടുത്തപ്പോഴാണ് രാമന് ബോധ്യമായതും. രാമൻ പറഞ്ഞത്, ഭവാന്മാരുടെ വാക്കുകൾ ഞാൻ ഹിതമായി കൈക്കൊള്ളേണ്ടതാണെന്നാണ്. ഇവിടെ രാമന് കൂടുതൽ വിശ്വാസമേകാൻ ദേവഗന്ധർവ്വന്മാരും (സ്വപ്നത്തിലൂടെ) ദശരഥമഹാരാജാവു തന്നെയും വരേണ്ടിവന്നു.

തിരികെ അയോദ്ധ്യയിലേക്കു പോകുമ്പോൾ ഭരതൻ അയോദ്ധ്യയിലെങ്ങനെയെന്നും മറ്റും അറിയാനായി ഹനുമാനേ നേരത്തേതന്നെ അയക്കുന്നുണ്ട്. ഭരതനോട് വിശേഷങ്ങളെല്ലാം പറയണമെന്നും ഇതു കേൾക്കുമ്പോൾ ഭരതന്റെ മുഖഭാവം നിരീക്ഷിക്കണമെന്നും ഭരതന്റെ നോക്കിലും വാക്കിലും പ്രത്യക്ഷപ്പെടുന്ന ഇംഗിതം അറിയണമെന്നും, ഏറെക്കാലം അയോദ്ധ്യ ഭരിച്ചതുകൊണ്ട് ഭരതന്റെ ഇംഗിതം എന്താണെന്നു മനസിലാക്കണമെന്നും ഒക്കെ ഹനുമാനോടു പറയുന്നു.

രാമപട്ടാഭിഷേകം നടന്നു. രാജ്യം അഭിവൃദ്ധിയിലായി. പിന്നെയും രാമന് സംശയം. ജനങ്ങൾ പറഞ്ഞ ചില വാക്കുകൾ. രാജധർമ്മമാണ് ഏറ്റവും വലുതെന്നു വിശ്വസിക്കുന്ന രാമൻ എന്റെ അന്തരാത്മാവിന് സീത സദ്വൃത്തയാണെന്നും യശസ്വിനിയാണെന്നും അറിയാം. എന്നാൽ ഇന്നുണ്ടായിരിക്കുന്ന അപവാദം എന്നെ വേദനിപ്പിക്കുന്നു. അപമാനഭയത്താൽ എല്ലാം ത്യജിക്കാൻ സന്നദ്ധനാണ്, സീതയെപ്പോലും എന്നാണ് രാമൻ പറയുന്നത്. ഗർഭിണിയായ സീതയോടൊപ്പം രാജ്യം ത്യജിക്കാൻ രാമൻ തയ്യാറാണെന്നു പറയുന്നില്ല പകരം ഗംഗാതീരത്തിലെ ആശ്രമങ്ങൾ കാണണമെന്നു പറഞ്ഞ സീതയെ അതേകാര്യം പറഞ്ഞു വിശ്വസിപ്പിച്ച് കാട്ടിലേക്കയക്കുകയാണ് ചെയ്യുന്നത്. ലക്ഷ്മണനോടു പറയുന്നത്, ഇനി ഇക്കാര്യത്തിൽ യാതൊന്നും ചിന്തിക്കാനില്ല. എതിരു നിന്നാൽ എന്നിൽ അപ്രീതി ഉളവാക്കുമെന്നാണ്. നദി കടന്ന് അക്കരെയെത്തിയ സീതയോട് പൗരാപവാദഭീതിയാൽ സീതയെ ത്യജിച്ചിരിക്കുന്നുവെന്ന് ലക്ഷ്മണൻ പറയുന്നു.

സ്ത്രീയുടെ ശരീരം ദുഃഖത്തിനായി സൃഷ്ടിച്ചതാണെന്നു സീതയെക്കൊണ്ടു പറയിക്കുന്നു. ഗർഭിണി ആയതുമൂലം തനിക്കു മരിക്കാനും കഴിയില്ലല്ലോ എന്ന സ്ത്രീസഹജമായ വേദനയും നമുക്കീ വാക്കുകളിൽ കാണാം. സീത, ദുഃഖഭാരം താങ്ങാനാവാതെ കുനിഞ്ഞുപോയ പതിവ്രത നാഥൻ ഇല്ലാത്തവളായി ഉറക്കെ കരഞ്ഞുവെന്നാണ് വിവരിച്ചിട്ടുള്ളത്. ദുഃഖിതനായ ലക്ഷ്മണനോട് സുമന്ത്രർ ദുർവ്വാസാവു മഹർഷി പറഞ്ഞ ഒരു കഥ പറയുന്നു. ഭൃഗുമഹർഷിയുടെ പത്നിയെ വിഷ്ണുഭഗവാൻ വധിച്ചുവെന്നും മഹർഷി വിഷ്ണുവിനെ ശപിച്ചുവെന്നും മനുഷ്യജന്മമെടുത്ത് വിഷ്ണു ജനിക്കുമ്പോൾ പത്നീവിയോഗമനുഭവിക്കുമെന്നായിരുന്നു ശാപം.

പിന്നീട് ലവകുശന്മാരുടെ ദൈവീകമായ സംഗീതം വാത്മീകിയാൽ വിരചിതമായതു കേട്ട രാമൻ സന്തുഷ്ടനായി. അദ്ദേഹം പറഞ്ഞു, ശുദ്ധസദാചാരയും ദോഷമില്ലാത്തവളുമാണ് സീതയെങ്കിൽ ഇവിടെ ആത്മശുദ്ധി പ്രത്യക്ഷമാകുമാറാകട്ടെ എന്ന്. ഇതു കേട്ട ദൂതന്മാർ വാത്മീകിയെ സമീപിച്ചു. വാത്മീകി അനുവാദം കൊടുത്തു. ഇവിടെ ജനമദ്ധ്യത്തിൽ സീത പറഞ്ഞു, രാഘവനൊഴികെ ആരെയും ഞാൻ മനസുകൊണ്ട് നിനയ്ക്കുമാറില്ലെങ്കിൽ ഭൂമിദേവി എനിക്കിടം തരുമാറാകട്ടെ. ഇവിടെ ഒരത്ഭുതം ഉണ്ടായി. ഒരു സിംഹാസനം ഭൂതലത്തിൽ വന്നു. സീത അതിൽ കയറി മറഞ്ഞു.

സീത മറഞ്ഞതുകാരണം രാമന് ഭൂമി അർത്ഥമില്ലാത്തതായി തോന്നി. അദ്ദേഹത്തിന്റെ ജന്മോദ്ദേശം മനസിലാക്കിയ രാമൻ ദുഃഖിതനായി ആദ്യം ലക്ഷ്മണൻ. പിന്നീട് തന്റെ സഹോദരന്മാരോടു കൂടി വൈഷ്ണവതേജോരൂപത്തിലേക്ക് സശരീരനായി പ്രവേശിച്ചു എന്നാണ് വാത്മീകി വിവരിക്കുന്നത്.

വാത്മീകിയുടെ രാമായണം സത്യവും ധർമ്മവും അടിസ്ഥാനമാക്കി എഴുതപ്പെട്ട കാവ്യമാണല്ലോ. ഒരു ഉത്തമപുരുഷൻ അതായത് ധർമ്മജ്ഞനും കൃതജ്ഞനും ദൃഢവ്രതനും ചാരിത്ര്യയുക്തനുമായ മഹാൻ ആരെന്ന ചോദ്യത്തിന് ഉത്തരമായിട്ടാണ് രാമനെ നാരദർ പറഞ്ഞുകൊടുക്കുന്നത്. ദശരഥമഹാരാജാവിന്റെ പുത്രന്മാരായി നാലു സഹോദരന്മാർ പിറന്നപ്പോൾ ഗന്ധർവ്വന്മാർ പാടി, അപ്സരസ്സുകൾ ആടി, ദേവദുന്ദുഭികൾ മുഴങ്ങി എന്നൊക്കെയാണ് വർണ്ണിച്ചിരിക്കുന്നത്. പിന്നീട് ഉണ്ടായ ഓരോ സംഭവങ്ങളും മാനുഷിക വികാര വിക്ഷോഭങ്ങളും സമ്മർദ്ദങ്ങളും വ്യക്തമാക്കപ്പെടുന്നവയാണ്. നാലു പുത്രന്മാരേയും ഒരുപോലെ സ്നേഹിക്കുന്ന കൈകേയി എന്ന മാതൃഹൃദയം, ഈ മാതൃഹൃദയത്തേപ്പോലും പ്രലോഭിപ്പിക്കാൻ തക്ക വാക്സമർത്ഥ്യമുള്ള മന്ഥര, ദശരഥന്റെ ശാപകഥയും മനുഷ്യജന്മത്തിൽ നാം

കാണുന്ന സാധാരണ കഥാപാത്രങ്ങൾ മാത്രമാണ്.

ഇതുപോലെതന്നെ ആദ്ധ്യാത്മികതത്ത്വങ്ങൾ, അതിനുവേണ്ടി ഉണ്ടാക്കപ്പെടുന്ന സന്ദർഭങ്ങൾ, ഇതെല്ലാം തന്നെ നിറഞ്ഞുനിൽക്കുന്ന പല സന്ദർഭങ്ങളിലും ലോകവിഷയങ്ങളെല്ലാം ക്ഷണികമാണെന്നുള്ള സത്യം മനുഷ്യനെ മനസ്സിലാക്കുന്നു. വസിഷ്ഠൻ, വിശ്വാമിത്രൻ, അഗസ്ത്യൻ തുടങ്ങിയ മുനിവര്യന്മാരാൽ ആത്മീയതത്ത്വങ്ങൾ ഉദ്ഘോഷിക്കപ്പെടുന്നു. മരണത്തേക്കുറിച്ച് താരയോട് ശ്രീരാമൻ പറയുന്ന വാക്കുകൾ, കുംഭകർണ്ണൻ രാവണനോടു പറയുന്നത് ഇങ്ങനെ എടുത്തുപറയാൻ ധാരാളം ആത്മീയതത്ത്വങ്ങൾ. ഏതു പ്രവർത്തിക്കും ഒരു ന്യായീകരണം രാമായണത്തിലുടനീളം കാണാം. വാക്കിന്റെ ശക്തി എന്തെന്നു മനസ്സിലാക്കി തരുന്ന സന്ദർഭങ്ങളാണധികവും. ഇതിനൊക്കെ പുറമേ വികാരവിക്ഷോഭങ്ങൾക്കടിമപ്പെടുന്ന മനുഷ്യന്റെ വാക്കുകളും മത്സരബുദ്ധിയും ആത്മഹത്യാപ്രവണതയും ഉപജാപകവൃന്ദത്തിന്റെ ഉപദേശവും ഒക്കെ ഇതിലുടനീളം കാണാം.

പതിവൃതയായ ഒരു സ്തീയുടെ ശക്തിയെന്തെന്നു രാമായണം പല ഘട്ടങ്ങളിലും എടുത്തു കാണിക്കുന്നു. ബ്രഹ്മാവിന്റേയും നളകുബേരന്റേയും ശാപമാണ് സീതയെ സമീപിക്കുന്നതിൽ നിന്നും രാവണനെ തടഞ്ഞിരുന്നത്. ഇവടെ രാവണന്റെ മഹത്വമല്ല മറിച്ച് പരിശുദ്ധയായ സ്ത്രീയുടെ ശക്തി വിശേഷമാണ് നമുക്ക് വാക്കുകളിലൂടെ കാണാൻ കഴിയുന്നത്.

സത്യപാലനം അന്നത്തെ നേതാക്കന്മാരും ഭരണകർത്താക്കളും ധർമ്മമായി കരുതിയിരുന്നു. രാക്ഷസന്മാരിൽനിന്നും മഹർഷിമാരെ രക്ഷിച്ചതും ബാലിവധവും തുടർന്നുള്ള എല്ലാ യുദ്ധങ്ങളും തന്നെ ധർമ്മപരിപാലനത്തിന്റെ വാക്കു മുഴങ്ങുന്നവയാണ്. സുഗ്രീവസഖ്യം അനിവാര്യമാണെന്നു മുനി പറഞ്ഞത് സീതയെക്കുറിച്ചു ബോധവാനാക്കാനായിരിക്കാം. സീതാപരിത്യാഗവും അതുപോലെ തന്നെയാണല്ലോ. ഇങ്ങനെ വാക്കുകൾ കൊണ്ട് ആത്മീയതത്വങ്ങളും ധാർമ്മിക മൂല്യങ്ങളും രാമായണത്തിലുടനീളം കാണാം.

ഗർഭിണിയായ സീതയെ വാത്മീകാശ്രമത്തിൽ ഉപേക്ഷിച്ചു പോകാൻ തുനിയുന്ന ലക്ഷ്മണനോട് സീത താനിപ്പോൾ ഗർഭിണിയാണെന്നു നോക്കൂ എന്നു പറയുമ്പോൾ ഭവതിയുടെ കാലുകൾ മാത്രമേ തൊഴുമ്പോൾ കണ്ടിട്ടുള്ളൂയെന്നും രാമൻ ഇല്ലാത്തപ്പോൾ ഞാനെങ്ങനെ നോക്കും എന്നു പറയുന്ന ലക്ഷ്മണൻ രാമഭാര്യയെ എത്ര ബഹുമാനത്തോടുകൂടിയാണ് നോക്കിയിരുന്നതെന്നു കാണാം. ഇങ്ങനെ സ്ത്രീകളോടുള്ള ബഹുമാനപൂർവ്വമായ സംഭവങ്ങൾ രാമായണത്തിൽ കാണാൻ കഴിയും.

ജീവിതത്തിൽ വിവിധതരത്തിലുള്ള അനുഭവങ്ങളിൽ കൂടി നാം കടന്നുപോകുമ്പോൾ നമുക്ക് പല കാര്യങ്ങളേയും അഭിമുഖീകരിക്കേണ്ടിവരുന്നു. പലതിനോടും പ്രതികരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇങ്ങനെ വരുമ്പോൾ പലപ്പോഴും നാം വിധിക്കും യോഗത്തിനും വിശ്വാസത്തിനും അടിമപ്പെടുന്നു. ഓരോ വാക്കുകളും എത്രമാത്രം മനുഷ്യന്റെ ആന്തരികമായ ചലനങ്ങളെ സ്വാധീനിക്കുന്നുവെന്നും ചിലപ്പോൾ അത് വൈകാരിക അസ്വസ്ഥതകൾക്ക് കാരണമായി തീരുന്നുവെന്നും കാണാം. വാക്കുകളുടെ ശക്തി മനുഷ്യന്റെ ആത്മാവിഷ്കാരത്തിനുതകുമ്പോൾ മനുഷ്യന്റെ യുക്തിചിന്തകളുടെ വളർച്ച ആരംഭിക്കുന്നു. വാക്കുകൾ ശക്തമാണ്. ഭഗവദ്ഗീതയിൽ തന്നെ അർജ്ജുനൻ പറയുന്നു, എന്റെ സംശയങ്ങൾ നീങ്ങിയിരിക്കുന്നു. ഞാൻ അങ്ങയുടെ വാക്ക് അനുസരിക്കും. വാക്കുകളുടെ ശക്തി ജീവിതത്തിലേക്കു കടക്കുമ്പോൾ അടിപതറാതെ ശക്തി തരുന്നു. ജീവിതത്തെ നാം നോക്കിക്കാണേണ്ടതെങ്ങനെയെന്നും. ശ്രീകൃഷ്ണൻ ഗീതയിൽ ചോദിക്കുന്നു, പറഞ്ഞതെല്ലാം നീ കേട്ടില്ലേ, നിന്റെ സംശയം തീർന്നില്ലേ. പ്രകൃതിയേക്കുറിച്ചുള്ള പഠനം, മനുഷ്യവക്തിത്വത്തിന്റെ അനന്തമാനങ്ങളുടെ അനുഭവങ്ങൾ, ക്ഷത്രിയബലത്തേക്കാൾ ബ്രഹ്മബലമാണ് ശക്തി ഇവയൊക്കെ രാമായണ വാക്കുകളിലൂടെ നമുക്കു മനസ്സിലാക്കിതരുന്നു. ധൈര്യശാലിയും ബുദ്ധിമാനുമായ ഒരു വ്യക്തി ഇന്ദ്രിയങ്ങളെ ഉള്ളിലേക്കു തിരിച്ചുവിടുമ്പോൾ അവന് എന്തെല്ലാം നേടാമെന്നും എന്തു നേടിയാലും അഹങ്കാരം ഉള്ളിൽ തട്ടിയാൽ അധഃപതനമാണെന്നും പല സ്ഥലത്തും വാത്മീകിയുടെ വാക്കുകളിലൂടെ കാണാൻ കഴിയും. സ്നേഹം, കരുണ, സമർപ്പണമനോഭാവം, കടമ, സത്യസന്ധത, സേവനം ഇവയൊക്കെ ആന്തരിക വളർച്ചക്ക് ഉതകുന്നതെങ്ങനെയെന്ന് വ്യക്തമാക്കുന്ന ഒരുപാടു തത്വോപദേശങ്ങൾ വാക്കുകളിലൂടെ പ്രവഹിക്കുമ്പോൾ വാക്കുകളുടെ ശക്തിയുണ്ടാക്കുന്ന തരംഗം വിശ്വാമിത്രൻ കണ്ട വസിഷ്ഠാശ്രമം പോലെ മനോഹരമാണ്.

ബാലകാണ്ഡം 23 28 സർഗ്ഗത്തിൽ വാത്മീകി വിവരിക്കുന്ന എല്ലാ ദോഷങ്ങളേയും കീഴടക്കിയവരേയും ജീതേന്ദ്രിയരും ജപഹോമാദികളിൽ മുഴുകിയവരുമായ ഋഷിമാർ നിറഞ്ഞതും ശാന്തമായി

പക്ഷിക്കൂട്ടങ്ങൾ വിഹരിക്കുന്നതും മനോനിയന്ത്രണം ശീലിച്ചവരും ചുറ്റും നിറഞ്ഞു ശോഭിക്കുന്നതുമായ വസിഷ്ഠാശ്രമം മറ്റൊരു ബ്രഹ്മലോകമാണെന്നു തോന്നുന്നുവെന്നാണ്. ഇതുതന്നെയാണ് സമകാലീന ചിന്തക്കും ജീവിതത്തിനും അനുകരിക്കാൻ ഉതകുന്ന വാക്ധോരണി. ഈ വാഗ്ധോരണി ഭക്ഷിച്ചു മനം നിറഞ്ഞവരും വയറു നിറഞ്ഞവരുമായി തീരുമെന്നുള്ളതിൽ സംശയമില്ല.

ഇങ്ങനെ എല്ലാ കാര്യങ്ങളിലും ചിന്തിക്കുവാൻ കഴിഞ്ഞാൽ ജീവിതം വസിഷ്ഠാശ്രമം പോലെ മനോഹരമാക്കാം. ക്ഷുദ്രജീവികളുടെ കടന്നാക്രമണം ഇവിടെയും പ്രശ്നങ്ങൾ സൃഷ്ടിടിക്കാം. ഇച്ഛാശക്തിയും മനസ്സിൽ വളർത്തിയെടുത്ത സാംസ്കാരിക സാമൂഹ്യ ചിന്താധാരകളും ഗുരുക്കന്മാരും സത്യസന്ധമായ വാക്കുകളും പ്രപഞ്ചശക്തിയുടെ ശക്തിയും ആത്മാനുഭൂതിയും വിജയത്തിലേക്കു നയിക്കും. അത്രക്കു ശക്തമാണ് വാക്കുകൾ. വാത്മീകിയുടെ രാമായണത്തിലുടനീളം നമുക്കു ദർശിക്കാൻ സാധിക്കുന്നതും ഈ ശക്തിയാണ്. ശ്രീകൃഷ്ണൻ അർജ്ജുനനോടു പറയുന്നതുപോലെ,

ഏതത് അശേഷേണ വിമൃശ്യ
യഥാ ഇഛസി തഥാകുരു

ഇതിനെ നല്ലതുപോലെ വിചാരം ചെയ്ത് നിന്റെ ഇഷ്ടം പോലെ പ്രവർത്തിക്കുക●



**രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ**

**1193–ാം മാണ്ട്**

# അഷ്ടമിരോഹിണി മഹോത്സവം

**1193 ചിങ്ങം 27 ബുധനാഴ്ച**

**(2017 സെപ്റ്റംബർ 12)**

**12.9.2017 (ചൊവ്വാഴ്ച**

| | | |
|---|---|---|
| രാവിലെ 3.30 ന് | : | നടതുറക്കൽ, നിർമ്മാല്ല്യം, അഷ്ടാഭിഷേകം |
| 5.30 ന് | : | ഹരിനാമകീർത്തനം,വിഷ്ണുസഹസ്രനാമം, ഭഗവദ്ഗീതാപാരായണം |
| 6.30 ന് | : | ഭജന |
| 8.00 മുതൽ 11.00 വരെ | : | ശീവേലി, പഞ്ചാരിമേളം |
| 11.00 മുതൽ 12.00 വരെ | : | നാരായണീയ പാരായണം |
| 12.00 മുതൽ | : | **ഓട്ടൻ തുള്ളൽ** |
| വൈകുന്നേരം | | |
| 4.30 മുതൽ 7.00 വരെ | : | കാഴ്ചശീവേലി, പാഞ്ചാരിമേളം |
| 7.00 മുതൽ 7.30 വരെ | : | നിറമാല, ചുറ്റുവിളക്ക്, പഞ്ചവാദ്യം, ദീപാരാധന |
| 7.30 മുതൽ 8.30 വരെ | : | **സംഗീതക്കച്ചേരി** - നിത്യ ആർ. മേനോൻ |
| 8.30 മുതൽ 10.30 വരെ | : | **ഭജന** - ശ്രീരുദ്ര ഭജൻസ് പുലിയന്നൂർ ,പാല |
| 10.30 മുതൽ | : | **അഷ്ടപദി** - മാടയ്ക്കാപ്പിള്ളി ബാലകൃഷ്ണൻ |
| 12.00 മണിക്ക് | : | അഭിഷേകം |
| 12.15 ന് | : | വിളക്ക് |

# എറണാകുളം കരയോഗം

1193-ാം മാണ്ടത്തെഎറണാകുളം കരയോഗത്തിലെ നവരാത്രി ആഘോഷം സെപ്റ്റംബർ 21-ാം തീയതി മുതൽ 30-ാം തീയതി വരെ വിപുലമായ കലാപരിപാടികളോടു കൂടി ടി. ഡി.എം ഹാളിൽ ആഘോഷിക്കുന്നു. എല്ലാ ദിവസവും വൈകുന്നേരം നാലുമണി മുതൽ ശ്രീ ദേവിമാഹാത്മ്യപാരായണത്തോടെ പരിപാടികൾ ആരംഭിക്കും. എല്ലാവരുടേയും സാന്നിദ്ധ്യവും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

നവരാത്രി പൂജയ്ക്ക് ദക്ഷിണഭാരതത്തിലും ഉത്തരഭാരതത്തിലും വ്യത്യാസമുണ്ട്. കേരളീയരായ നാം കന്നിമാസത്തിലെ വെളുത്തപക്ഷപ്രഥമ മുതൽ നവമി വരെയുള്ള ഒൻപത് ദിവസം നവരാത്രി ആചരിക്കുന്നു. കേരളത്തിൽ സരസ്വതിയായും കർണ്ണാടകത്തിൽ ദുർഗ്ഗയായും ബംഗാളിൽ കാളിയായും ഇക്കാലത്ത് ദേവിയെ പൂജിക്കുന്നു. പത്താം ദിവസം വിജയദശമിയായി വിദ്യാരംഭം നടത്തി പൂജ സമാപിക്കുന്നു.

ഉത്തരേന്ത്യയിൽ നവരാത്രി ചൈത്രശുക്ലപ്രഥമ മുതൽ ശ്രീരാമനവമി വരെയുള്ള ഒൻപതു ദിവസമാണ് നടത്തുന്നത്. ഇക്കാലത്ത് ദുർഗ്ഗാപൂജയും കന്യാപൂജയും നടത്തുന്നു. നവരാത്രി ആഘോഷപരിപാടിയിലേയ്ക്ക് എല്ലാവർക്കും സ്വാഗതം.

സസ്നേഹം

**പി.രാമചന്ദ്രൻ** (ജനറൽ സെക്രട്ടറി)

## ഒന്നാം ദിവസം

**(21.9.2017 വ്യാഴം)**

വൈകുന്നേരം 4.00 മുതൽ

## സമ്പൂർണ്ണ
## ശ്രീ ദേവിമാഹാത്മ്യപാരായണം

വൈകുന്നേരം 6.00 മണിക്ക് പൂജവെയ്പ്

**6.30 ന്**

## വിവിധ കലാപരിപാടികൾ

അവതരണം : നായർ സ്ത്രീസമാജം

*With Best Compliments From :*

**N.S. SURESH**

**BRIDAL STAGE DECORATION CONTRACTORS**

(PH: 2700849, MOB : 9447171849)

STAGE DECORATIONS, CAR DECORATIONS, RECEPTION, BOUQUET MAKING ETC.
ALSO UNDERTAKING SWEETS PREPARATION

## 2–ാം ദിവസം

**22.09.2017 (വെള്ളി)**

**വൈകുന്നേരം 4.00 മുതൽ**

## സമ്പൂർണ്ണ ശ്രീ ദേവിമാഹാത്മ്യപാരായണം

**വൈകുന്നേരം 6.30 ന്**

**പീലിത്തിരുമുടി ഇല്ലാത്ത ഹരി എന്ന് ജി. അരവിന്ദൻ വിശേഷിപ്പിച്ച ലോകപ്രശസ്ത പുല്ലാങ്കുഴൽ മാന്ത്രികൻ പത്മവിഭൂഷൺ പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യയുടെ പ്രിയശിഷ്യൻ, ഒഡീഷ സ്വദേശി ഹിമാൻഷു നന്ദ അവതരിപ്പിക്കുന്ന**

# ഹിന്ദുസ്ഥാനി ഫ്ളൂട്ട് കച്ചേരി

**തബല : രത്നശ്രീ അയ്യർ**



**ബീം സെപ്റ്റംബർ മാസ പരിപാടി**
**പ്രോഗ്രാം 420**
**ഫോൺ : 9447608219, E-mail : beame83@yahoo.com**


*With Best Compliments From :*

**T. RADHAKRISHNAN**

**RADHAKRISHNA CATERERS**

Nandanam, Eroor, Tripunithura

**Phone : 9388605714, 9388812584, 9744651709**

## 3-ാം ദിവസം

**23.09.2017 (ശനി)**

**വൈകുന്നേരം 4.00 മുതൽ**

## സമ്പൂർണ്ണ ശ്രീ ദേവിമാഹാത്മ്യപാരായണം

**വൈകുന്നേരം 6.30 ന്**

# നൃത്തപരിപാടി

## അവതരണം : നൃത്തകൈരളി

# കലാമണ്ഡലം മണി



**1971 ൽ പ്രശസ്ത സാഹിത്യകാരൻ സർവ്വശ്രീ. ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി ഉദ്ഘാടനം നിർവ്വഹിച്ച, കലാമണ്ഡലം മണിടീച്ചറുടെ സ്വപ്നസാക്ഷാത്കാരമായ 'നൃത്തകൈരളി' എന്ന നൃത്തവിദ്യാലയം, നീണ്ട 46 വർഷത്തെ മയൂരസ്മരണകളുമായി അഭിവൃദ്ധിയിൽ നിന്നും അഭിവൃദ്ധിയിലേക്ക് വളർന്നുകൊണ്ടേയിരിക്കുന്നു.**



**നൃത്തകൈരളി, തില്ലാന, 38 /354 A**
**കരിത്തല റോഡ്, കൊച്ചി 16, ഫോൺ : 9447505051**

NB: സെപ്റ്റംബർ 30-ാം തീയതി മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി, ശാസ്ത്രീയ സംഗീതം, ചിത്രരചന എന്നീ കലകളിൽ പ്രശസ്തരായ ഗുരുക്കന്മാരുടെ ശിക്ഷണത്തിൽ വിദ്യാരംഭം കുറിക്കുന്നു

## 4-ാം ദിവസം

**24.09.2017 (ഞായർ)**

**വൈകുന്നേരം 4.00 മുതൽ**

## സമ്പൂർണ്ണ ശ്രീ ദേവി മാഹാത്മ്യപാരായണം

**വൈകുന്നേരം 6.30 ന്**

# നൃത്തപൂജ

സൗമ്യ സതീഷ് 5-ാം വയസ്സു മുതൽ ഗുരുകുല സമ്പ്രദായത്തിൽ നൃത്തം അഭ്യസിച്ച് അരങ്ങേറ്റം നടത്തി. 1988 ൽ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഒന്നാം സമ്മാനവും, 1990 ൽ കോഴിക്കോട് സർവ്വകലാ ശാലയിൽ നിന്ന് കലാതിലകപട്ടവും നേടിയിട്ടുണ്ട്. കലാമണ്ഡലം ശ്രീദേവി ഗോപിനാഥ്, കലാമണ്ഡലം മോഹന തുളസി തുടങ്ങിയവരാണ് ഗുരുക്കൻമാർ. 2014 ൽ കലാസാഗർ പുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾക്കു അർഹയായിട്ടുണ്ട്. എളമക്കരയിൽ 1993 മുതൽ ഭരതകലാമന്ദിരം നടത്തി വരുന്നു.



അവതരണം: **സൗമ്യസതീഷും സംഘവും ഭരതകലാമന്ദിരം**

**Near : ഭവൻസ് വിദ്യാമന്ദിർ ദേശാഭിമാനി റോഡ്, എളമക്കര**

**Branches : SNDP Hall Mamangalam,**
**Sree Dhatha Kalaniketan, Thannikal,**
**Ph : 9447001352, 9947481443**
**E-mail: soumyasathish9@gmail.com,**
**Web : soumyasathish.com**

## 5-ാം ദിവസം

**25.09.2017 (തിങ്കൾ)**

**വൈകുന്നേരം 4.00 മുതൽ**

# സമ്പൂർണ്ണ ശ്രീ ദേവി മാഹാത്മ്യപാരായണം

**വൈകുന്നേരം 6.30 ന്**

# നൃത്തസംഗീതാർച്ചന



**അവതരണം : നൃത്യക്ഷേത്രയിലെ നൃത്ത സംഗീത വിദ്യാർത്ഥികൾ**

**സംവിധാനം - ശ്രീമതി ശ്രീദേവിരാജൻ,**
**ശ്രീമതി സന്ധ്യാരാജൻ,ശ്രീ ആർ. എൽ.വി. എ.എസ്. രാജു**

**NB: സെപ്റ്റംബർ 30-ാം തീയതി മോഹിനിയാട്ടം, ഭരതനാട്യം, വായ്പ്പാട്ട്, വീണ എന്നിവയിൽ പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.**

**Nrithya Kshethra**
**CC 39/2436, Warriam Road, Kochi -682016**
**Phone: 0484- 2354848, 2368525, Mobile : 9447132451**

*With Best Compliments From :*

# BEAUTY ART

**BRIDAL STAGE DECORATORS STAGE DECORATION INAGURATIONS & CONFERENCE ART WORK IN THERMOCOL, CAR DECORATION &RECEPTION BOUQUET MAKING**

# 6-ാം ദിവസം

**26.09.2017 (ചൊവ്വ)**

**വൈകുന്നേരം 4.00 മുതൽ**

## സമ്പൂർണ്ണ ശ്രീ ദേവിമാഹാത്മ്യപാരായണം

**വൈകുന്നേരം 6.30 ന്**

# കഥകളി

## കഥ : സർവ്വജ്ഞപീഠം

| | |
|---|---|
| ശങ്കരാചാര്യർ | : കലാമണ്ഡലം വൈശാഖൻ |
| ശിവൻ | : കലാമണ്ഡലം പ്രശാന്ത് |
| പാർവ്വതി | : കലാമണ്ഡലം വിശാഖ് |
| നന്ദികേശ്വരൻ | : കലാമണ്ഡലം മോഹൻദാസ് |
| ചണ്ഡാലൻ | : കലാമണ്ഡലം രവികുമാർ |
| ചണ്ഡാലസ്ത്രീ | : കലാമണ്ഡലം അനിൽ കുമാർ |
| പാട്ട് | : കലാമണ്ഡലം വിനോദ്, കലാമണ്ഡലം അജേഷ് പ്രഭാകർ |
| ചെണ്ട | : കലാമണ്ഡലം വേണുമോഹൻ |
| മദ്ദളം | : കലാമണ്ഡലം വൈശാഖൻ |
| ചുട്ടി | : കലാമണ്ഡലം സുധീഷ് |
| അണിയറ | : ശ്രീ. രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ |



കഥാസാരം: മക്കൾ ഇല്ലാതിരുന്ന ബ്രാഹ്മണ ദമ്പതികളായ ശിവഗുരുവിൻെറയും ആര്യാംബയുടെയും ശിവപ്രാർത്ഥനഫലമായി ഉണ്ടായ പുത്രനാണ് ശങ്കരൻ. ഗോവിന്ദ ഭഗവത് പാദർ ശങ്കരന്റെ ഗുരുവായി. സന്യാസിയായ ശങ്കരൻ ക്ഷേത്രങ്ങൾ സന്ദർശിച്ചും പുണ്യസ്നാനം നടത്തിയും അനവധി ഗ്രന്ഥങ്ങൾ രചിച്ചു. അങ്ങിനെ അദ്വൈത സിദ്ധാന്തം പ്രചരിപ്പിച്ചു.ശങ്കരൻ ശിവസ്തുതികൾ നടത്തുന്നു. എന്നാൽ അവർണ്ണരെ വെറുക്കുന്ന ഒരു ശീലം ശങ്കരനിൽ വളരുന്നു. സർവജ്ഞപീഠത്തിലേക്ക് ഗമിക്കുന്ന ശങ്കരൻ സർവ്വജ്ഞനാണെങ്കിലും അന്ധവിശ്വാസങ്ങൾ പുലർത്തുന്നവനാണെന്ന് ശിവന് തോന്നുകയും അതിനെ ഉന്മൂലനം ചെയ്യേണ്ടത് അത്യാവശ്യമാണെന്നും ശിവൻ തീരുമാനിക്കുന്നു.നന്ദികേശ്വരനോടും മററും ശിവൻ ചണ്ഡാല വേഷം ധരിച്ച് ശങ്കരാചാര്യരുടെ ജാതി ചിന്ത കളയണമെന്ന് പറയുന്നു. അങ്ങിനെ ശിവൻ, പാർവ്വതി, നന്ദി, ഭൂതഗണങ്ങൾ എന്നിവർ എല്ലാം തന്നെ ചണ്ഡാലവേഷത്തിൽ ആകുന്നു. ചണ്ഡാലന്മാരായി അവർ നടക്കുന്നു. തനിക്കെതിരെ വരുന്ന ചണ്ഡാലന്മാരെ ശങ്കരൻ കാണുന്നു. ശങ്കരൻ അവരെ ഭത്സിക്കുന്നു. എന്നാൽ വഴി മാറി പോകാൻ പറയുന്ന ശങ്കരനോട് ഏകനായ ഈശ്വരൻെറ ദൃഷ്ടിയിൽ എല്ലാവരും ഒന്നാണെന്നും രക്തം ഒന്നു തന്നെയാണെന്നും മരിക്കുമ്പോൾ എല്ലാവരും ഒരേ സ്ഥലത്തേയ്ക്കാണ് പോകുന്നതെന്നും സാക്ഷാൽ ശ്രീ പരമേശ്വരൻ പറഞ്ഞു കൊടുക്കുന്നു.

**എറണാകുളം കരയോഗം കഥകളി ക്ലബ്ബ്**
**സെപ്റ്റംബർ മാസ കഥകളി**

**NB: എറണാകുളം കരയോഗം കഥകളിക്ലബ്ബിന്റെ പ്രതിമാസ കഥകളി സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2361160**

## 7-ാം ദിവസം

**27.09.2017 (ബുധൻ)**

**വൈകുന്നേരം 4.00 മുതൽ**

# സമ്പൂർണ്ണ ശ്രീ ദേവിമാഹാത്മ്യപാരായണം

**വൈകുന്നേരം 6.30 ന്**

# നൃത്തസന്ധ്യ

## സംവിധാനം : കലാമണ്ഡലം മോഹനതുളസി



കലാമണ്ഡലം മോഹനതുളസി 53 വർഷമായി ലളിതകലാസദനം എന്ന നൃത്ത വിദ്യാലയം പ്രശസ്തമായ രീതിയിൽ നടത്തി വരുന്നു.

പത്തു വയസ്സിൽ കലാമണ്ഡലത്തിൽ ചിന്നമ്മു അമ്മ ടീച്ചറുടേയും അഭിനയ ശിരോമണി ശ്രീ.എം. ആർ. രാജരത്നംപിള്ളയുടേയും ശിക്ഷണത്തിൽ മോഹിനിയാട്ടം, ഭരതനാട്യം എന്നിവ അഭ്യസിച്ചു. എട്ട് വർഷത്തോളം രാജരത്നം മാസ്റ്ററുടെ കൂടെ ഗുരുകുല വിദ്യാഭ്യാസം നടത്തിയതിനുശേഷം മദ്രാസിൽ ശ്രീ.വെമ്പട്ടി ചിന്നസത്യമാസ്റ്ററുടേയും വിശാഖ പട്ടണത്തിൽ ബാലകൊണ്ടാല റാവുവിന്റേയും കീഴിൽ കുച്ചുപ്പുഡിയും അഭ്യസിച്ചു.

കലൂർ അശോകറോഡ്, ഫോർട്ടുകൊച്ചി സീഹെഡിന്റെ കീഴിലുള്ള കലാഗ്രാമം, പൊന്നുരുന്നി എന്നീ കേന്ദ്രങ്ങളിലാണ് അദ്ധ്യാപനം നടത്തുന്നത്. ഈ സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതും പ്രധാന അദ്ധ്യാപികയും മോഹനതുളസിയാണ്. കേരളത്തിനകത്തും പുറത്തും അതിപ്രശസ്തരായ ഒരു നിര ശിഷ്യസമ്പത്തിന് ഉടമയാണ് ശ്രീമതി മോഹനതുളസി.

ലളിതകലാ സദനം
ആതിര, അശോകാ റോഡ്
കലൂർ 682017, ഫോൺ : 9946379467
E mail : lalithakalasadanam@gmail.com

## 8-ാം ദിവസം

**28.09.2017 (വ്യാഴം)**

**വൈകുന്നേരം 4.00 മുതൽ**

# സമ്പൂർണ്ണ
# ശ്രീ ദേവി മാഹാത്മ്യപാരായണം

**വൈകുന്നേരം 6.00 ന്**

**കരയോഗ വയലിൻ വിദ്യാർത്ഥികൾ**

**അവതരിപ്പിക്കുന്ന**

# വയലിൻ തരംഗം

**സംവിധാനം: സദാനന്ദൻ മാസ്റ്റർ**

**വൈകുന്നേരം 7.00 ന്**

# നൃത്തസന്ധ്യ

**അവതരണം: കരയോഗത്തിലെ**

**നൃത്തവിഭാഗം വിദ്യാർത്ഥികൾ**

**സംവിധാനം**

**ആർ. എൽ.വി. ഷിൽന ജിപ്സൺ**

*With Best Compliments From :*

**HYTECK SANITARY WARES**

Achutha Warrier Lane (Opp. Formost)
M.G.Road, Kochi-682035, Ph : 2366015/2355565, Mob : 9349125825

***Dealers in Sanitary Wares, P.V.C, Pipes &Fittings,***
***C.P. Bathroom Fittings, Glazed Tiles, Flooring Tiles.***

**Bell** **Finolex**

## 9-ാം ദിവസം

**29.09.2017 (വെള്ളി )**

**വൈകുന്നേരം 4.00 മുതൽ**

## സമ്പൂർണ്ണ ശ്രീ ദേവി മാഹാത്മ്യപാരായണം

**വൈകുന്നേരം 6.30 ന്**

## നവദുർഗ്ഗ നൃത്തമഹോത്സവത്തിന്റെ ഭാഗമായി

**ബോംബെ രേവതി ശ്രീനിവാസരാഘവൻ**

**& ഗ്രൂപ്പ് അവതരിപ്പിക്കുന്ന**

# ശിവശക്തി (ബാലെ)

**അനിൽ വെട്ടിക്കാത്തിരി & ഗ്രൂപ്പ് അവതരിപ്പിക്കുന്ന**

# ശിവാഭരണം (ബാലെ)



## 10–ാം ദിവസം

**30.09.2017 (ശനി)**

**വൈകുന്നേരം 4.00 മുതൽ**

# സമ്പൂർണ്ണ ശ്രീ ദേവി മാഹാത്മ്യപാരായണം

**വൈകുന്നേരം 5.00 മണിക്ക്**

# സമാപന സമ്മേളനം

**പ്രശസ്തവിജയവും ഉന്നത സ്ഥാനവും നേടിയവരെ അനുമോദിക്കുന്നു. തുടർന്ന് നവരാത്രി ആഘോഷ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്യുന്നു.**

**NB: സമ്മാനത്തിന് അർഹരായവർ കൃത്യം 4.45 p.m. ന്**

**ഹാളിൽ എത്തിച്ചേരേണ്ടതാണ്.**

**നവദുർഗ്ഗ നൃത്തമഹോത്സവത്തിന്റെ ഭാഗമായി**

**വൈകുന്നേരം 7.15 ന്**

**കൃഷ്ണൻ പോണ്ടിച്ചേരി & ഗ്രൂപ്പ് അവതരിപ്പിക്കുന്ന**

# മഹിഷാസുര മർദ്ദനം ബാലെ

**അനുപമ മോഹൻ & ഗ്രൂപ്പ് അവതരിപ്പിക്കുന്ന**

# അയ്യപ്പചരിതം



തുടർച്ച

# തവാങ്ങ്-ഹിമാലയത്തിലെ രഹസ്യ സ്വർഗ്ഗം

**എം.ആർ. ഹരിരാജ് (ഫോൺ: 9447072461)**

*(കേരളത്തിൽ നിന്ന് അരുണാചൽ പ്രദേശിലെ തവാങ്ങിലേക്ക് നടത്തിയ യാത്രയുടെ വിവരണം കഴിഞ്ഞ ലക്കങ്ങളിൽ കാസിരംഗ, തെസ്പൂർ, എന്നിവിടങ്ങളിൽ കടന്ന് അരുണാചലിന്റെ അതിർത്തിയായ ബാലുക്ക് പോങ്ങ് എത്തിയതു വരെ വിവരിച്ചിരുന്നു. തുടർന്നുള്ള യാത്ര ഈ ലക്കത്തിൽ)*

## നുരാനങ് വെള്ളച്ചാട്ടം

തവാങ്ങ് എത്തുന്നതിന് ഏകദേശം മുപ്പത് കിലോമീറ്റർ ബാക്കിയുള്ളപ്പോൾ, വഴിയിൽ നിന്ന് തന്നെ ഒരു വലിയ വെള്ളച്ചാട്ടം കാണാം. നുരാനങ് അഥവാ ജംഗ് വെള്ളച്ചാട്ടം. നോക്കിയിരുന്നില്ലെങ്കിൽ നുരാനങ് വാട്ടർഫാൾ എന്ന് പഴകി തുരുമ്പിച്ച വഴികാട്ടി ബോർഡ് നമ്മൾ കാണാതെ പേയേക്കും. വാഹനം പോകുമോ എന്ന് സംശയം തോന്നുന്ന ഒരു ചെറിയ മൺപാത. ആ വഴിചെന്ന് കയറുന്നത് വേള്ളച്ചാട്ടത്തിനടുത്തുള്ള ഒരു ജലവൈദ്യുതി നിലയത്തിനു മുന്നിലാണ്. അതുനപ്പുറത്തേക്ക് കുറച്ച് നടക്കണം. രാവിലെ ആരംഭിച്ച കാർ യാത്രയുടെ മടുപ്പിനും, കുനിപ്പിടച്ച ഇരുപ്പിന്റെ മുറുക്കത്തിനും നടത്തം കഴിഞ്ഞേ ഒരു മരുന്നുള്ളു.

നടന്ന് ചെല്ലുന്നത് നൂറ് മീറ്ററോളം ഉയരത്തിൽ നിന്ന് വീഴുന്ന ജലപാതത്തിന്റെ നേരെ താഴെയാണ്. വെള്ളം നിലത്ത് മുട്ടുന്നിടത്ത് ചിതറി തെറിച്ച് മഴവിൽ വർണ്ണങ്ങൾ സൃഷ്ടിക്കുന്നു. മുരൾച്ചയോടെ നിലത്ത് വീഴുന്ന വെള്ളം ചെറുപാറക്കൂട്ടങ്ങൾക്കിടയിലൂടെ പതഞ്ഞ് ചിരിച്ച് താഴ്‌വരയിലേക്ക് ഒഴുകി മറയുന്നു.

അന്തരീക്ഷത്തിലെ തണുപ്പിനൊരു കുറവുമില്ല. ജാക്കറ്റും, ഗൗസ്സും ഒക്കെയിട്ട് മൂടിക്കെട്ടിയാണ് വെള്ളച്ചാട്ടം കാണാൻ ചെന്നത്. തൊട്ടാൽ കൈ തണുത്തുറഞ്ഞ് പോകുന്ന തണുപ്പാണ് വെള്ളത്തിന് പക്ഷേ, ലോകത്തെവിടെയായാലും പുഴ കണ്ടാൽ ഒരു മലയാളി എങ്ങനെ കുളിക്കാതെ പോകും. ഞാനും അനീഷും വസ്ത്രമഴിച്ച് വെള്ളചാട്ടത്തിനടുത്തെത്തി. പക്ഷേ, തികച്ച് വെള്ളത്തിലിറങ്ങണ്ട. അടുത്ത് ചെന്ന് നിന്നാൽ വെള്ളം ഇങ്ങോട്ട് വരും. മഴയത്ത് നിൽക്കുന്ന പ്രതീതി. ആകെ നനഞ്ഞ് തണുത്ത് വിറച്ച് സുന്ദരമായ ഒരു വൈകുന്നേരം.

ജംഗിലെ പേര് മനസ്സിലാകാത്ത ചായക്കടയിൽ നിന്ന് മോമോസും ചായയും കുടിച്ച് തവാങ്ങിലേക്ക്.

## മഹാസംസ്കാരങ്ങളുടെ അതിരുതർക്കം

വേദങ്ങളിലും ഉപനിഷത്തുകളിലും ആത്മസത്യം തിരഞ്ഞ ഭാരതം. കൺഫ്യൂഷനിസത്തിലൂടെയും ന്യാങിലെ പ്രകൃത്യാരാധാകരുടെ ടാവോയിസത്തിലൂടെയും വളർന്ന ചൈന.ഈ മഹാസംസ്കാരങ്ങൾ തുച്ഛമായ രീതിയിൽ അതിരുതർക്കം നടത്തുന്ന നിർഭാഗ്യകരമായ രംഗഭൂമിയാണ് തവാങ്. വർഷങ്ങളായി ഈ സുന്ദരമായ പട്ടണവും ഇവിടുള്ള തികച്ചും ശുദ്ധഗതിക്കാരായ ജനങ്ങളും ഈ വലിയ സംസ്കാരങ്ങളുടെ സംരക്ഷകരുടെ പടലപ്പിണക്കത്തിന്റെ ബലിമൃഗങ്ങളായിരിക്കുന്നു.

വ്യക്തമായ വിവരങ്ങൾ ഈ പ്രദേശത്തിന്റെ ചരിത്രത്തെ പറ്റി ലഭിക്കാൻ കഴിഞ്ഞില്ല. ഇന്റർനെറ്റിലും മറ്റും വായിച്ച ഭാഗങ്ങൾ അവ്യക്തത വർദ്ധിപ്പിച്ചതേയുള്ളു. 1914 ൽ റ്റിബറ്റും, ചൈനയും ബ്രിട്ടീഷ് ഇന്ത്യയും ചേർന്നുണ്ടാക്കിയ സിംല ഉടമ്പടിയിൽ നിന്നാണിന്നുള്ള തർക്കം ആരംഭിക്കുന്നതത്രെ. അതനുസരിച്ച് തവാങിന് വടക്ക് കൂടി പോകുന്ന മക്മോഹൻ ലൈനാണ് അതിർത്തി. 1959 ൽ റ്റിബറ്റിൽ നിന്ന് പലായനം ചെയ്ത 14-ാം ദലയ് ലാമ ഇന്ത്യയിലേക്ക് കടന്നത് തവാങ്ങ് വഴിയാണ്. അല്പ ദിവസങ്ങൾ തവാങ്ങിലെ ബൗദ്ധവിഹാരത്തിൽ അദ്ദേഹം താമസിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് വളർന്ന് വന്ന സ്പർദ്ധ 1962 ലെ യുദ്ധത്തിൽ കലാശിച്ചു. ഇന്ത്യയുടെ ഭരണത്തിൻ കീഴിലാണ് തവാങ്ങ് എന്ന വസ്തുത ചൈന അംഗീകരിക്കുന്നില്ല. അവരുടെ അഭിപ്രായം ഇത് റ്റിബറ്റിന്റെ പ്രദേശമാണെന്നാണ്. എന്നാൽ ഇന്ത്യൻ പട്ടാളത്തിന്റെ സാന്നിദ്ധ്യം

തവാങ്ങിനു വടക്ക് ബോമ്ല വരെയുണ്ടെന്നതും സത്യമായിരിക്കെ തവാങ്ങിലെ പ്രദേശങ്ങൾക്ക് ബീജിങ് എന്തിന്റെയടിസ്ഥാനത്തിൽ അവകാശം ഉന്നയിക്കുന്നുവെന്ന് നമുക്ക് മനസ്സിലാകില്ല. അല്ലെങ്കിലും രാഷ്ട്രീയത്തിന്റെ പേക്കൂത്തുകൾ നേരെ ചിന്തിക്കുന്നവർക്ക് പലപ്പോഴും മനസ്സിലാകാറില്ല. ഈ സ്വച്ഛസുന്ദരമായ ഭൂപ്രദേശത്തിന്റെ സ്വാസ്ഥ്യം ഒരു കാലത്തും യുദ്ധപെരുമ്പറകൾ ഭഞ്ജിക്കാതിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ മാത്രമേ ഒരു വിശ്വപൗരനീ പ്രദേശത്തിലേക്ക് കടക്കുവാനാവൂ.

## തവാങ് അഥവാ അശ്വപുരം

തവാങ്ങ് എന്ന വാക്കിനർത്ഥം 'കുതിര തിരഞ്ഞെടുത്ത സ്ഥലം' എന്നാണത്രെ. ഈ പ്രദേശത്ത് ഒരു ബൗദ്ധവിഹാരം സ്ഥാപിക്കുവാൻ ചുമതലപ്പെട്ട ലാമ ഉചിതമായ സ്ഥലം തേടിയലഞ്ഞു. അനുയോജ്യമായ ഇടം കിട്ടാതെയുഴലുന്ന അദ്ദേഹം ഈശ്വര സഹായത്തിനായി ഒരു ഗുഹയിൽ ധ്യാനനിരതനായി. ധ്യാനത്തിൽ നിന്നുണർന്നപ്പോൾ അദ്ദേഹത്തിന്റെ കുതിരയെ കാണാനില്ല. വളരെ അന്വേഷിച്ചതിനു ശേഷം ഇന്ന് തവാങ്ങ് ബൗദ്ധവിഹാരം നിൽക്കുന്നിടത്ത് കുതിര മേഞ്ഞ് നടക്കുന്നത് കാണുകയുണ്ടായി. അത് ഒരു ദൈവീക സൂചനയായി അദ്ദേഹം തിരിച്ചറിഞ്ഞത്രെ. കുതിര (താ) തെരഞ്ഞെടുത്തത് (വാങ്ങ്) എന്ന് ആയിടത്തിന് പേരു നൽകി അവിടെ ബൗദ്ധവിഹാരം പണിയുകയാണുണ്ടായത്.

പല നിറങ്ങളിലുള്ള മേൽക്കൂരകളുള്ള കൊച്ച് കെട്ടിടങ്ങൾ, ചെറിയ വഴികൾ, പുഞ്ചിരിക്കുന്ന മനുഷ്യർ. ഏതാണ്ട് ഏഴ് മണിയോടെ ഞങ്ങൾ തവാങ്ങിലെത്തി. രണ്ട് നാൾ നീണ്ട റോഡ് യാത്രയുടെ ക്ഷീണം ആലസ്യമായി ശരീരത്തിലും മനസ്സിലും അരിച്ച് കയറി. അല്പം വഴിതെറ്റിയും, അന്വേഷിച്ചും, ഇന്തോ തിബറ്റൻ ബോർഡർ പോലിസിന്റെ ഓഫീസർസ് മെസ് കണ്ടെത്തി. അവിടെയാണ് താമസം. പച്ച മേൽക്കൂരയുള്ള ഒരു കെട്ടിടം. മുഴുവനും തടികൊണ്ടാണ് നിർമാണം. ഇവിടുള്ള മിക്കവാറും കെട്ടിടങ്ങൾ ഇത്തരത്തിലാണ്. തണുപ്പിനെ പ്രതിരോധിക്കുന്ന എന്തെങ്കിലും സംവിധാനമാകണം. എല്ലാ മുറിയിലും ചൂട് പകരാൻ ഹീറ്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. പഴയ കെട്ടിടവും സംവിധാനങ്ങളുമാകയാലകണം, മൂന്ന് ഹീറ്ററുള്ളതിൽ രണ്ടും മണ്ണെണ്ണയിൽ പ്രവർത്തിക്കുന്നവയാണ്. ഞങ്ങളിൽ ചിലർക്ക് മണ്ണെണ്ണയുടെ മണം അലർജിയാണ്. രാത്രി എങ്ങനെയും പിടിച്ച് നിന്ന് അടുത്ത ദിവസം വേറൊരിടം താമസിക്കാൻ കണ്ടെത്താം എന്നുറച്ച് അവിടെ തന്നെ തുടർന്നു. അതിനാൽ തന്നെ രാത്രി വേറെങ്ങും പോയില്ല. ഭക്ഷണവും ചീട്ടുകളിയുമൊക്കെയായി മുറികളിൽ തന്നെ കഴിഞ്ഞു.

അടുത്ത പ്രഭാതത്തിന്റെ കാഴ്ച മറക്കാനാവാത്തതാണ്. ഹിമാലയത്തിന്റെ മടിത്തട്ടിൽ വേനലിന്റെ പുതപ്പിട്ട്, പച്ചയുടുപ്പിട്ട്, സുന്ദരിയായ തവാങ്ങ്. മൂടൽ മഞ്ഞിന്റെ വെള്ളകമ്പിളി ഷാളും, മഞ്ഞിന്റെ തൊപ്പിയുമണിഞ്ഞ് നിൽക്കുന്ന മലകൾ. തണുപ്പ് കമ്പിളി വസ്ത്രങ്ങളും, ചർമവും മാംസവും കടന്ന് പതുക്കെ എല്ലിൽ തന്നെ തൊടുന്നെന്ന് തോന്നും. വഴിയരികിലെ പൂക്കൾക്കൊക്കെ എന്തൊരു നിറപ്പകിട്ടാണ്! ഇന്ത്യൻ സ്റ്റാൻഡേഡ് ടൈം നാലുമണി കഴിയുമ്പോഴേ ഇവിടെ നേരം വെളുത്ത് നല്ല പ്രകാശമാവും. അസ്തമയവും രാത്രിയും ഒക്കെ നേരത്തെയാണ്. എട്ടു മണി കഴിഞ്ഞാൽ മിക്കവാറും കടകളൊക്കെ അടച്ച് കഴിയും. ഭക്ഷണം പോലും കിട്ടാൻ പ്രയാസമാണ്. നമ്മുടെ ശരീരത്തിന്റെ ഘടികാരം ഇതോടൊന്നിണങ്ങാൻ അല്പം പ്രയാസമാണ്.

താമസിക്കുന്നിടത്ത് വെള്ളം തിളപ്പിക്കാൻ ഹീറ്ററൊക്കെയുണ്ട്. പക്ഷേ വൈദ്യുതിയില്ല. പിന്നെന്ത് ചെയ്യാൻ. അടുക്കളയിൽ നിന്ന് വെള്ളം തിളപ്പിച്ച് വാങ്ങി വായ് കഴുകേണ്ട അവസ്ഥ. രാവിലെ തന്നെ അടുത്ത ഹോട്ടൽ ഫോൺ വഴി കണ്ടെത്തി. അവിടുത്തെ അവസ്ഥ അറിയില്ലല്ലോ. നേരിട്ട് കണ്ടിട്ടാവാം തീരുമാനമെന്നായി. അന്വേഷിക്കുമ്പോൾ തവാങ്ങിൽ മറ്റ് ഹോട്ടലിലൊന്നും മുറികളൊഴിവില്ലതാനും.

രാവിലെ തന്നെ തവാങ്ങിലെ ചന്ത ലക്ഷ്യമാക്കി നടന്നു. തീരെ ചെറിയ പട്ടണമാണ് തവാങ്ങ്. ഒരു ജില്ലയുടെ തലസ്ഥാനമാണെന്നൊന്നും തോന്നില്ല. ടൂറിസം ഇവിടെ വേരു പിടിച്ച് വരുന്നേയുള്ളു. മാർക്കറ്റിൽ ചെന്ന് ആദ്യം അന്വേഷിച്ചത് ബോലയിലേക്കുള്ള വാഹനമാണ്. അങ്ങോട്ടുള്ള യാത്ര ഗുവഹട്ടിയിൽ നിന്നെടുത്ത വാഹനത്തിൽ സാധിക്കില്ലത്രേ. അതെന്ത് കൊണ്ടാണെന്ന് യാത്ര തുടങ്ങിയപ്പോഴാണ് മനസ്സിലായത്. വഴി അത്തരമാണ്. ഒരു റ്റാറ്റാസുമോ വണ്ടിക്കാരനോട് കാര്യങ്ങൾ പറഞ്ഞുറപ്പിച്ചു. 4500 രൂപയാണ് ബോംലയാത്രയ്ക്കുള്ള കൂലി. അങ്ങോട്ടുള്ള പെർമിറ്റ് പ്രത്യേകമായി എടുക്കണം. അത് അനീഷ് എടുത്തോളാമെന്നേറ്റപ്പോൾ 500 രൂപ കുറഞ്ഞു. വലിയ പേശലിനൊന്നും ആശാൻ തയ്യാറല്ല എന്ന് വ്യക്തം. ഡ്രൈവറുടെ ഫോൺ നമ്പരും ഒക്കെ വാങ്ങി. ഒരു ചായയും കുടിച്ച് ഞങ്ങൾ പുതിയ ഹോട്ടൽ അന്വേഷിച്ച് പോയി.

പട്ടണത്തിൽ നിന്നും അല്പം മാറി, ഉർജലിങ് എന്നൊരു ഗ്രാമത്തിലാണ് ഹോട്ടൽ. യങ്സോം എന്നാണ് ഹോട്ടലിന്റെ പേര്. റിസ്പഷനിൽ ഒരു സ്ത്രീയാണ്. ഒരു വൃദ്ധ. പേര് സറീൻ. മുറിയൊക്കെ കാണിച്ചു തന്നു. വില പേശലിലൊന്നും അവർക്ക് താല്പര്യമില്ല. 'ഇതൊന്നും വേണ്ടിയിട്ടു നടത്തുന്ന തല്ല. വെറുതെ ഒരു നേരമ്പോക്ക്. അത്രേയുള്ളു.' സറീനാമ്മച്ചി ജാഡയിട്ടു. മുറികൾ വൃത്തിയാണ്. മുറി ചൂടാക്കാൻ വൈദ്യുതി സംവിധാനമാണ്. മണ്ണെണ്ണയല്ല. മതി. കാശ് കുറച്ചായാലും ശുദ്ധവായു ശ്വസിക്കാമല്ലോ. ഞങ്ങൾ മുറിയെടുത്തു. വീണ്ടും പട്ടണം കാണാൻ ഇറങ്ങി.

## നിത്യപ്രകാശത്തിന്റെ ആകാശപ്പറുദീസ

പട്ടണത്തിലേതാണ്ട് എവിടെ നിന്ന് നോക്കിയാലും മഞ്ഞ നിറത്തിലുള്ള മേൽക്കൂരയോട് കൂടിയ തവാങ് ബുദ്ധവിഹാരവും വളരെ ഉയരമുള്ള ഒരു ബുദ്ധപ്രതിമയും കാണാം. സൂര്യന്റെ പുഞ്ചിരിക്ക് കീഴിൽ കനകത്തലപ്പാവണിഞ്ഞ് തവാങ് ബൗദ്ധവിഹാരം. ഗാൽഡൻ നംഗെ ലാഹ്സെ എന്നാണ് ഈ ബൗദ്ധവിഹാരത്തിനു പേര്. 'നിത്യപ്രകാശത്തിന്റെ ആകാശ പറുദീസ' എന്നർത്ഥം. വലുപ്പത്തിൽ ലോകത്തിലെ രണ്ടാമത്തെ ബൗദ്ധവിഹാരമാണത്രെ അഞ്ചാം ദലൈലാമയുടെ കാലത്ത് സ്ഥാപിച്ച ഈ ബൗദ്ധാശ്രമം. മുൻപ് പറഞ്ഞ കുതിര തെരഞ്ഞെടുത്തയിടം. എന്നാൽ വാസ്തവത്തിൽ തവാങ് എന്നും പല അധികാരികളുടെയും ദുരാഗ്രഹത്തിനു പാത്രമായിരുന്നു എന്നതാണ് വസ്തുത. ബുദ്ധമതത്തിലെ തന്നെ പല ഉപവിഭാഗങ്ങൾ തമ്മിലുള്ള തർക്കം രൂക്ഷമായിരുന്ന കാലത്ത് ഒരു കോട്ടയുടെ മാതൃകയിലാണ് ഈ ബൗദ്ധ വിഹാരം പണിതിട്ടുള്ളത്. ഒരു കാലത്ത് ഈ പ്രദേശത്തിന്റെ ഭരണവും ഈ ബൗദ്ധ വിഹാരത്തിൽ നിന്ന് തന്നെയായിരുന്നത്രെ നടത്തിയിരുന്നത്.

ബൗദ്ധവിഹാരത്തിലേക്കുള്ള പ്രവേശന കവാടം സുന്ദരവും നിറപ്പകിട്ടാർന്നതുമാണ്. കടുത്തതും പ്രസന്നവുമായ നിറങ്ങളുടെ ധാരാളിത്തം എവിടെയും കാണാം. അകത്തേക്കുള്ള വഴിയിൽ തന്നെ ബൗദ്ധമന്ത്രങ്ങൾ കൊത്തി വച്ച വളരെ വലുപ്പമുള്ള മണികളും പ്രാർത്ഥനാ ചക്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ബൗദ്ധസന്യാസിമാർക്ക് താമസിക്കുവാനുള്ള വീടുകളാണിവിടെ അധികവും. മഞ്ഞ മേൽക്കൂരയോടെ ദൂരെ നിന്ന് കാണുന്നതത്രയും ഇത്തരം താമസസ്ഥലങ്ങളാണ്.

ഒരു ബൗദ്ധക്ഷേത്രമാണ് ആശ്രമത്തിന്റെ കേന്ദ്രബിന്ദു. ഇവിടെയാണ് സന്യാസിമാർ ഒത്ത് ചേർന്ന് മന്ത്രോച്ചാരണങ്ങളോടെ ആരാധന നടത്തുന്നത്. കൂർഗിലെ തിബത്തൻ മൊണാസ്ട്രിയിൽ ഈ മന്ത്രോച്ചാരണം നടക്കുന്ന സമയത്ത് ചെല്ലാനുള്ള ഭാഗ്യം പണ്ടുണ്ടായിട്ടുണ്ട്. നൂറിനുമേൽ സന്യാസിമാർ ഒരേ സ്വരത്തിൽ ഒരേ ഈണത്തിൽ ഒരേ മന്ത്രം ചൊല്ലുകയും, അതിനിടക്ക് സംഗീതസൃഷ്ടിയുടെ കൃത്യതയോടെ വലിയ വാദ്യോപകരണങ്ങൾ മുഴക്കുകയും, പ്രാർത്ഥനാചക്രങ്ങൾ കറക്കുകയും ഒക്കെ ചെയ്ത് ഒരു നാദപ്രപഞ്ചം തന്നെ സൃഷ്ടിക്കും. സന്യാസിമാരുടെ ആ ഒത്തുചേരൽ ഒരു കാഴ്ചയും അനുഭവവുമാണ്. തവാങിൽ എന്നാൽ അത് കാണാനൊത്തില്ല. അതിന്റെ സമയത്തെത്തിയാലെ അത് സാധിക്കൂ. പതിനെട്ടടിയുയരത്തിൽ പദ്മാസനസ്ഥനായ ബുദ്ധന്റെ പ്രതിമയാണ് ക്ഷേത്രത്തിനു നടുക്ക്. ഭീമാകാരമായ ആ കനകവർണ്ണ പ്രതിമയ്ക്ക് ചുറ്റും ചുവപ്പിലും സ്വർണ്ണവർണ്ണത്തിലും സുന്ദരമായ ചിത്രപ്പണികൾ. ബൗദ്ധദേവതമാരുടെ അതിമനോഹരമായ ചിത്രങ്ങൾ കടുത്ത വർണ്ണങ്ങളിൽ വരച്ചിട്ട പട്ട് തുണികൾ ചുറ്റും തൂക്കിയിട്ടിരിക്കുന്നു. ദലൈലാമയുടെ ചിത്രവുമുണ്ട് നടുക്ക് തന്നെ. ക്ഷേത്രത്തിനുള്ളിൽ മുഴുവൻ ഇരിപ്പിടങ്ങളാണ്. തറയിൽ വിരിച്ചിരിക്കുന്ന മെത്തകൾ. ഇവിടെയാണ് സന്യാസിമാർ ഇരിക്കുക. അവരില്ലാത്തപ്പോൾ നമുക്കും ഇരിക്കാം. തികച്ചും നിശബ്ദമായ ഇടം. ഒപ്പം കയറിയിരിക്കുന്നത് തമിഴ് നാട്ടിൽ നിന്നുള്ള ഒരു സംഘമാണ്. അവർ വളരെ പതിഞ്ഞ സ്വരത്തിൽ സംസാരിക്കുന്നുണ്ട്. പിന്നെ കടുത്ത നിശബ്ദതയെ ഭഞ്ജിക്കുന്നത് ക്യാമറയുടെ ഷട്ടർ തുറന്നടയുന്ന ശബ്ദം മാത്രം.

ആശ്രമത്തിൽ ഒരു മ്യൂസിയവും ഉണ്ട്. അഞ്ച് നൂറ്റാണ്ടിന്റെ തിരുശേഷിപ്പുകൾ. ചരിത്രം ഒപ്പിയെടുത്തിട്ടുള്ള ഫോട്ടോകൾ. ഭാരതത്തിലെ എണ്ണം പറഞ്ഞ നേതാക്കളുടെ തവാങ് സന്ദർശനത്തിന്റെ ഓർമ്മചിത്രങ്ങൾ. ബൗദ്ധദേവതമാരുടെ നിറപ്പകിട്ടാർന്ന പ്രതിമകൾ, ചിത്രപ്പണികൾ. ചുവന്ന പുതപ്പും മഞ്ഞയുടുപ്പുമിട്ട കുട്ടി സന്യാസിമാർ പുഞ്ചിരിയുടെ പൂക്കൾ വിതറി അവിടവിടെ നടക്കുന്നു. പ്രായം ചെന്ന സന്യാസിമാരിൽ മിക്കവർക്കും വളരെ ഗൗരവമുള്ള മുഖമാണ്. കാഴ്ചകൾ കണ്ടും ചിത്രങ്ങൾ ക്യാമറയിൽ പകർത്തിയും ഒരു മണിക്കൂറോളം അവിടെ ചെലവഴിച്ച് മടങ്ങി.

## തവാങ് യുദ്ധ സ്മാരകം

പട്ടണത്തിൽ നിന്നധികം ദൂരെയല്ലാതെ, നാല്

പതടിയോളം ഉയരത്തിൽ തവാങ്ങിന്റെ ആകാശത്തിലേക്ക് ഉയർന്ന് നിൽക്കുന്ന ഒരു ബൗദ്ധസ്തൂപമുണ്ട്. അല്പം ദൂരെ നിന്നു തന്നെ ചുവപ്പും തങ്കവർണ്ണവും ഇടവിട്ട് നിറം പകരുന്ന അതിന്റെ താഴികക്കുടങ്ങൾ കാണാം. യുദ്ധസ്മാരകമായി സമാധാനത്തിന്റെ പ്രതീകമായ ബൗദ്ധസ്തൂപങ്ങൾ സ്ഥാപിക്കുന്നതിലെ കാവ്യാത്മകത എത്ര വർണ്ണിച്ചാലും മതിയാകില്ല. വെടിപ്പുകയും നിലവിളികളും രക്തവും വെന്തമാംസമുയർത്തുന്ന ദുർഗന്ധവും കലർന്ന യുദ്ധത്തിന്റെ ഓർമയ്ക്ക് മുന്നിൽ, തവാങ്ങിന്റെ സ്വച്ഛനീലിമയാർന്ന ആകാശത്തിലേക്കുയർന്ന വെളുത്ത തൊഴുകൈ പോലെ, 'നാംജ്യാൽ ചെറോക്ക്,' അഥവാ 'വിജയ സ്മാരകം' മനുഷ്യന്റെ ആക്രമോത്സുകതക്ക് മുന്നിൽ 'മാ നിഷാദ' എന്ന അർത്ഥനയോടെ , ആരോ എന്നോ വരച്ചിട്ട അതിർത്തി രേഖകൾക്ക് മേൽ തല തല്ലി ചാവാൻ തയ്യാറായ മനുഷ്യന്റെ വിഡ്ഢിത്തത്തിനു മേൽ സമാധാനത്തിന്റെ വിജയ സ്മാരകം.

ഇവിടെ ഇന്തോചീന യുദ്ധത്തിൽ ഉപയോഗിച്ചിരുന്ന പടക്കോപ്പുകൾ പ്രദർശിപ്പിച്ചിരിക്കുന്നു. വിമാനവേധത്തോക്കുകൾ മുതൽ പട്ടാളക്കാർ ഉപയോഗിച്ചിരുന്ന വാട്ടർബോട്ടിൽ വരെ. സൈന്യത്തിന്റെ നിയന്ത്രണത്തിലുള്ള സ്മാരകത്തിൽ നമ്മുടെ ഭടന്മാർ പുഞ്ചിരിയോടെ, സൗഹൃദത്തോടെ വരുന്നവരെയെല്ലാം സ്വാഗതം ചെയ്യുന്നു. വിവരങ്ങൾ ചൂണ്ടിക്കാണിച്ച് പറഞ്ഞ് തരുന്നു. പട്ടാളക്കാരുപയോഗിക്കുന്നതിന്റെ മാതൃകയിൽ നിർമ്മിച്ചിരിക്കുന്ന ജാക്കറ്റുകൾ മുതൽ ബുദ്ധപ്രതിമകൾ വരെ വിൽക്കുന്ന ഒരു ചെറിയ കട സൈന്യം ഇവിടെ നടത്തുന്നുണ്ട്.

മറ്റിടങ്ങളിലെക്കാൾ വില ലാഭമാണെന്ന് തോന്നുന്നു. പക്ഷേ എന്റെ സൈസിലുള്ള ജാക്കറ്റ് കിട്ടിയില്ല. ഇത്ര വണ്ണമുള്ളവരെ പട്ടാളത്തിലെടുക്കാറില്ലായിരിക്കണം. കുറേ ബൗദ്ധപ്രതിമകൾ വാങ്ങിക്കൂട്ടി, തവാങ് യാത്ര സ്മരണയ്ക്ക്.

യുദ്ധസ്മാരകത്തിനൊരു വശത്ത് ഒരു തീയറ്ററാണ്. വൈകിട്ടവിടെ ലൈറ്റ് ആന്റ് സൗണ്ട് ഷോയുണ്ടെന്ന് കേട്ട് സന്ധ്യതിരിഞ്ഞ് വീണ്ടും അവിടെയെത്തി. ആറു മണിക്കാണ് ഷോ. ആദ്യ പ്രദർശനത്തിന് കയറാൻ സാധിച്ചില്ല. തിരക്കുത്രയുണ്ട്. രണ്ടാമത്തെ ഷോയ്ക്ക് ടിക്കറ്റെടുത്ത് കാത്ത് നിന്നപ്പോഴാണ് മ്യൂസിയമായി സജ്ജീകരിച്ച ഭാഗം വിശദമായി കണ്ടത്. രണ്ട് മൂന്ന് മേശപ്പുറത്തും, അതിന്റെ ഭിത്തിയിലുമായി സജ്ജീകരിച്ചിരിക്കുന്ന ഒരു ചെറിയ പ്രദർശനം. എന്നാൽ യുദ്ധചരിത്രം മനസ്സിൽ തട്ടും വിധം വരച്ചിടുന്നതിൽ അത് വിജയിക്കുന്നു. ചൈനീസ് ആക്രമണവും, ഇന്ത്യൻ ചെറുത്ത് നിൽപ്പും ഭൂപടങ്ങളായും, മാതൃകാ ശില്പങ്ങളായും മുന്നിൽ വിരിയുന്നു.

ലൈറ്റ് ആന്റ് സൗണ്ട് ഷോയുടെ ശബ്ദവിന്യാസങ്ങൾ നിരാശാജനകമായിരുന്നു. എങ്കിലും അഞ്ച് പതിറ്റാണ്ട് മുൻപ് സ്വാതന്ത്ര്യാനന്തരം തീരെ ചെറുപ്പമായിരുന്ന ഭാരതത്തെ അന്ന് തന്നെ വൻ ശക്തിയായിരുന്ന ഒരു രാജ്യം ആക്രമിച്ചപ്പോൾ, എണ്ണത്തിലും, സാങ്കേതിക വിദ്യയിലും ശക്തികുറഞ്ഞ നമ്മുടെ പട്ടാളം തിരിച്ചടിച്ചത്, പിടിച്ച് നിന്നത്, ധീരതയും ദേശാഭിമാനവും മാത്രം കൈമുതലാക്കിയായിരുന്നു എന്ന് ബോദ്ധ്യം വരും.

ഷോ കഴിഞ്ഞിറങ്ങിയത് എട്ട് എട്ടര ആയപ്പോഴാണ്. പക്ഷേ സെക്കൻഡ്ഷോ കഴിഞ്ഞിറങ്ങിയ പ്രതീതി. കൂരിരുട്ട്, ഒപ്പമുണ്ടായിരുന്ന കാഴ്ചക്കാർ പിരിഞ്ഞ് പോകുന്നതോട് കൂടി തെരുവുകൾ ശൂന്യം. ഏകാന്തം. ഒടുവിലത്തെ വാഹനമായി ഞങ്ങളുടെ കാർ അവിടം വിടുമ്പോൾ, തണുപ്പും ഇരുട്ടും ഒന്നും വകവെക്കാതെ രണ്ട് പട്ടാളക്കാർ തോക്കുമേന്തി കാവൽ നിൽക്കുന്നുണ്ട് സമാധാനമായി നമുക്കുറങ്ങാൻ. യുദ്ധസ്മരണകളോടെ, നാളത്തെ ബോംല യാത്ര കിനാവു കണ്ട്, ഉർജലിങ്ങിലെ പുതിയ ഹോട്ടലിലേക്ക് രാത്രി ഞങ്ങൾ ചേക്ക കൂടി. (തുടരും) •

## 4-ാം ചരമവാർഷികം

**11. 09 .2017**



**ആർ. ഗോപിനാഥൻ**
**ശ്രേയസ്സ്, കെ.വി. 59**
**പനമ്പിള്ളി നഗർ, കൊച്ചി 682036**

കവിത

# സ്വപ്നഭംഗം

കല്പകം സോമരാജൻ

കാറൊഴിഞ്ഞല്ലോ വാനിൽ നീലിമ മറഞ്ഞെങ്ങോ
വാറൊളി മഴവില്ലും മാഞ്ഞുപോയാകാശത്തിൽ
പൊൻവെയിൽ പരക്കുന്നു ചിങ്ങത്തിൻ തുടിപ്പുകൾ
മേനിയിൽ ചൂടി ഭൂമി പുളകം കൊണ്ടീടുന്നു.
മത്സരിച്ചോടീടുന്നു പൂക്കുട നിറക്കുവാൻ
സ്വച്ഛമാമംബരത്തിൽ വെണ്മേഘക്കുരുന്നുകൾ
നിശ്ചലം നില്ക്കാതെ കണ്ടോടുന്നു കുളിർത്തെന്നൽ
ഒപ്പമെത്തുവാൻ കുതിച്ചോടുന്നൂ പൂഞ്ചോലയും
മാനവപ്രയത്നത്തിൻ മഹിതപ്രഭാവത്തെ
പുകഴ്ത്തി നെല്ലോലകൾ സ്വർണ്ണകമ്പളം തീർപ്പൂ
കാടുകൾ മണിമേടും സ്വച്ഛമാം ചെറുതോടും
ആടൽ തീർന്നതിമോദം പുളകം കൊള്ളൂ പൂവാൽ.
നെൽക്കതിർക്കുല മെല്ലെ ചാഞ്ഞുനിന്നാടീടുന്നു
നെല്ലതിൻ തോളിൽ താങ്ങി നെല്ലിപ്പൂ ചിരിക്കുന്നു.
കാക്കയും മൂക്കൂറ്റിയും പാച്ചോറ്റി പവിഴവും
കോടമുത്തുകളേന്തി കുണുങ്ങി നിന്നീടുന്നു.
പാടത്തിൻ വരമ്പിലൂടോടിയെത്തുന്ന കാറ്റിൻ
കൈകളിൽ കൈനാറി തൻ സുഗന്ധം തിങ്ങീടുന്നു
ചെങ്കതളിയും മഞ്ഞകോളാമ്പി മുക്കൂറ്റിയും
ചെണ്ടു മല്ലിയും ഞെളിഞ്ഞുല്ലാസം പരത്തുന്നു.
തുമ്പയും തുളസിയും തെറ്റിയും മന്ദാരവും
ചെമ്പനീർ പൂവും ചെമ്മേ കണ്ണുകൾ തുറക്കുന്നു.
കറുകക്കൊടിപോലും കാതരയായീതല്ലോ,
മഞ്ഞ മന്ദാരം ഭദ്രതാലവുമേന്തി നില്പൂ.
മുക്കൂറ്റി കുണുങ്ങുന്നു പൊന്നലിക്കിട്ട കാതിൽ
കിന്നാരം ചൊല്ലി കാറ്റു മെല്ലവേ തഴുകുമ്പോൾ
വേപഥു പൂണ്ടു തുള്ളി തുമ്പികൾ മുത്തം നൽകെ
ചെം പനിർ കവിൾത്തടം ചോപ്പിനാൽ തുടുക്കുന്നു.
സ്വർണ്ണ നൂൽക്കിരണങ്ങൾ തട്ടിയെൻ മുറ്റത്തു ഞാൻ
നികക്കെ ചമച്ചൊരാ പൂക്കളം ശോഭിക്കുന്നു
നെയ്താമ്പൽ നിറഞ്ഞൊരാ കൈതോട്ടിൻ വക്കിൽ നിന്നും
പൂവിളിമുഴങ്ങുന്നെൻ കൂട്ടരിങ്ങെത്തിപ്പോയി.
സ്വപ്നവിച്ഛേദം വന്നൂ ഞെട്ടിഞാനുണർന്നുപോയ്
കൺ ചിമ്മിനോക്കീടുന്നെൻ ഗ്രാമത്തിൻ ഭംഗി കാണ്മാൻ
ഉത്തുംഗ ഗോപുരങ്ങൾ ചുറ്റുമായ് കാണായെന്റെ
ഹസ്തമോഹിത ചിത്തം മഗ്നമായ് മരവിപ്പൂ.
ഉണരും പ്രഭാതത്തിൻ മഞ്ഞിമയില്ല നീളെ
തുയിലുണർത്തുവാൻ പാടും കിളിതൻ നാദമില്ല
തുമ്പയുമില്ല  ചെറുതുമ്പിയുമില്ല കാറ്റിൻ
കിന്നാരമില്ല ചുറ്റും തിങ്ങുന്നൊരസ്വസ്ഥത
എവിടെ ഗ്രാമത്തിന്റെ ഭംഗിയീ നഗരത്തിൽ
തിങ്ങിടും പരിഷ്കാര ശീലുകളല്ലോ കാണ്മൂ.
മിന്നുന്നൂ ചമയങ്ങൾ പുത്തനാണ്ടെത്തിപ്പോയി
പൊന്നോണം വന്നെത്തിയെന്നുത്ഘോഷം മുഴങ്ങുന്നു.
പൂക്കുട നിറച്ചെത്തും വാണിഭക്കാരും നീളെ
ആർത്താർത്തു വിളിക്കുന്നു വരുവിൻ വാങ്ങിപ്പോകിൻ
കരൾ പോലക്കൂടയിൽ തിങ്ങിനില്ക്കുന്നു ചുവന്ന
രളി പൂക്കൾ മല്ലി പൂക്കളും ജമന്തിയും.
മഞ്ഞയും ചോപ്പും ചേർന്നചേലയാൽ താറുപാച്ചി
കുംഭയും പുറത്തിട്ടു മീശയും വച്ചു നില്പൂ
വലിയോരോലക്കുട കീഴിലായ് പേക്കോലങ്ങൾ
മലയാളമേ കണ്ണുപൊത്തുക ലജ്ജിക്കുക.
മാവേലിയാണത്രേ നില്ക്കുമാക്കോലത്തിനായ്
മാലോകർ പേരു ചൊല്ലി കണക്കെ ചിരിക്കുന്നു.
അന്തിയിൽ കിട്ടും കാശിൻ കണക്കിൻ കനം നോക്കി
ചിന്തയിൽ മുങ്ങി പാവം നിൽക്കുന്നിതക്ഷോഭ്യനായ്.
സത്യധർമ്മങ്ങൾ നിതി ദയയും ദാനവായ്പും
ഒത്തു വന്നാകാരമായ് തീർന്നൊരാ രാജശ്രേഷ്ഠൻ
സ്മരിക്കപ്പെടെണ്ടൊരാ രാജപാദത്തിൽ നമ്മൾ
നമിക്കൂ കൈകൾ കൂപ്പി ക്ഷമയെന്നപേക്ഷിക്കൂ.

# സുഭാഷിതം 3-1
## 3. ധർമ്മം

പ്രൊഫ : പി. അംബുജാക്ഷി

ധർമ ഏവ പരം ദൈവം
ധർമ ഏവ മഹാധനം
ധർമഃ സർവ്വത്ര വിജയീ
ഭവതു ശ്രേയസേ നൃണാം

ധർമ്മം തന്നെയാണ് പരമപുരുഷൻ. മഹാധനവും ധർമ്മം തന്നെ. ധർമ്മം എല്ലായിടത്തും വിജയിക്കുന്നു. ധർമ്മം മനുഷ്യർക്കു ശ്രേയസ്സു നൽകുന്നു. ശ്രീനാരായണ ഗുരുദേവന്റെ ഈ വാക്കുകൾ ധർമ്മത്തിനു മനുഷ്യ ജീവിതത്തിലുള്ള സ്ഥാനം എന്താണെന്ന് വിവരിക്കുന്നു.

'ധൃ' എന്ന ധാതുവിൽ നിന്നാണ് ധർമ്മം എന്ന വാക്കുണ്ടായിട്ടുള്ളത്. നിലനിർത്തുക, പിടിച്ചു നിർത്തുക വഹിക്കുക എന്നൊക്കെയാണ് അതിനർത്ഥം. ഏതൊന്നാണോ ലോക ജീവിതത്തെ നയിക്കുന്നത്, നിലനിർത്തുന്നത് അതാണ് ധർമ്മം. 'ലോകാ സമസ്താഃ സുഖിനോ ഭവന്തു' എന്നു ചരാചരങ്ങൾക്കു മുഴുവൻ ശാന്തിയും ഉൽകൃഷ്ടജീവിതവും പ്രദാനം ചെയ്യുന്ന ഒരു മാർഗ്ഗമായി ധർമ്മത്തെ കണക്കാക്കാം. ഒരർത്ഥത്തിൽ കർമ്മം തന്നെയാണ് ധർമ്മം. നൻമയോടടുപ്പിക്കും കർമ്മം ധർമ്മവും തിൻമയിലേയ്ക്കു നയിക്കുന്ന കർമ്മം അധർമവുമാണ്.

ഈശാവാസ്യമിദം സർവ്വം
യത് കിഞ്ച ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാഃ

എന്ന ഉപനിഷത് വാക്യം ഈ പ്രപഞ്ചത്തിലെ സകല വസ്തുക്കളിലും ഈശ്വരശക്തി വ്യാപിച്ചു കിടക്കുന്നു, അതുകൊണ്ട് ത്യാഗത്തിലൂടെ ജീവിതം അനുഭവിക്കുക എന്നു നമ്മെ ഉദ്ബോധിപ്പിക്കുന്നു. സകല ചരാചരങ്ങളും നമ്മുടെ കുടുംബക്കാരെണ്ണെന്ന 'യത്ര വിശ്വം ഭവത്യേകനീഡം' എന്ന ബോധം സ്വാർത്ഥചിന്തയകറ്റി മനസ്സിനെ ശുദ്ധീകരിക്കുന്നു. അപ്പോൾ നമ്മുടെ ജീവിത ലക്ഷ്യം സഹജീവികളുടെ നന്മ മാത്രമായിത്തീരുന്നു.

### സുഭാഷിതം 3-2

'ആത്മനഃ പ്രതികൂലാനി
പരേഷാം ന സമാചരേത്'

തനിക്കു പ്രതികൂലമായത് അന്യരുടെ കാര്യത്തിലും ചെയ്യരുത് എന്ന ബോധത്തോടെ നാം പ്രവർത്തിക്കുമ്പോൾ നാം ധർമ്മം അനുഷ്ഠിക്കുന്നു. ധർമ്മം തന്നെയാണ് മഹാധനം. സ്വന്തം സുഖം മാത്രം ലാക്കാക്കി നാം ധനം സമ്പാദിക്കുമ്പോൾ നമ്മുടെ ധനാർജ്ജനതൃഷ്ണ സ്വാർത്ഥജടിലമാകുന്നു. അവരവരുടെ ന്യായമായ പ്രവൃത്തിക്കു ലഭിക്കുന്ന പ്രതിഫലം കൊണ്ട് തൃപ്തിപ്പെടാനാവാതെ കൈക്കൂലിയും കരിഞ്ചന്തയും, തട്ടിപ്പറിയുമായി നാം അധർമ്മ മാർഗ്ഗത്തിലൂടെ നീങ്ങുമ്പോൾ 'പുത്രാദപി ധനഭാജാം ഭീതി' എന്ന് മക്കളെപ്പോലും ഭയന്ന് ജീവിക്കേണ്ടി വരുന്നു. ആത്മസുഖത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ നമുക്കും അന്യർക്കും ഒന്നുപോലെ ദുഃഖവും അസ്വാസ്ഥ്യവും ഉണ്ടാക്കുന്നു.

അർഥകാമങ്ങൾ പോലും ധർമ്മാചരണമാക്കിയ രഘുവംശ രാജാക്കൻമാരെ മഹാകവി കാളിദാസൻ നമുക്ക് പരിചയപ്പെടുത്തുന്നു. എന്നാൽ ഇന്ന് കനകത്തിനും കാമിനിക്കും വേണ്ടി അധർമ്മം ചെയ്യുന്നവരെയാണ് സമൂഹത്തിന്റെ എല്ലാ തുറകളിലും നാം കാണുന്നത്. നമ്മുടെ അർഥവും കാമവും ലോകനൻമയ്ക്കുപകരിക്കുമ്പോൾ മാത്രമാണ് ധർമ്മം ആചരിക്കുന്നുവെന്നു സ്വയം അവകാശപ്പെടാനാവൂ. അപ്പോൾ നമ്മുടെ ധർമ്മം അനശ്വരമായ മഹാധനമായി മാറുന്നു.

### സുഭാഷിതം 3-3

ഇങ്ങനെ ആചരിക്കപ്പെടുന്ന ധർമ്മം എല്ലായിടത്തും വിജയിക്കുന്നു. ഇന്നേവരെയുള്ള ലോക ചരിത്രത്തിൽ അന്തിമ വിജയം നേടിയത് സത്യവും ധർമ്മവുമാണ്. എന്തെന്തു ദുഃഖങ്ങൾ സഹിക്കേണ്ടി വന്നാലും ''ധർമ്മോ രക്ഷതി രക്ഷിതഃ'' എന്നു ജീവിതത്തിന്റെ അന്തിമ വിജയം ധർമ്മാചരണത്തിലൂടെ

നേടിയ ധന്യത തന്നെ.

ഒരു കൃമിയുടെ ജീവൻ പോലും സ്വന്തമായി സൃഷ്ടിക്കാൻ കഴിവില്ലാത്തവർക്ക് സ്വന്തം വംശത്തെ കൊന്നൊടുക്കുവാനുള്ള അവകാശമില്ല. മനുഷ്യ നൻമയ്ക്കായി മനുഷ്യനുണ്ടാക്കിയ രാഷ്ട്രീയസാമൂഹികസാമ്പത്തികസ്ഥാപനങ്ങളെല്ലാം സ്വാർത്ഥ താല്പര്യങ്ങളുടെ സ്വാധീനത്തിൽപ്പെട്ട് ജീർണ്ണിച്ചുകൊണ്ടിരിക്കുന്നു. ദരിദ്രൻ ദരിദ്രനായിത്തന്നെ ഒടുങ്ങുന്നു. ജാതിയും, മതവും ഗർവ്വവും സ്വാർത്ഥതയും ഒറ്റക്കെട്ടായിച്ചേർന്ന് നമ്മെ ഭരിക്കുന്നു. അങ്ങനെ നാം സ്വന്തം കർമ്മത്തെ ധർമ്മത്തെ ഉപേക്ഷിക്കുന്നു. വിവേചനശീലവും ദയയും സ്നേഹവും ചിന്താശക്തിയും നശിച്ചുപോയ അത്തരം മനുഷ്യമൃഗങ്ങളെ ഓർത്താണ് വ്യാസൻ തലയിൽ കൈവച്ച് ഇങ്ങനെ വിലപിച്ചു.

ഊർധ്വബാഹുർ വിരൗമ്യേഷ
നച കശ്ചിത്ശ്രുണോതിമാം!
ധർമാദർഥശ്ചകാമശ്ച
സ കിമർഥം ന സേവ്യതേ!!

ധർമ്മം പറയാനോ കേൾക്കാനോ ഉള്ളതല്ല. 'ധർമ്മം ചര' എന്നു അനുഷ്ഠിക്കാനുള്ളതാണ്. വിഷം നൽകി പകരം അമൃത് പ്രതീക്ഷിക്കുന്ന ഇന്നത്തെ ലോകത്തിൽ നാം വ്യക്തി നിഷ്ഠമായി ത്യാഗബുദ്ധിയോടെ ധർമ്മം അനുഷ്ഠിക്കുമ്പോൾ നമ്മളോടൊപ്പം തന്നെ സമൂഹവും രാജ്യവും ധർമ്മനിഷ്ഠമായിത്തീരുന്നു. അങ്ങനെ ധർമ്മം മാനവ ശ്രേയസ്സിന് കാരണമാകുന്നു.

**ഹിന്ദുവായി ജനിച്ചതാണ്**
**എന്റെ ഭാഗ്യം**
**ഹിന്ദുവായി ജീവിക്കുന്നതാണ്**
**എന്റെ അഭിമാനം**
**ഹിന്ദുവായി മരിക്കുന്നതാണ്**
**എന്റെ പുണ്യം**

**(വ്യക്തിവിശേഷം)**

# മള്ളൂർ ഗോവിന്ദപ്പിള്ള (1878–1969)

കേരളം കണ്ട പ്രഗത്ഭരായ അഭിഭാഷകരിൽ എന്തുകൊണ്ടും മുൻനിരയിൽ തന്നെ സ്ഥാനമുള്ള ആളാണ് ശ്രീ. മള്ളൂർ ഗോവിന്ദപ്പിള്ള. അഭിഭാഷക രംഗത്തു മാത്രമല്ല, സാമൂഹ്യസാംസ്കാരിക മേഖലകളിൽ അക്കാലത്ത് അദ്ദേഹത്തിന്റെ കയ്യൊപ്പില്ലാത്ത ഇടം ചുരുക്കമായിരുന്നു. 1878 ൽ കോട്ടയം ജില്ലയിലെ കോടിമത ദേശത്ത് മള്ളൂർ എന്ന പ്രശസ്ത തറവാട്ടിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. അച്ഛൻ നെടുമങ്ങാട്ട് വീട്ടിൽ നീലകണ്ഠപ്പിള്ളയും അമ്മ മള്ളൂർ കൊച്ചു പാർവ്വതിയമ്മയുമായിരുന്നു. സ്കൂൾ വിദ്യാർത്ഥി ആയിരുന്നപ്പോൾ തന്നെ അദ്ദേഹം അന്നുണ്ടായിരുന്ന മിക്ക ആനുകാലിക പ്രസിദ്ധീകരണങ്ങളിലും എഴുതാറുണ്ടായിരുന്നു. 'ഇന്ദ്രജിത്ത്' എന്ന തൂലികാനാമത്തിലായിരുന്നു അദ്ദേഹം എഴുതിയിരുന്നത്. തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്നും ഒന്നാം ക്ലാസ്സിൽ ഒന്നാമനായി ജയിച്ച് കേരളവർമ്മ മെഡൽ നേടാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതിസമർത്ഥനായ വിദ്യാർത്ഥി എന്ന നിലയിൽ ഒട്ടേറെ കീർത്തിമുദ്രകൾക്ക് അദ്ദേഹം അർഹനായിട്ടുണ്ട്. 26-ാം വയസ്സിൽ വക്കീലായി പ്രാക്ടീസ് ആരംഭിച്ചു. ചാല ലഹള കേസുപോലുള്ള വളരെ പ്രമാദമായ കേസുകളാണ് അദ്ദേഹം കൈകാര്യം ചെയ്തിട്ടുള്ളത്. ഏത് കേസും മള്ളൂരിനെ ഏല്പിച്ചാൽ അത് വിജയിച്ചിരിക്കും എന്നൊരു വിശ്വാസം അന്ന് പരക്കെ നിലനിന്നിരുന്നു. ലോകോളേജ് പ്രൊഫസർ, പ്രിൻസിപ്പൽ എന്നീ നിലകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മന്നത്തു പത്മനാഭന്റെ അസാമാന്യമായ സംഘടന പാടവത്തേയും നേതൃത്വമികവിനെയും മള്ളൂർ ഏറെ പ്രശംസിച്ചിട്ടുണ്ട്. ശ്രീമൂലം പ്രജാസഭയിൽ പല പ്രാവശ്യം അദ്ദേഹം തിരുവന്തപുരത്തെ പ്രതിനിധീകരിച്ചിരുന്നു. ശ്രീമതി പാറുക്കുട്ടി അമ്മയായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണി. പത്ത് മക്കളും ഉണ്ടായിരുന്നു.

ഒരു കാലഘട്ടത്തിൽ നിയമസാമൂഹ്യ സാംസ്കാരിക വേദികളിൽ നിറഞ്ഞ് നിന്ന, തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. മള്ളൂർ എന്തുകൊണ്ടും മാതൃകാ പുരുഷനാണ്. ചിരസ്മരണീയനാണ്.

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ (ഫോൺ: 98959 81809)

## ശ്ലോകം 11

വേദത്തിന്റെ കടക്കലും ത്രിപുടിതന്നുത്തുംഗശൃംഗത്തിലും

വേദാന്തത്തിരുമാറിലും നിഗമവാക്യത്തിന്റെ തത്വത്തിലും

വാദത്തിനു പുറത്തുമങ്ങു വിഹരിച്ചീടുന്നു സംസാര നിർ

വ്വേദം പോക്കുവതിന്നുസൽക്കവികൾ തൻ ജിഹ്വാഗ്രദേശത്തിലും.

## പദാർത്ഥം

വേദത്തിന്റെ = നാലുവേദങ്ങളുടെയും പരമജ്ഞാനത്തിന്റെ

ത്രിപുടി = ജ്ഞാതാ, ജ്ഞാന, ജ്ഞേയാദി

ഉത്തുംഗ = ഏറ്റവും മുകളിലെ

ശൃംഗം = കൊടുമുടി

വേദാന്ത = വേദത്തിന്റെ (ജ്ഞാനത്തിന്റെ) അന്ത്യം, അദ്വൈതം

നിഗമ = വേദജ്ഞാനസംജാതമായ അനുമാനം

വാദം = തർക്കസംഗ്രഹാന്തർഗ്ഗതം

വിഹരിച്ചീടുന്നു = യഥേഷ്ടം ചുറ്റിക്കറങ്ങുന്നു

നിർവേദം = വേദബാഹ്യത്വം = ഭൗതികസുഖപരിത്യാഗം

ജിഹ്വാഗ്ര = നാവിന്റെ അറ്റം

## ശ്ലോകാർത്ഥം

പരമമായ അറിവിന്റെ അടിസ്ഥാനമായും പ്രമാണ പ്രമാതൃ പ്രമേയ തിപുടിയുടെ ഉത്തുംഗ ശൃംഗമായ പ്രജ്ഞാനത്തിലും വേദങ്ങളെല്ലാം കടഞ്ഞെടുത്ത പരമജ്ഞാനത്തിന്റെ ഹൃദയത്തിലും വേദജ്ഞാന സഹായികളായ മറ്റു കലകളുടെ തത്വത്തിലും വാദിച്ചു സ്ഥാപിക്കാൻ കഴിയാത്തിടത്തും ഭൗതികസുഖപരിത്യാഗത്തിലും നല്ല കവികളുടെ നാക്കിന്റെ അറ്റത്തും അങ്ങ് യഥേഷ്ടം ചുറ്റിക്കറങ്ങുന്നു.

## വ്യാഖ്യാ ഃ

അങ്ങ് വിഹരിച്ചീടുന്നു അവിടുന്ന് യഥേഷ്ടം സ്വേച്ഛാനുസാരം കറങ്ങി നടക്കുന്നു. 'പിടികൊടുക്കാതിരിക്കൽ' എന്നൊരു വിശേഷം കൂടിയുണ്ടീ വിഹാരത്തിന് എല്ലായിടത്തും കാണാം. എന്നാലും ഒരിടത്തും കാണില്ല. ദാ പിടിച്ചു എന്നു തോന്നും. പക്ഷേ കൈവിട്ടു പോവും . അങ്ങനെയാണ് അങ്ങ് വിഹരിച്ചിടുന്നത്. എവിടെയൊക്കെയാണ് അങ്ങീവിധം കണ്ടു കണ്ടില്ല, തൊട്ടു തൊട്ടില്ല, പിടിച്ചു പിടിച്ചില്ല, കിട്ടി കിട്ടിയില്ല എന്നോണം വിഹരിക്കുന്നത്. എന്നാണെങ്കിൽ വേദത്തിന്റെ കടക്കലും വേദം അറിവ് അറിയപ്പെട്ടത് കടക്കൽ കട മൂലം വേർ. വേദം അറിവാണെങ്കിലും അതെവിടുന്നുണ്ടായി എന്നത് വ്യക്തമല്ല. കർതൃഗുപ്തിയുള്ള ഭാവേ വാക് ആണത് എങ്ങനെയുണ്ടായതാണെന്നറിയാത്ത, ആരിൽ നിന്നാണുണ്ടായതെന്നറിയാത്ത വേദത്തിന്റെ അഹം ബ്രഹ്മാസ്മി എന്ന അറിവാണ് വേദം. അതിന്റെ വേരിൽ അവിടുന്നാണ് വിഹരിക്കുന്നത് എന്നിതാ ഗുരു പറഞ്ഞു തന്നു. ത്രിപുടി പ്രമാണ പ്രമാതൃ പ്രമേയങ്ങൾ ഇവ ഷഡ്ദർശനങ്ങളുടെ അടിസ്ഥാനമായ ന്യായശാസ്ത്ര വിസ്തൃതമത്രെ. മാന മാതൃ മേയേ മായേ (മീനാക്ഷി മുദം ദേഹി പൂർവ്വി കല്യാണി മുത്തുസ്വാമി ദീക്ഷിതർ) മാനം അളവുകോൽ അറിവുണ്ടാകാനുപയോഗപ്പെടുത്തുന്ന ഉപകരണങ്ങൾ പ്രത്യക്ഷം അനുമാനം, ഉപമാനം, ശബ്ദം 'മാതൃ' അറിയുന്നവൻ 'മേയം' അറിയപ്പെടേണ്ടുന്നത് അറിയാൻ പറ്റുന്നത് ഇതു മൂന്നും 'മായ' യാൽ ബന്ധിച്ചിരിക്കുന്നു മറക്കപ്പെട്ടിരിക്കുന്നു. അപ്പോഴത് അമേയം അതു തന്നെ മേയം ആകുമ്പോൾ പ്രമേയം ആവുന്നു. 'പ്രകർഷേണ മേയ' അറിയാൻ പറ്റാത്തതിനെ അറിയുന്ന അവസ്ഥ! യസ്യാമതം തസ്യ മതം മതം യസ്യ ന വേദ സ അവിജ്ഞാതം വിജാനതാം വിജ്ഞാതമവിജാനതാം (കേനം 2 : 3) സാധാരണ അറിവല്ലത്. സാധാരണ ജ്ഞാനമല്ല, അതാണ് പ്രജ്ഞാനം. ആ പ്രജ്ഞാനം ഉളവാക്കാൻ സാധാരണ അളവുകോലിനു (മാന) പറ്റില്ല. പ്രമാണം വേണം പ്രകർഷേണ മാന ഈ അറിവ് തർക്കശാസ്ത്രാന്തർഗതമാണ്. തർക്കം വാദം ഹേത്വഭാസം ഛലം വീതണ്ഡ നിഗ്രസ്ഥാനം എന്നിവ വിവിധ വാദങ്ങളിലൂടെ പ്രമാതാ

പ്രമേയത്തെക്കുറിച്ച് പ്രമാണസഹായത്തോടുകൂടി പ്രജ്ഞാനം കൈവരിക്കുന്നു. പ്രജ്ഞാനം ബ്രഹ്മ എന്ന അറിവായ ആ തർക്കത്തിന്റെ ത്രിപുടിയുടെ ഉത്തുംഗ ശൃംഗത്തിലും അവിടുന്നാണ് വിഹരിക്കുന്നത് വേദാന്ത തിരുമാറിലും.

മാറ് നെഞ്ച് ഹൃദയസ്ഥാനം ജീവമൂലം തിരുശ്രീ എന്ന സംസ്കൃതപദത്തിന്റെ ചെന്തമിഴ് ഭേദം. ഏറ്റവും മഹത്തായ ബഹുമാന്യമായ മാറ് തിരുമാറ് ആരുടെ അല്ലെങ്കിൽ എന്തിന്റെ തിരുമാറ് വേദാന്ത തിരുമാറ്. വേദാന്തം വേദങ്ങളുടെ അവസാനം. അറിവിന്റെ പരമകാഷ്ഠ പ്രജ്ഞാനം വേദാന്തമാണ് അദ്വൈതവാദം. അയമാത്മാ ബ്രഹ്മ എന്ന ആ അറിവിന്റെ പരമകാഷ്ഠാവസ്ഥയുടെ ഏറ്റവും മഹത്തായ ഹൃദയസ്ഥാനത്തും അവിടുന്നാണ് വിഹരിക്കുന്നത്.

നിഗമവാക്യത്തിന്റെ തത്ത്വത്തിലും നിഗമം വേദം തന്നെ. എങ്കിലും ഗുരു വേദത്തിന്റെ കടയെപ്പറ്റിയും വേദാന്തത്തിരുമാറിനെയും പറ്റി പറഞ്ഞു കഴിഞ്ഞു. ഗുരുവിനെപ്പോലെ ഒരു ക്രാന്തദർശി പറഞ്ഞതു തന്നെ വീണ്ടും വീണ്ടും പറയില്ല. അതുകൊണ്ടിവിടെ നിഗമം എന്നത് അമരസിംഹനും ഹലായുധനും സാക്ഷ്യപ്പെടുത്തുന്നതുപോലെ തീർച്ച , ഉറപ്പ് എന്നെല്ലാം അർത്ഥം കൂടി വരുന്ന നിഗമനം എന്ന അർത്ഥത്തിൽ നിർണ്ണയം തീർപ്പ് എന്നെടുക്കണം. കുല്ലൂകഭട്ടന്റെ മനുസ്മൃതി വ്യാഖ്യാനത്തിലും നിഗമം വേദാർത്ഥഗ്രഹണത്തിന് സഹായകമായ വിവരണങ്ങൾ എന്നു പറഞ്ഞിട്ടുണ്ട്. (മനു 4:19) അങ്ങനെ വേദത്തിന്റെ പരമജ്ഞാനത്തിന്റെ നിർണ്ണയവാക്യങ്ങൾ മഹാവാക്യങ്ങൾ അഹം ബ്രഹ്മാസ്മി അയമാത്മാ ബ്രഹ്മ പ്രജ്ഞാനം ബ്രഹ്മ, തത്വമസി ആദ്യത്തെ മൂന്നു മഹാവാക്യങ്ങളുടെയും ആധാരത്തിൽ അവിടുന്ന് വിഹരിക്കുന്നു എന്നു ഗുരു പറഞ്ഞു കഴിഞ്ഞു. അതുകൊണ്ടിവിടെ 'തത്വമസി' വാക്യം തന്നെയാണ് വ്യവഹൃതം അത് തത്ത്വത്തിലും എന്ന പ്രയോഗം കൊണ്ട് ഗുരു സൂചിപ്പിച്ചും കഴിഞ്ഞു. തത്ത്വം (1) തത്വം = സത്യം യാഥാർത്ഥ്യം, ഉണ്മ (2) തത് +ത്വം = അത് (പ്രപഞ്ചം ഭവം) നീ (3) തത്+വം അത് ജലം അമൃത് അതിലും അവിടുന്നാണ് വിഹരിക്കുന്നത്.

വാദത്തിനു പുറത്തും മേല്പറഞ്ഞ മഹാ വാക്യങ്ങളെല്ലാം വാദസിദ്ധമാണ് നേതി . നേതിയിലൂടെ എത്തുന്ന അറിവ് അതിൽ എല്ലാം വിഹരിക്കുന്നത് അവിടുന്നാണെന്ന് ഗുരു പറഞ്ഞു കഴിഞ്ഞു. ഈ വാദങ്ങൾക്കെല്ലാം പുറത്ത് വാദങ്ങൾക്കെത്താൻ കഴിയാത്തിടത്ത് 'യതോ വാചോ നിവർത്തന്തേ അപ്രാപ്യ മനസാ സഹ' (തൈത്തിരീയ 2.4.1 ) യാതൊന്നിൽ നിന്ന് വാക്കുകൾ മനസ്സോടുകൂടി പ്രാപിക്കാനാവാതെ പിന്മടങ്ങുന്നു വാക്കുകൾക്ക് വാദത്തിന്റെ ഉപകരണങ്ങൾക്ക് അവിടെ ചെന്നെത്താൻ കഴിവില്ല. 'നൈഷാ തർക്കേണ മതിരാപനേയാ"' (കഠ. 1.2.9) ഇത് തർക്കങ്ങളകൊണ്ട് ലഭ്യമല്ല. തർക്കം വാദം ഇവയെല്ലാം ബുദ്ധിയുടെ വ്യാപാരങ്ങൾ ബുദ്ധിക്കും അതീതമായ ധ്യാനാവസ്ഥയിൽ മായയെസ്സതതമാരാധിച്ചിടും (ഹരി ല ഗു തോ ശ്ലോകം 4 ) ഭവദ്രൂപത്തെ നിത്യം സ്മരിച്ചാലോ (ടി. 5) ചേതസി കാണുന്ന (ടി.6) 'പൂർണ്ണാത്മാർപ്പണഭാവമോടെ മനനം' (ടി.8) എന്നെല്ലാം ഗുരു തന്നെ എത്രവട്ടം പറഞ്ഞു കഴിഞ്ഞു. അപ്പോൾ വാദങ്ങളുടെ പുറത്തും അവിടുന്നു തന്നെയാണ് വിഹരിക്കുന്നത്.

സംസാരനിർവേദം സംസാരം ഭവം പ്രപഞ്ചം ഇദം സർവ്വം നിർവേദം വേദം അറിവ് ഇല്ലാത്ത അവസ്ഥ. അവിദ്യകൊണ്ട് വിദ്യ തിരോധാനം ചെയ്യുമ്പോൾ മായാ ശക്തിയാൽ ചലിക്കുന്നു ആ സംസാരനിർവേദം സംസാരമാകുന്ന അവിദ്യ പോക്കുവതിന്, ഒഴിപ്പിക്കുന്നതിന്, അകറ്റുന്നതിന്, സൽകവികൾ സത്തായിരിക്കുന്ന കവികൾ അസത്തുക്കളല്ലാത്ത കവികൾ. ഇന്ന് ഫേസ്ബുക്കിലും ഗൂഗിളിലും മറ്റും കവിതാ എന്നാക്രോശിച്ചു നടക്കുന്ന, പ്രേമം, കാമം ഇവമാത്രം ചിന്തിക്കാൻ കഴിയുന്ന ഗദ്യം പല വരികളിൽ അസ്ഥാനത്ത് മുറിച്ച് പദ്യമാണെന്ന് ദംഷ്ട്ര കാട്ടി ആക്രോശിക്കുന്ന 'കവിയശപ്രാർത്ഥികളെ' ഗുരു ഒരൊറ്റ വാക്കിൽ ഒഴിവാക്കി. ഇതാണ് ക്രാന്തദർശിത്വം വർഷങ്ങൾക്കു ശേഷം ഇതുപോലെയുള്ള രാക്ഷസീയ പൈശാചിക ദുർഭാഷകരുണ്ടാവും എന്ന് മുൻ കൂട്ടി അറിയുക.

സൽകവികളുടെ ജിഹ്വാഗ്രദേശത്തിലും നാക്കിന്റെ അറ്റത്ത് എന്തു ചെയ്യുന്നു? വിഹരിക്കുന്നു വിഹാരം നേരത്തെ പറയപ്പെട്ടു ദാ കിട്ടി കിട്ടീല്യാ എന്നുള്ള അവസ്ഥ ഒഴിഞ്ഞു മാറി നടക്കുന്ന അവസ്ഥ. അതുകൊണ്ടു തന്നെയാണ് സൽകവികൾക്ക് ആവശ്യാനുസാരം കവിത എഴുതാൻ പറ്റാത്തത് എപ്പോഴാണോ ആ വിഹാരം നാക്കിൻ തുമ്പത്തെത്തുന്നത്. അപ്പോൾ അവർക്കെഴുതാതെയും വയ്യ. സൽകവികളുടെ കാവ്യങ്ങൾക്ക് ഫേസ് ബുക്ക് കവിതകളേക്കാൾ പ്രൗഢിയും ആഴവും അർത്ഥവും അലങ്കാരവും ഭംഗിയും മാധുര്യവും കൂടുന്നത് ആ കവിതകൾ ജിഹ്വാഗ്രദേശത്തിൽ സംസാരനിർവേദം പോക്കുവതിന് അവിടുന്ന് വിഹരിക്കുന്നതുകൊണ്ടാണ്.

# പാതഞ്ജല യോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ: 9447077203)

ചിത്തവൃത്തികളിൽ മൂന്നാം തരം വികല്പമാണ്.

'ശബ്ദജ്ഞാനാനുപാതി വസ്തുശൂന്യോവികല്പം' എന്നതാണ് പതഞ്ജലിയുടെ നിർവചനം.

ശബ്ദത്തിലൂടെ, വാക്കുകളിലൂടെ കിട്ടുന്ന വസ്തു ജ്ഞാനം ശരിയാവണമെന്നില്ല. ആകാശകുസുമം എന്നു കേൾക്കുമ്പോൾ നമുക്ക് ഒരു പൂവുണ്ടെന്ന തോന്നൽ വരും. എന്നാൽ ആകാശത്തിൽ, ഭൂമിബന്ധമില്ലാതെ എങ്ങിനെ പൂവുണ്ടാകും ? സത്യത്തിൽ അങ്ങിനെയൊരു പൂവില്ല. ഇത്തരം ജ്ഞാനത്തെ വികല്പമെന്ന വിഭാഗത്തിലാണ് പെടുത്തുക. അതു വിപര്യയമല്ലതാനും.

ഒരു ശ്ലോകം ശ്രദ്ധിക്കുക

ഏഷ വന്ധ്യാസുതോയാതി
ഖപുഷ്പകൃതശേഖര ഃ
മൃഗതൃഷ്ണാംഭസിസ്നാത ഃ
ശശശൃംഗ ധനുർധര ഃ

മൃഗതൃഷ്ണയാകുന്ന ജലത്തിൽ കുളിച്ച് മുയൽക്കൊമ്പുകൊണ്ടുള്ള വില്ലും ധരിച്ച് ആകാശപുഷ്പത്തിന്റെ മാലയുമിട്ട് വന്ധ്യാപുത്രൻ ഇതാ പോകുന്നു എന്നർത്ഥം വരും. വന്ധ്യ (മച്ചി ) യ്ക്ക് പുത്രനുണ്ടാവില്ല. മൃഗതൃഷ്ണയിൽ ജലമില്ല. ആകാശപുഷ്പം എന്നൊന്നില്ല. മുയലിന് കൊമ്പുമില്ല. എങ്കിലും ഇതൊക്കെയുള്ളതായ പ്രതീതി നമുക്ക് ഉണ്ടാകും. ഇത് വികല്പ വൃത്തിയാണ്.

'എല്ലാവരിലും ഈശ്വരന്റെ ചൈതന്യമുണ്ട്' എന്നു കേൾക്കുമ്പോൾ നമുക്ക് പെട്ടെന്ന് അപാകത തോന്നില്ല. എന്നാൽ ഈശ്വരനും ചൈതന്യവും ഒന്നാണെന്ന കാര്യം നാം മറന്നു പോകും. ഈശ്വരൻ തന്നെയാണ് ചൈതന്യം.

വസ്തുവിനെ പ്രത്യക്ഷമായി കാണിക്കാതെ വിവരിച്ചാൽ അതു കേൾക്കുന്നവരിൽ വ്യത്യസ്തമായ ഭാവനയാണ് രൂപപ്പെടുത്തുക. കൈലാസഗിരി കണ്ടു മടങ്ങിയ ഒരാൾ അതിനെപ്പറ്റി സ്നേഹിതനെ കേൾപ്പിക്കുന്നു എന്നിരിക്കട്ടെ. പൂർണ്ണ ജ്ഞാനം അതിൽ നിന്നു കിട്ടില്ല. വക്താവിന്റെ മനസ്സിലുള്ളത് ശ്രോതാവിലെത്തണമെന്നില്ല. "ആപ്പിൾ" എന്ന് പറയുമ്പോൾ നമ്മുടെ ഭാവനയിൽ ഒരു പഴത്തിനെയാണ് കാണുന്നത്. എന്നാൽ ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധൻ അറിയുന്ന "ആപ്പിൾ "വ്യത്യസ്തമാണ്.

വാക്കുകൾക്ക് മൂന്നു വിഷയങ്ങളുണ്ട്. ശബ്ദം, അർത്ഥം, പ്രത്യയം. വാക്കുകൾ എന്നു പറയുന്നത് കേൾക്കാവുന്ന ശബ്ദമാണ്. ആ ശബ്ദം ഒരു വസ്തുവിനെ പ്രതിനിധീകരിക്കുന്നു. അഥവാ ചില അർത്ഥത്തെ ധ്വനിപ്പിക്കുന്നു. ആ ശബ്ദം നമ്മുടെ മനസ്സിൽ ഒരു അനുഭൂതി ഉണ്ടാക്കും. ഒരു പ്രത്യയം സൃഷ്ടിക്കും. നേരത്തെ പറഞ്ഞ അവ യാഥാർത്ഥ്യമായ കാര്യങ്ങളിലും ഇതൊക്ക നടക്കും. എന്നാൽ അത്തരമൊരു വസ്തുവോ വസ്തുതയോ ഇല്ലെങ്കിലോ? അത് വെറും കല്പനമാത്രമായിരിക്കും. ഒരു സവിശേഷമായ കല്പന മനസ്സിന്റെ ഒരു സൃഷ്ടി.

ഈ വികല്പം അഥവാ വസ്തുശൂന്യമായ ഭാവന ക്ലിഷ്ടമോ (ദോഷകരമോ) അക്ലിഷ്ടമോ (ഗുണകരമോ) ആവാം. വിഷ്ണുവോ, ശിവനോ, കൃഷ്ണനോ ഒരു ചിത്രമായി മനസ്സിൽ വരുന്നത് ഭാവനാവിലാസം മാത്രമാണ്. വികല്പമാണ്. എന്നാൽ അതിനെ ദോഷകരം എന്നു പറയാൻ പറ്റില്ല. വിവേകജ്ഞാനമുണ്ടാക്കാൻ അതു സഹായിക്കും. മനസ്സിനെ ധ്യാനനിഷ്ഠമാക്കാൻ പ്രയോജനം ചെയ്യും. അപ്പോൾ ആ വികല്പവൃത്തി അക്ലിഷ്ടമായി ഭവിക്കും. ലോകത്തിലെ വലിയ വലിയ കണ്ടുപിടുത്തങ്ങൾ പരിശോധിച്ചാൽ അവയുടെ ബീജം ശാസ്ത്രജ്ഞന്റെ മനസ്സിൽ രൂപപ്പെട്ട വികല്പമാണെന്ന് അറിയാൻ കഴിയും. പറക്കുന്ന ഒരു യന്ത്രം എന്ന വികല്പമാണ് പിന്നീട് വിമാനത്തിന്റെ കണ്ടു

പിടുത്തത്തിൽ കലാശിച്ചത്. വികല്പം കല്പമായി സൃഷ്ടിയായി . കല്പമെന്നാൽ സൃഷ്ടി തന്നെ. മനുഷ്യനിലെ സർഗ്ഗശക്തി വരെ നീളാവുന്നതാണ് വികല്പം. മാരകമായ ആയുധപുരകളിലേക്കും ഇതേ വികല്പം നയിക്കുമെന്നത് മറ്റൊരു വശം.

ക്ഷിപ്രകോപികളായവരെ കണ്ടിട്ടുണ്ടോ? അവർ മിക്കവാറും വികല്പവൃത്തി കളായിരിക്കും. എന്തെങ്കിലും കേട്ടാൽ ഉടനെ എടുത്തു ചാടും. അതിൽ സത്യമുണ്ടോ ? വസ്തു നിഷ്ഠമാണോ എന്നു നോക്കാതെ പ്രവർത്തിക്കും. വികല്പ വൃത്തിയാണ് അവരെ സ്വാധീനിക്കുന്നത്. ഫലം എന്തായിരിക്കും? അപകടങ്ങൾ തന്നെ. എല്ലാം അവതാളത്തിലായതിനുശേഷമായിരിക്കും സത്യം മനസ്സിലാവുന്നത്. ഇതു വാസ്തവത്തിൽ ചിത്തത്തിന്റെ ദൗർബ്ബല്യത്തെ ആണ് കാണിക്കുന്നത്. എന്തെങ്കിലും കേൾക്കുമ്പോൾ എടുത്തു ചാടാൻ തോന്നിക്കുന്നത് തന്നിലുള്ള ദൗർബ്ബല്യമാണെന്ന തിരിച്ചറിയണമെന്ന് സ്വാമി വിവേകാനന്ദൻ ഉപദേശിക്കുന്നു.

ചിത്തത്തിലെ വൃത്തികൾ എല്ലാം തന്നെ യാഥാർത്ഥ്യത്തിൽ നിന്ന് നമ്മെ അകറ്റുന്നവയാണെന്ന് പ്രത്യേകം പറയേണ്ടതില്ല. അതാണ് വൃത്തികളുടെ ചിന്ത തന്നെയുണ്ടാക്കിയത് എന്ന് മറന്നു കൂടാ.

## 23-ാം ചരമവാർഷികം

**28. 09 .2017**



**കെ. നന്ദകുമാർ**
**ലക്ഷ്മി ഭവൻ**
**മുട്ടത്തിൽ ലെയ്ൻ, കടവന്ത്ര**
**കൊച്ചി 682020**

## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
### 2017 സെപ്റ്റംബർ / ഒക്ടോബർ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 14.9.17 | ആർ. പി. നായർ | സി. സുകുമാരമേനോൻ | പുസ്തക പരിചയം “The Veil” പരിഭാഷ ആവരണം | 934 |
| 21.9.17 | രാജലക്ഷ്മി. എം | കെ. ഹരിഹരൻ | ജ്യോതിഷ മാഹാത്മ്യം | 935 |
| 28.9.17 | പി. ആർ. ബാലകൃഷ്ണൻ | പി. ജി. രാമചന്ദ്രൻ | പുസ്തക പരിചയം Crime aganist India and need to protect ancient vedic Traditions | 936 |
| 5.10.17 | എൽഡർ സിറ്റിസൺ ഫോറത്തിന്റെ കൃയാ ശേഷി കരയോഗത്തിന് എങ്ങിനെ കുറെക്കൂടി ഫലപ്രദമായി വിനിയോഗിക്കാമെന്നതിനെക്കുറിച്ചുള്ള ചർച്ച. | | | 937 |
| 12.10.17 | സുമതി ശ്രീകുമാർ | ആർ.ശ്രീകണ്ഠൻ നായർ | ഹൈന്ദവസംസ്കാരം | 938 |

# സെപ്തംബർ 10-
# ആത്മഹത്യ പ്രതിരോധദിനം

**ഡോ.വിജയലക്ഷ്മി മേനോൻ - ചൈത്രം**

ലോകമെങ്ങും ആത്മഹത്യയുടെ നിരക്കുകൾകൂടിയപ്പോൾ അതിനെ പ്രതിരോധിക്കേണ്ട ആവശ്യകതയെ പറ്റി മനസ്സിലാക്കിയ ലോകാരോഗ്യ സംഘടന സെപ്തംബർ 10 ബോധവത്ക്കരണ ദിനമായി പ്രഖ്യാപിച്ചു. 2003 മുതൽ ഒരോ വർഷവും ഒരോ മുദ്രാവാക്യത്തോടെയാണ് ആചരിക്കുന്നത്. ഈ വർഷത്തെ വാക്യം ഇതാണ്

"Take a minute ഒരു നിമിഷം എടുത്ത്

Change a Life" ഒരു ജീവിതം നല്കൂ.

1642 ൽ സർ. തോമസ് ബ്രൗൺ ആണ് ഈ വാക്ക് ആദ്യം ഉപയോഗിച്ചത് SUICIDE

സൂയി - സ്വയം

സയിഡ് - നശിപ്പിക്കുക എന്നാണ് അർത്ഥം

ഒരു താല്കാലികമായ പ്രശ്നത്തിന് ശാശ്വതമായ അവസാനമെന്നാണ് ആത്മഹത്യ ചെയ്യുന്നവരുടെ ചിന്ത.

ആത്മഹത്യ ഇപ്പോൾ ഒരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുന്നു ലോകത്തിൽ തന്നെ മൂന്നാമത്തെ മരണ കാരണവുമായി മാറിയിരിക്കുന്നു. ഈ പോക്ക് തുടർന്നാൽ ഒന്നാം സ്ഥാനത്ത് എത്തിയാൽ അതിശയിക്കേണ്ട.

പക്ഷെ നമ്മൾ അറിയേണ്ട ഒരു സത്യം

'ഒരോ ആത്മഹത്യയും സഹായത്തിനുള്ള നിലവിളിയാണ്.'

ആത്മഹത്യാശ്രമം നടത്തുന്നവരിൽ 85% പേർക്കും ജീവിക്കാനാണ് ആഗ്രഹം അതുകൊണ്ടു തന്നെ പ്രതിരോധം അത്യാവശ്യമാണ്. ഒരോ വർഷവും ഇൻഡ്യയിൽ നടക്കുന്ന ആത്മഹത്യകളിൽ 40% കേരള, കർണ്ണാടക, തമിഴ്നാട്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് കാരണം:

1. ഇവിടെ ആത്മഹത്യ ചിന്ത കൂടുതലാണ്

2. ഒരു വിഷമഘട്ടം നേരിടാൻ ആത്മഹത്യ എളുപ്പ മാർഗ്ഗമാണ് എന്ന വിശ്വാസം

3. അറിവില്ലായ്മ കാരണം മാനസികരോഗങ്ങൾ ചികത്സിക്കുന്നില്ല. മാനസികരോഗികളിൽ ആത്മഹത്യാ നിരക്ക് കൂടുതലാണ്

ഇൻഡ്യയിൽ ഓരോ നിമിഷവും ഒരാൾ ആത്മഹത്യ ചെയ്യുന്നുണ്ട്. കേരളത്തിൽ ഒരോ മണിക്കൂറും ഒരാത്മഹത്യയും ഒരോ അഞ്ചുമിനിറ്റിലും ഒരോ ആത്മഹത്യാശ്രമവും നടക്കുന്നു.ആത്മഹത്യയിൽ ദേശിയ ശരാശരിയുടെ 25.3% കേരളത്തിലാണ്. പുരുഷന്മാർ ആത്മഹത്യയിൽ മുൻപന്തിയിലാണെങ്കിൽ സ്ത്രീകളിൽ ആത്മഹത്യ ശ്രമമാണ്, കൂടുതൽ കാരണങ്ങൾ അമ്പേഷിച്ചാൽ ഒരെണ്ണത്തിൽ ഒതുക്കാൻ പറ്റുകയില്ല പലതും ചേർന്നതായിരിക്കും എല്ലാത്തിനും അടിസ്ഥാനമായി ഒറ്റപ്പെട്ടു എന്ന തോന്നലും ദുരഭിമാനവും മനസ്സിനെ അസ്വസ്ഥമാക്കുന്നു മരണത്തിനും ജിവിക്കാനുള്ള ആഗ്രഹത്തിനും ഇടയ്ക്ക് ഒരു മാനസിക സംഘർഷമാണ് നടക്കുന്നത്. ഈ സമയത്ത് (Ambivalent stage) ഏതെങ്കിലും ഒരു കച്ചിതുരുമ്പ് കിട്ടിയാൽ മതി ജിവിതത്തിലേയ്ക്ക് തിരിച്ചുവരാൻ. ഈ കച്ചിതുരുമ്പാണ് ബിഫ്രെണ്ടിങ്ങ് (Befriending) എന്ന ആശയം ഇന്നത്തെ ഉപഭോക്ത സംസ്കാരവും മദ്യം മയക്കുമരുന്ന് ഉപയോഗവും കൂടി വരുന്ന ദാമ്പത്യപ്രശ്നങ്ങളും ആത്മഹത്യാ പ്രവണത കൂട്ടുന്നു.

ഇപ്പോൾ കൗമാരക്കാരുടെ ഇടയിലും മുതിർന്ന പൗരന്മാരുടെ ഇടയിലും ഈ പ്രവണത കണ്ടു വരുന്നു. മുതിർന്ന പൗരന്മാരെ നയിക്കുന്നത് ജിവിതസായഹ്നത്തിലെ കുറ്റപ്പെടലും സാമ്പത്തിക ചിന്തകളും ആണ്.

കുട്ടികളിൽ പരീക്ഷാതോൽവി ഒരു പ്രധാന കാരണമാണ്. മൊബൈൽ ഫോൺ കമ്പ്യൂട്ടറും വിഡിയോ കളികളും ശ്രദ്ധിക്കേണ്ടതാണ്. മാനസിക രോഗം ഒരു പ്രധാന കാരണമാണ് അവരിൽ 30% പേർ ആത്മഹത്യചെയ്യുന്നു. അതിനാൽ ശരിയായ മനോരോഗചികിത്സക്ക് ദുരഭിമാനം കാരണമാകരുത്.

ഒറ്റപ്പെടലും നിരാശാബോധവും കാരണങ്ങൾ ആണെങ്കിലും കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ചിന്തകൾക്കനുസരിച്ച് ആത്മഹത്യയുടെ കാരണങ്ങളും രീതികളും മാറിക്കൊണ്ടിരിക്കുന്നു

ഒറ്റ ആത്മഹത്യയിൽ നിന്ന് കൂട്ട ആത്മഹത്യ

കുടുംബ ആത്മഹത്യ, കർഷക ആത്മഹത്യ, ഭീഷണി ആത്മഹത്യാ, മൊബൈലിൽ വിവരം അറിയിച്ച് വിഡിയോ കാണിക്കുന്നവ അവസാനം ഇതാ ഒരു നീല തിമിംഗലവും.

അപൂർവ്വമായി തലച്ചോറിൽ ഉണ്ടാകുന്ന ഒരു അണുബാധ (Toxoplasma Gondi) 7% പേരിൽ ഈ ചിന്ത കണ്ടു വരുന്നു. ഒരു ആത്മഹത്യാ കുടുംബത്തെ മാത്രമല്ല അയൽക്കാരെയും സ്നേഹിതരെയും സമൂഹത്തെ തന്നെ ബാധിക്കുന്നു. കുടുംബത്തെ സാമൂഹികമായും സാമ്പത്തികമായും മാനസികമായും ബാധിക്കും. ഇങ്ങനെ ഒരു വിപത്തിനെ പ്രതിരോധിക്കേണ്ടത് സമൂഹത്തിലെ ഓരോരുത്തരുടെയും കടമയാണ്. ആത്മഹത്യ തടയാൻ സാധിക്കും കാരണം അത് സഹായത്തിനുള്ള നിലവിളിയാണ് അതു കേൾക്കാൻ കാതോർത്തിരിക്കണം.

കറുത്ത കാർമേഘങ്ങളിൽ ഒരു വെള്ളിവരപോലെയാണ് ഈ അറിവ്. പ്രതിരോധം മൂന്നുതലത്തിൽ നടപ്പാക്കണം. ഏറ്റവും പ്രധാനം ബോധവൽക്കരണം തന്നെയാണ്. കൂടിവരുന്ന ആത്മഹത്യാ നിരക്കും ഇതു പ്രതിരോധിക്കാമെന്നും ഉള്ള സന്ദേശം സമൂഹത്തിൽ എത്തിക്കുക. ദൃശ്യ മാധ്യമങ്ങൾക്കുള്ള പങ്ക് വലുതാണ്. മാനസികരോഗം ഒരു ശാപമോ നാണക്കേടോ അല്ല ചികിത്സിക്കേണ്ടതാണ്. ആത്മഹത്യയെ ക്കുറിച്ച് പല തെറ്റായ ധാരണകൾ സമൂഹത്തിനുണ്ട് അതിനെ തിരുത്തണം. ഞാൻ മരിക്കുമെന്ന് പലപ്പോഴും പറയുന്ന വ്യക്തിയെ ശ്രദ്ധിക്കുക ഇവിടെ കുരയ്ക്കുന്ന പട്ടി കടിച്ചേക്കും.

ഒറ്റപ്പെട്ട് മൂകരായി ജിവിക്കുക, വേഷത്തിലും മറ്റും അശ്രദ്ധ ആത്മിയത കൂടുകയോ, കുറയുക പ്രായമായവർ പെട്ടെന്ന് വിൽപത്രമോ ഒസ്യത്തോ എഴുതുക.ഇവരൊക്കെ ശ്രദ്ധിക്കപ്പെടെണ്ടവരാണ്. സ്വന്തം വരുമാനത്തിൽ ജിവിക്കാൻ പഠിക്കണം, കടക്കെണിയിലും ചതിക്കുഴിയിലും വീഴരുത്.

**രണ്ടാം തലത്തിൽ**

ആത്മഹത്യചിന്തയുള്ളവരെ തിരിച്ചറിയാൻ ശ്രമിക്കുക. അവരുടെ വിഷമങ്ങൾ പങ്കുവെക്കാൻ പ്രേരിപ്പിക്കുക. വിഷമങ്ങൾ പങ്കവച്ചാൽ പകാതിയാകും എന്നാണ് ചൊല്ല്. ശ്രദ്ധയോടെ കുറ്റപ്പെടുത്താതെ മുൻവിധിയില്ലാതെ സ്വകാര്യതയോടെ കേൾക്കുക. ഈ പ്രക്രിയ അവരുടെ ആത്മവിശ്വാസത്തെ വളർത്തുകയും മനോവ്യധ കുറക്കുകയും ചെയ്യും. തെളിഞ്ഞ മനസ്സോടെ ചിന്തിക്കുമ്പോൾ പ്രശ്നങ്ങൾ നേരിടാൻ പുതിയ ആശയങ്ങൾ കൈവരിക്കുന്നു. കേൾക്കാൻ ആരുമില്ലാത്തതാണ് ഇന്നത്തെ അണുകുടുംബത്തിലെ പ്രശ്നം.

മുന്നാം തലത്തിൽ കുടുംബ ബന്ധങ്ങൾക്ക് ആണ് സ്ഥാനം മനോരോഗ ചികിത്സ ആവശ്യമെങ്കിൽ മനോരോഗ വിദഗ്ദനെ സമീപിക്കുവാൻ മടിക്കരുത്. സ്നേഹവും ബഹുമാനവും എപ്പോഴും ഉണ്ടെന്നും ബോധ്യപ്പെടുത്തണം.ആത്മഹത്യ ചെയ്യുന്ന ആൾ ഒരിക്കലെ മരിക്കുന്നുള്ളു ജിവിച്ചിരിക്കുന്ന പ്രിയപ്പെട്ടവർആയിരം പ്രാവിശ്യം മരിക്കുന്നു.

ഒരു നിമിഷം നൽക്കു
ഒരു ജീവിതം രക്ഷിക്കൂ

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2017 ആഗസ്റ്റ് മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീമതി. ശാന്ത വേണുഗോപാൽ, തത്വമസി, മാടയ്ക്കാപ്പിള്ളി ഹൗസ്, ചിറ്റൂർ റോഡ്, എറണാകുളം 682016 | 10,000/- |
| 2. ശ്രീ.മുരളീധരൻ, എൻ.കെ.തപസ്യ, നെല്ലുവേലിൽ, സൗത്ത് ചിറ്റൂർ, കൊച്ചി 682027 | 5,132/- |
| 3. പ്രൊഫ. സി. ഹൃദയനാഥൻ, സുഹാസ് 29 /1089, ജനത റോഡ്, 7th ലെയ്ൻ വൈറ്റില, കൊച്ചി 682019 | 5,000/- |
| 4. Cdr. സജ്ഞയ് ഗോപിനാഥൻ, കൃഷ്ണം 39 /5047 എ, കുരിശുപള്ളി റോഡ്, രവിപുരം, കൊച്ചി 682016 | 5,000/- |
| 5. ശ്രീ. എസ്. രാമചന്ദ്രൻ, ഫ്ളാറ്റ് നമ്പർ 3 സി, എൻ.ജെ.കെ. രത്നാലയം Opp. എസ്. ആർ. വി. സ്കൂൾ, ചിറ്റൂർ റോഡ്, കൊച്ചി 682016 | 5,000/- |
| 6. ശ്രീ രവിശങ്കർ എം. കൃഷ്ണാമൃതം, വികാസ് റോഡ്, തൃക്കാക്കര പി.ഒ, കൊച്ചി 682021 | 5,000/- |
| 7. ശ്രീ. ടി.എൻ. ടി. നായർ, ഫ്ളാറ്റ് നമ്പർ 15, കൈരളി അപ്പാർട്ട്മെന്റ്, പനമ്പിള്ളി നഗർ, കൊച്ചി 682036 | 5,000/- |

# TENNIS ELBOW
# ടെന്നിസ് എൽബോ

ഡോ.ദേവിദാസ് വെള്ളോടി (ഫോൺ : 9747480903)

ടെന്നിസ് എൽബോ മൂലമുള്ള വേദന ഒരിക്കൽ അനുഭവിച്ച് പരിചയമുള്ളവർക്ക് ഈ പേര് വിചാരിക്കുമ്പോൾ തന്നെ കൈമുട്ടിന് ഒരു തരിപ്പ് വരുന്നതുപോലെ തോന്നും. അത്ര പ്രയാസമുള്ള വേദനയാണ് ടെന്നിസ് എൽബോയ്ക്ക്.

വേദന വന്നു കഴിഞ്ഞാൽ പെട്ടെന്ന് മാറികിട്ടില്ല. ചിലപ്പോൾ ചികിത്സ ചെയ്താൽ തന്നെ ഒരു മാസത്തിലേറെ സമയമെടുക്കും. രോഗികളെ നേരിടാൻ പ്രയാസപ്പെട്ട് വൈദ്യൻമാർ മേശക്കടിയിൽ ഒളിച്ചിരിക്കേണ്ട ഗതികേടുപോലും വരും.

**എന്താണ് ടെന്നീസ് എൽബോ :**

അസ്ഥി സന്ധികളിൽ അസ്ഥിയേയും പേശികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഇലാസ്റ്റിക്ക് വയറുപോലുള്ള കൊലാജൻ ടിഷ്യു (Collagen tissue) ആണ് ടെൻഡൻ (Tendon). ഈ ടെൻഡനുകൾക്കുണ്ടാകുന്ന നീർക്കെട്ടാണ് ടെൻഡനൈറ്റിസ്. കൈമുട്ടിന്റെ സന്ധിയിലുള്ള ടെൻഡനുകൾക്ക് വീക്കവും വേദനയുമുണ്ടാകുന്നതിനെയാണ് 'ടെന്നിസ് എൽബോ' എന്ന പേരിൽ അറിയപ്പെടുന്നത്. ടെന്നിസ് കളിക്കാർക്ക് ( Shuttle, Table tennis, Tennis Fencing, Weight liftting) സാധാരണയായി വരുന്ന ബുദ്ധിമുട്ടായതുകാരണമാണ് ഇതിന് "Tennis Elbow" എന്ന പേരു വന്നത്. വളരെ ശക്തിയായി കൈകൊണ്ട് ജോലി ചെയ്യുന്ന ആശാരിമാർ , ട്രില്ലിങ് മെഷീൻ ഉപയോഗിക്കുന്നവർ Hammer ഉപയോഗിക്കുന്നവർ തുടങ്ങിയവരിൽ "Tennis Elbow" സാധാരണയായി കണ്ടുവരുന്നു. കൈമുട്ടിന്റെ സന്ധിയിൽ പുറത്തോട്ട് മുഴച്ചു നിൽക്കുന്ന "Later Epicondyle" എന്ന ടെൻഡനുണ്ടാകുന്ന നിർക്കെട്ടാകയാൽ ഈ അസുഖത്തെ "Later Epicondylitis" എന്നും പറയും. മാംസപേശികളും ടെൻഡനും കൂടുതൽ ഉപയോഗിക്കുന്നതു കാരണം ചെറിയ തോതിൽ ചതവു മാതിരി നീർക്കെട്ട് വരികയും അതിശക്തമായ വേദന അനുഭവപ്പെടുകയും ചെയ്യും. എഴുത്തുകാർക്ക് കൈവിരലുകളുടെ അമിതോപയോഗം കൊണ്ട് വരുന്നതിനാൽ 'റൈട്ടേർസ് ക്രാമ്പ്' എന്നും പറയാറുണ്ട്.

കൈമുട്ട് തിരിക്കാൻ പ്രയാസം, കൈമുട്ടിന്റെ




പുറമെ ശക്തമായ വേദന, കൈകൊണ്ടെന്തെങ്കിലും ജോലി ചെയ്യുമ്പോൾ വേദന കൂടുതലാകുക, നീർക്കെട്ട് തുടങ്ങിയവ ഇതിന്റെ വ്യക്തമായ ലക്ഷണങ്ങളാണ്.

**കാരണങ്ങൾ**

പേരിൽ തന്നെ കാരണമുണ്ടെങ്കിലും തീരെ കളിക്കാത്തവരിലും 'ടെന്നിസ് എൽബോ' വരാറുണ്ട്. സന്ധികളുടെ തുടർച്ചയായ, ശക്തമായ ചലനങ്ങളാണ് പ്രധാന കാരണങ്ങളായി പറയുന്നതെങ്കിലും, കൈമുട്ടിന്റെ അറ്റത്തുള്ള 'Epi condyle' ന് ശക്തമായ അടികിട്ടുന്നതും, രക്തവാതം (Arthritis) തുടങ്ങിയ സന്ധികളിൽ നീർക്കെട്ട് വരുന്ന അസുഖങ്ങളിലും 'ടെന്നിസ് എൽബോ' യുടെ ലക്ഷണങ്ങൾ കാണാറുണ്ട്.

**രോഗനിർണ്ണയം**

വേദനയുള്ള ഭാഗത്ത് അമർത്തി നോക്കി, നീർക്കെട്ട് മനസ്സിലാക്കി സാധാരണം വൈദ്യൻമാർക്ക് പെട്ടെന്ന് രോഗനിർണ്ണയം നടത്താൻ കഴിയും. മറ്റു കാരണങ്ങളായ രക്തവാതം, അസ്ഥിഭംഗം എന്നിവയല്ലെന്ന് തിരിച്ചറിയുവാൻ എക്സ് റേ എടുക്കുന്നത് സഹായിക്കും. കൂടുതൽ പണച്ചിലവുള്ള അൾട്രാ സൗണ്ട് (USG), MRI തുടങ്ങിയ പരിശോധനകൾ ആവശ്യമില്ല.

**ചികിത്സ**

ചിലപ്പോൾ ടെന്നിസ് എൽബോ തന്നെത്താനെ ശരിയാകാറുണ്ട് എന്നതാണ് ഒരു സന്തോഷവാർത്ത.

## ആധുനിക ചികിത്സ

1. വേദനയും നീർക്കെട്ട് കുറയുന്നതിനായി ഐസ് ബാഗ് കൊണ്ട് വേദനയുള്ള ഭാഗത്ത് 2 - 3 മണിക്കൂർ അമർത്തി വെയ്ക്കുക.

2. 'എൽബോ സ്ട്രാപ്പ്' കൈമുട്ട് സന്ധിയിൽ കെട്ടുക.

3. വേദനസംഹാരികൾ കഴിക്കുക.

4. കൈമുട്ട് സന്ധി ചലിപ്പിക്കുന്ന വ്യായാമം മിതമായി ചെയ്യുക.

5. അൾട്രാസൗണ്ട് മസാജ് എന്ന ഫിസിക്കൽ തിറാപ്പി ചെയ്യുക.

6. ഭയങ്കര വേദനയുണ്ടെങ്കിൽ സ്റ്റിറോയ്ഡ് ഇൻജക്ഷൻ ചെയ്യുക.

7. 3-4 മാസമായിട്ടും മാറിവരുന്നില്ലെങ്കിൽ അപൂർവ്വം കേസുകളിൽ ശസ്ത്രക്രിയ വേണ്ടി വരാറുണ്ട്.

## വേദന കുറയുന്ന വിധം മനസ്സിലാക്കുക :

പെട്ടെന്ന് വേദന കുറയില്ലെന്നും സാവകാശം വേദന മാറുമെന്നും തിരിച്ചറിയുക. വളരെ ഗൗരവത്തിലുള്ള ഒരു അസുഖമല്ലെന്ന് മനസ്സിലാക്കുക. വിശ്രമവും ചെറിയതോതിൽ വ്യായാമവും ചികിത്സകളും അസുഖത്തെ പരിപൂർണമായി മാറ്റി തരും എന്നു മനസ്സിലാക്കുക.

## ആയുർവ്വേദ ചികിത്സ :

1. വേദന കുറയ്ക്കുന്നതിനും നീര് കുറയുന്നതിനുമുള്ള മരുന്നുകൾ അകത്തേക്ക് കഴിക്കണം.

2. നീർക്കെട്ട് കാണുന്നിടത്ത് കൊട്ടംചുക്കാദി ലേപം കറുത്ത മർമ്മാണി ലേപം തുടങ്ങിയവ പുരട്ടി ഒരു മണിക്കൂർ ദിവസേന ചെയ്താൽ നീര് കുറയും.

3. യുക്തമായ കൊട്ടംചുക്കാദി ചൂർണ്ണം തുടങ്ങിയവകളാൽ കിഴി കെട്ടി ചൂടു പിടിക്കുക.

4. കൊട്ടം ചുക്കാദിതൈലം , കർപ്പൂരാദി തൈലം തുടങ്ങി നീർക്കെട്ടും വേദനയും കുറക്കുവാനുള്ള തൈലങ്ങൾ പുരട്ടി തലോടുക.



5. കൈമുട്ട് സന്ധിയിൽ ആവി പിടിക്കുക

6. കൈമുട്ട് സന്ധിയിൽ യുക്തമായ തൈലങ്ങൾ മുക്കിയ തുണിക്കൊണ്ട് ബാൻന്റേജ് ചെയ്യുക. ആയുർവ്വേദത്തിൽ ഇതിനെ 'പിചു' എന്ന് പറയും.

7. ചുരുങ്ങിയത് ഒരു മാസത്തെ മരുന്ന് സേവയും ചികിത്സകളും വേണ്ടി വരും. ടെന്നിസ്, ക്രിക്കറ്റ്, ഷട്ടിൽ, സ്പാഷ്, വെയ്റ്റ് ലിഫ്റ്റിംങ് എന്നിവ ഒഴിവാക്കുക. കൈമുട്ടിൽ മർദ്ദം വരുന്ന രീതിയിലുള്ള ജോലികൾ ചെയ്യരുത്.

## സ്വയം ചികിത്സിക്കരുത്

രോഗനിർണ്ണയം വളരെ പ്രധാനമാണ്. കൃത്യമായ രോഗനിർണ്ണയം നടത്താൻ ഫിസിഷ്യനു മാത്രമെ കഴിയൂ. രക്തവാതം, Radial tunnel Syndrome അസ്ഥിഭംഗം എന്നിവകൊണ്ടല്ല വേദനയും നീർക്കെട്ടുമെന്ന് ഫിസിഷ്യൻ ഉറപ്പു വരുത്തും. കൈയ്യിൽ കെട്ടുന്ന ബ്രേസുകൾ തിരഞ്ഞെടുക്കാൻ ഫിസിഷ്യന് എളുപ്പമാണ്.

## രോഗം വരാതിരിക്കാൻ

മിതമായ വ്യായാമം (Warm up) ചെയ്ത് മാത്രം ടെന്നിസ് സ്ക്വാഷ്, Weight lifting തുടങ്ങിയവ ചെയ്യുക. അമിതമായ ഒരു സന്ധിയിൽ മാത്രം മർദ്ദം വരുന്ന രിതിയിൽ ജോലി ചെയ്യാതിരിക്കുക. ആവശ്യമായ വിശ്രമം എടുക്കുക. എണ്ണ പുരട്ടി തലോടൽ (അഭ്യംഗം, എണ്ണ തേച്ചു കുളി ) ഒരു ശീലമാക്കുക.

*With Best Compliments From :*

**HARISREE CATERERS**

**PUTHEN KULATHOOR HOUSE**

**KANNAN KULANGARA, TRIPUNITHURA- 682301**

**M. DAMODARAN, PHONE : 2778310, MOB : 9847058310**

**CATERERS FOR MARRIAGES & PARTIES ETC.**

# യുറാനസ് - ശയനപ്രദക്ഷിണം ചെയ്യുന്ന ഒരു ഗ്രഹം

**സി. രാമചന്ദ്രൻ (ഫോൺ: 9995820684)**

ബുധൻ മുതൽ ശനി വരെയുള്ള അഞ്ചു ഗ്രഹങ്ങളെക്കുറിച്ചു മാത്രമേ പ്രാചിന സംസ്കാരങ്ങൾക്ക് അറിയുമായിരുന്നുള്ളു. നക്ഷത്രമായ സൂര്യനേയും ഉപഗ്രഹമായ ചന്ദ്രനേയും ഗ്രഹങ്ങളായി തെറ്റിദ്ധരിക്കപ്പെട്ടുമിരുന്നു. ഇന്ത്യക്കാരും ചൈനാക്കാരും ഗ്രഹണങ്ങൾക്കു കാരണമായ നിഴലുകളെ രാഹുകേതുക്കളെന്ന രണ്ടു ഗ്രഹങ്ങളായും കരുതിപ്പോന്നു. ഭൂമിയെ ഒരു ഗ്രഹമെന്നു കരുതിയതുമില്ല. ഭൂമി നിശ്ചലം, മറ്റെല്ലാം ഭൂമിയെ വലം വയ്ക്കുന്നു. ശനിക്കപ്പുറമുള്ള ഗ്രഹങ്ങളെ ദിവ്യദൃഷ്ടി കൊണ്ടു പോലും കാണാൻ കഴിയുമായിരുന്നില്ല. ടെലസ്ക്കോപ്പിന്റെ കണ്ടു പിടിത്തമാണ് ജ്യോതിശാസ്ത്രത്തെ മാറ്റിമറിച്ചത്.

പള്ളിപ്പാട്ടുകൾ പാടിയും ധ്യാനഗാനങ്ങൾ ചിട്ടപ്പെടുത്തിയും ചവിട്ടു ഹാർമോണിയം വായിച്ചും ജർമ്മിനിയിൽ ജീവിച്ചു വന്ന ഒരു കുടുംബമാണ് വില്യം ഹെർഷലിന്റേത്. രാഷ്ട്രീയസംഭവ വികാസങ്ങളിൽ ഉൾപ്പെട്ട് കുടുംബത്തിലെ ചിലർക്ക് അദ്ദേഹത്തൊടൊപ്പം ഇംഗ്ലണ്ടിലേക്ക് കുടിയേറേണ്ടി വന്നു. അവിടെ സംഗീതം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനിടയിൽ അദ്ദേഹം ജ്യോതിശാസ്ത്രത്തിൽ ആകൃഷ്ടനാകുകയും ഒരു ടെലസ്കോപ്പ് സംഘടിപ്പിച്ച് ആകാശനിരീക്ഷണം ചെയ്യുകയും ചെയ്തു വന്നു. അദ്ദേഹത്തിന്റെ സഹോദരി കരോലിൻ ഹെർഷലും ആകാശനിരീക്ഷണത്തിലും പുതിയ പുതിയ ടെലസ്കോപ്പു നിർമ്മാണത്തിലും അദ്ദേഹത്തെ സഹായിച്ചു.

ക്ഷീരപഥത്തിലെ ഇരട്ട നക്ഷത്രങ്ങളുടെ ആകാശപടമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം ആകാശനിരീക്ഷണം നടത്തി വന്നത്. 1781 മാർച്ചു 12 ചൊവ്വാഴ്ച രാത്രിയിൽ മിഥുനം രാശിയിൽ അദ്ദേഹം അതുവരെ കാണാത്ത ഒരു കലങ്ങിയ നക്ഷത്രത്തെ തന്റെ ആറിഞ്ചു ടെലസ്ക്കോപ്പിലൂടെ ദർശിച്ചു. ശനിക്കപ്പുറം ഗ്രഹങ്ങളില്ലെന്നു വിശ്വസിച്ചിരുന്ന അദ്ദേഹം അതൊരു നെബുലയോ ധൂമകേതുവോ ആയിരിക്കാമെന്നാണ് കരുതിയത്. നാലാം ദിവസം സ്ഥാനം മാറിക്കണ്ടപ്പോൾ വാൽ വ്യക്തമാകാത്ത ധൂമകേതുവാണെന്ന് അദ്ദേഹം കരുതുകയും അതു പ്രഖ്യാപിക്കുകയും ചെയ്തു. (നക്ഷത്രമാണങ്കിൽ സ്ഥാനം മാറുകയില്ല) വിവരമറിഞ്ഞ് അനവധി നിരീക്ഷകർ അതിനെ നിരീക്ഷിക്കുകയും അതിന്റെ പാത ഒരു ഗ്രഹത്തിന്റേതാണെന്ന് തിരിച്ചറിയുകയും ചെയ്തു. ഹെർഷൽ കണ്ടെത്തിയത് ഒരു പുതിയ ഗ്രഹമാണെന്ന വാർത്ത ചിന്താലോകത്തിന് മറ്റൊരു ഭൂമികുലുക്കമുണ്ടാക്കി. ഭൂമി ഉരുണ്ടതാണെന്നും അത് സൂര്യനെ ആണ് വലം വയ്ക്കുന്നതെന്നും കോപ്പർനിക്കസ് പറഞ്ഞതിനുശേഷം യാഥാസ്ഥിതിക വിശ്വാസങ്ങൾക്കേറ്റ കനത്തൊരാഘാതമായിരുന്നു അത്.

ഗ്രീക്ക് റോമൻ ഇതിഹാസനായകൻമാരുടെ പേരുകൾ ഗ്രഹങ്ങൾക്കു നൽകുക എന്ന പാരമ്പര്യമനുസരിച്ച് പുതിയ ഗ്രഹത്തിന് യൂറാനസ് എന്ന പേരു നൽകി. ജൂപ്പിറ്ററിന്റെ മുത്തച്ഛനും സാറ്റേണിന്റെ അച്ഛനുമാണ് യൂറാനസ്. ഹെരഷൽ ഇതിന് ആദ്യം നലകിയ പേര് ജോർജ് III എന്നായിരുന്നു. കാരണം അന്നു ബ്രിട്ടൺ ഭരിച്ചിരുന്നത് ജോർജ് മൂന്നാമൻ രാജാവായിരുന്നു. അമേരിക്കൻ കോളനി നഷ്ടപ്പെട്ട് ഖിന്നനായിരുന്ന രാജാവിനെ അതു സന്തോഷിപ്പിച്ചു. അദ്ദേഹം ഹെർഷലിന് വിൻസർ പാലസിനു സമീപം ഒരു വാനനിരീക്ഷണ കേന്ദ്രം സ്ഥാപിച്ചു നൽകുകയും ആജീവാനന്ത പെൻഷൻ അനുവദിക്കുകയും ചെയ്തു. യൂറാനസസ്സിന്റെ രണ്ടുപഗ്രഹങ്ങൾ അദ്ദേഹം പിന്നീടു കണ്ടു പിടിച്ചു. ടൈറ്റാനിയ, ഓബറോൺ വില്യം ഹെർഷലിന്റെ മരണശേഷവും കരോലിൻ ഹെർഷൽ ഗവേഷണം തുടർന്നു. ജ്യോതിശാസ്ത്രത്തിലെ അനവധി കണ്ടുപിടിത്തങ്ങളുടെ ഉടമയാണവർ. ബ്രിട്ടീഷ് റോയൽ സൊസൈറ്റിയിൽ ആദ്യമായി അംഗത്വം ലഭിച്ച വനിത അവരായിരുന്നു. ഗവേഷണങ്ങളുമായി അവർ 98 വയസ്സു വരെ ജീവിച്ചു. അവിവാഹിതയായിരുന്നു.

പ്രധാനഘടകം വാതകമായാൽ യൂറാനസ്, വാതകഭീമൻമാരുടെ ഗണത്തിൽ പെടും. 84 വർഷം കൊണ്ടാണ് ഇത് സൂര്യനെ ഒരു വട്ടം വലം വയ്ക്കുന്നത്. വ്യാഴം ഒരു രാശിയിൽ ഒരു വർഷം

നില്ക്കുന്ന സ്ഥാനത്ത് യൂറാനസ് ഏഴു വർഷം നില്ക്കും. 98 ഡിഗ്രി ചരിഞ്ഞാണ് അതു തിരിയുന്നത്. ഏതാണ്ട് ശയനപ്രദക്ഷിണം പോലെ ഉരുണ്ടാണ് എന്നു തോന്നും പോക്ക്. ഒരു ഭാഗത്ത് 42 വർഷം പകലും 42 വർഷം രാത്രിയുമായിരിക്കും. ധ്രുവപ്രദേശങ്ങളിൽ ഇരുപത്തൊന്നു വർഷം വീതമുള്ള രണ്ടു വേനലുകളും രണ്ടു തണുപ്പുകാലവുമുണ്ടായിരിക്കും. ഇതിന് 15 ഉപഗ്രഹങ്ങളുമുണ്ട്. അതിൽ അഞ്ചെണ്ണം ടെലസ്ക്കോപ്പിലൂടെ നിരീക്ഷിച്ചിട്ടുണ്ട്. പത്തെണ്ണം 1986 ൽ വോയജർ 2 എന്ന ബഹിരാകാശഗവേഷണ പേടകമാണ് കണ്ടെത്തിയത്. യൂറാനസ്സിനും ഏഴു പ്രധാനപ്പെട്ട വലയങ്ങളുണ്ട്. 2007 ൽ വലയങ്ങൾ ഭൂമിക്കഭിമുഖമായി വരികയാൽ കൂടുതൽ വ്യക്തതയോടെ കാണുവാനിടയായി.

പാറയും ഐസും പുറമേ ജലവുമുള്ള യൂറാനസ്സിന്റെ ബാഹ്യഭാഗത്ത് ഹൈഡ്രജൻ, ഹീലിയം , മീഥൈൽ എന്നിവ അടങ്ങിയ ഒരു അന്തരീക്ഷമുണ്ട്. മീഥൈൽ സൂര്യരശ്മിയുടെ ചുവന്ന കിരണങ്ങളെ ആഗീരണം ചെയ്യുകയാൽ പച്ച കലർന്ന നീല നിറത്തിലാണ് യൂറാനസ്സ് കാണപ്പെടുന്നത്. ശനിയുടെയും യൂറാനസ്സിന്റെയും വലയങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനായി ഹബിൽസ്പേസ് ടെലസ്ക്കോപ്പ് ഒരിക്കൽ മെച്ചപ്പെട്ട ഉപകരണങ്ങൾ കൂട്ടിച്ചേർത്ത് പരിഷ്കരിക്കുകയുണ്ടായിട്ടുണ്ട്. ശനിയുടെയും യൂറാനസ്സിന്റെയും ഏറ്റവും പുറമേ , നീലനിറമുള്ള ഒരു വലയം കണ്ടെത്തിയിട്ടുണ്ട്. വലയങ്ങളിൽ ഓരോ ഉപഗ്രഹങ്ങളും അടങ്ങിയിട്ടുണ്ട്. എൻസിലാഡസ്, മാബ് എന്നീ മഞ്ഞിൽ പുതഞ്ഞു കിടക്കുന്ന ഉപഗ്രഹങ്ങളിൽ നിന്ന് ഉതിർന്നു പാറുന്ന മഞ്ഞു തരികളാണ് ഈ വലയത്തിനു കാരണമെന്നും അഭിപ്രായമുണ്ട്. ന്യൂഹൊറൈസൺ എന്ന ഗവേഷണപേടകം യൂറാനസ്സിനെക്കുറിച്ച് വിലപ്പെട്ട വിവരങ്ങൾ നലകിയിട്ടുണ്ട്. അതെല്ലാം തന്നെ ജ്യോതിശാസ്ത്രജ്ഞൻമാരുടെയും ജ്യോതിർഭൗതിക ശാസ്ത്രജ്ഞൻമാരുടെയും പ്രപഞ്ചവിജ്ഞാനീയരുടെയും കൂലങ്കൂഷമായ പഠനത്തിനു വിധേയമാണ് .

അടുത്തത് നമുക്ക് നെപ്ട്യൂടുണിനെക്കുറിച്ചറിയാം.

**യൂറാനസ്സിനെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| സൂര്യനിൽ നിന്ന് ശരാശരി ദൂരം | 288 കോടി കി.മീറ്റർ |
| പരിക്രമണ കാലം | 84 വർഷം |
| ഭ്രമണകാലം | 17 മണിക്കൂർ 18 മിനിറ്റ് |
| പരിക്രമണ വേഗം | 7 കിലോമീറ്റർ / സെക്കന്റ് |
| ശരാശരി ഉപരിതലതാപം | മൈനസ് 210 ഡിഗ്രി C |
| വ്യാസം | 51100 കിലോമീറ്റർ |
| സാന്ദ്രത | 1.2 ഗ്രം സി സി |

# അറിയിപ്പ്

**എറണാകുളം കരയോഗത്തിന്റെ സാമൂഹ്യക്ഷേമ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി സുമനസ്കരായ കുറെ ആളുകൾ വിവിധ ഇനം അവാർഡുകളും പെൻഷനുകളും നൽകുന്നതിനായി വളരെ കാലങ്ങൾക്കു മുമ്പു മുതൽ തന്നെ എൻഡോവ്മെന്റുകൾ ഏൽപ്പിച്ചിട്ടുണ്ട്. അവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. നാളിതുവരെ യാതൊരു വിധ മുടക്കവും കൂടാതെ അർഹരായവർക്ക് പെൻഷനും അവാർഡുകളും നൽകി പോരുന്നുമുണ്ട്. എന്നാൽ വർഷങ്ങൾക്കു മുമ്പ് അന്നത്തെ കാലത്തിനനുസൃതമായി നല്കിയിട്ടുള്ള എൻഡോവ്മെന്റ തുകകളിൽ നിന്നും ലഭിക്കുന്ന പലിശ തുലോം കുറവാണ് എന്നു പറയേണ്ടതില്ലല്ലോ. നിങ്ങളുടെ പിതാമഹൻമാരുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റുകൾ വർദ്ധിപ്പിച്ച് നൽകുവാൻ വീനീതമായി അഭ്യർത്ഥിക്കുന്നു. അതിലൂടെ കൂടുതൽ സേവനപ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും ചെയ്യുവാൻ കരയോഗത്തിന് സാധിക്കും. ആയതുകൊണ്ട് കരയോഗത്തിൽ എൻഡോവ്മെന്റ് നല്കിയിട്ടുള്ള മാന്യസുഹൃത്തുക്കൾ എൻഡോവ്മെന്റ് തുകകൾ വർദ്ധിപ്പിച്ചു നല്കണമെന്ന് വിനിതമായി അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു.**

# ഓണപ്പാട്ടുകൾ

യു. എസ്. രവീന്ദ്രൻ (ഫോൺ: 9496120978)

ഓണം മലയാളികളുടെ ദേശീയോത്സവമാണ്. ലോകത്തിന്റെ ഏതു മൂലയിലാണെങ്കിലും ഓണം മനസ്സിലുണ്ടാക്കുന്ന ഗൃഹാതുരത്വം ഒന്നു വേറെതന്നെയാണ്. ഓണം തിരുവോണം എന്നീ പദങ്ങൾ സംസ്കൃതത്തിലെ ശ്രാവണത്തിന്റെ തത്ഭവങ്ങളാണ്. സമൃദ്ധിയുടെ ഉത്സവമായും മാവേലിമന്നന്റെ ഭരണത്തിന്റെ സുവർണ്ണകാലം അനുസ്മരിക്കാനുള്ള ദിവസമായും ഓണം ആഘോഷിക്കുന്നു.

മലയാളത്തിൽ ഓണത്തെപ്പറ്റി ആദ്യം പാടിയവർ പേരറിയാത്ത നാടോടി കവികളാണ്. വൃത്തവ്യവസ്ഥയും അക്ഷരവ്യക്തതയുമില്ലാത്ത വായ്മൊഴികളായിരുന്നു അവ. ഓണത്തോളം തന്നെ പഴക്കമുണ്ട് ഓണപ്പാട്ടുകൾക്കും. വ്യക്തിയുടെയും സമൂഹത്തിന്റെയും നേരും നൊമ്പരവുമൊക്കെ ആ പാട്ടുകളിൽ ഉണ്ട്.

'ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി.'

ഒരു സമൂഹത്തിന്റെ നൊമ്പരം ഒറ്റവരിപ്പാട്ടിൽ പാടിയിരിക്കുന്നു.

ഒരു പിടി നല്ല കവിതകൾ മലയാളിക്ക് സമ്മാനിച്ച് മൺമറഞ്ഞുപോയ ഇടപ്പള്ളി രാഘവൻപിള്ള മലയാളിക്ക് എന്നും ഓണമായിരിക്കുന്നതിനുവേണ്ടി ഓണത്തിനോട് പോവല്ലേ എന്ന് അപേക്ഷിച്ചിട്ടാണ് പോയത്.

'പോവല്ലേ പോവല്ലേ പൊന്നോണമേ
പൂവല്ലേ ഞാനിട്ടു പൂജിക്കുന്നു.'

എന്നാൽ പരിഷ്ക്കാരം കൂടി വരുന്തോറും ഓണത്തിന്റെ ആത്മാവ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന ഹൃദയവ്യഥയോടു കൂടിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള വിടപറഞ്ഞത്. പഴയ ഒരു ഓണക്കാല സ്മരണകൾ എത്ര മധുരമായിരുന്നു.

'ഭൂതലത്തോടൊത്ത നിൻ ഭൂതിയേറെ ഭൂതലം
വിട്ടെങ്ങോ പാഞ്ഞൊളിച്ചു ഈ പരിഷ്ക്കാര

കോലാഹലത്തിൻ നിഷ്ഫലം തന്നെ നിൻ വേണുഗാനം' മലയാളിക്ക് മറ്റെങ്ങും ഇല്ലാത്ത ഒരു പൂന്തോപ്പുണ്ട്. തനിമ മുറ്റിയ ഈ പൂങ്കാവനമാണ് ഓണം. രണ്ടു മഴകളുടെ ഇടയിൽ ഇടവപ്പാതിയും തുലാവർഷവും കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചമായി നിൽക്കുന്ന ഓണോത്സവത്തെ രണ്ടു ഇലകളുടെ നടുവിൽ സൗരഭ്യം പരത്തിക്കൊണ്ടിരിക്കുന്ന ഒരു പൂപോലെ കുമാരനാശാൻ ഉൾനാട്ടിലെ ഓണം എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു.

'അന്തശ്ശോഭ കലർന്ന രണ്ടു മഴതൻ മദ്ധ്യസ്ഥമാം
കാലവും, ചന്തം ചിന്തിയെഴുന്നു രണ്ടിലകളുള്ളമ്പും
നറുമ്പുവോൽ' സുന്ദരമായ ഒരോണബിംബം വൈലോപ്പിള്ളിയുടെ ആഗ്രഹം ഇതാണ്. മലയാളി എന്നും മലയാളിയായിരിക്കട്ടെ. അതിന്

'ഏത് ധൂസര സങ്കല്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃതലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും'

വെളിച്ചം ദുഃഖമാണുണ്ണി എന്ന് തിരിച്ചറിഞ്ഞ അക്കിത്തം വികസനത്തിന്റെ പേരിൽ മണ്ണുമാന്തിയന്ത്രവും വനനശീകരണവും കണ്ടപ്പോൾ പാടി 'നിന്നെകൊന്നവൻ കൊന്നപൂവേ  തന്നുടെ തന്നുടെ സൗഖ്യത്തെ' ..

സംസ്കാരത്തിന് മൂല്യച്യുതി വന്ന് പൊയ്മുഖങ്ങൾ ധരിച്ചുകൊണ്ടാണ് ഇന്നത്തെ മനുഷ്യൻ ജീവിക്കുന്നത്. ഇത് കണ്ടറിഞ്ഞ ബാലാമണിയമ്മക്ക് ഓണത്തിനോട് ദുഃഖത്തോടുകൂടി പാടാനുള്ളത് ഇങ്ങനെയാണ്.

'നിൻ കാലിലർപ്പിക്കാൻ ഞങ്ങൾക്കിന്നില്ലല്ലോ
സ്വാർത്ഥമായൊരു ചിന്തപോലും'

തറവാടുകൾ തകർന്നു. കുടുംബബന്ധങ്ങൾ ശോഷിച്ചു. എല്ലാവരും ന്യൂക്ലിയർ കുടുംബങ്ങളിലേക്ക്  ചുരുങ്ങി. ഇത് കണ്ട് പി. ഭാസ്ക്കരനും പാടി.

'മലർവിളികളില്ലാ മലർക്കളമില്ല മക്കൾതന്നാഘോഷ മേളനമില്ല.'

പണ്ട് കുട്ടിക്കാലം തൊട്ടേ പാടി നടന്ന പാട്ടാണ് 'മാവേലി നാട് വാണീടും കാലം മാനുഷരെല്ലാരും ഒന്നുപോലെ' എന്ന പാട്ട്. എന്നാൽ പല സർക്കാരുകൾ മാറി മാറി ഭരിച്ചിട്ടും ഒന്നും സംഭവിച്ചില്ല. വയലാർ രാമവർമ്മ പറഞ്ഞു വച്ചത് ഇതാണ്.

''മാനുഷരെല്ലാരും ഒന്നു പോലാവുന്ന മാനവധർമ്മം പുലർന്നില്ല ഇതു വരെ''

എങ്ങിനെ മാനവധർമ്മം പുലരും?

ഇതിന്റെ കാരണം യൂസഫലി കേച്ചേരി പറയുന്നു.

'പണ്ടു പണ്ടത്തെ മലയാളമില്ലിന്നു,

കണ്ടാലറിയുമോ താങ്കളാവോ, കൊള്ള പറയുണ്ട്,

അതിനാൽ ഇന്നിങ്ങില്ല കള്ളപ്പറയും ചെറുനാഴിയും'

'അക്കരെ ഇക്കരെ നീന്തിയ വ്യർത്ഥസ്വപ്നങ്ങൾ' എന്നോർത്ത് കൈതപ്രം ദാമോധരൻ നമ്പൂതിരി നെടുവീർപ്പിടുന്നു. സ്വന്തം അവകാശം കൈവശം പൈതൃകം ഇതു ചൊല്ലി നടുറോഡിൽതിരുവോണത്തല്ലുണ്ട് എന്ന് നിരീക്ഷിച്ച ചെമ്മനം ചാക്കോ ചോദിക്കുന്നു.

സ്റ്റാളുകൾ വിറ്റു കഴിഞ്ഞില്ലേ?
പൊതുമേഖല കച്ചോടം തിർന്നില്ലേ?
ഷാപ്പുകൾ തീറുനടന്നില്ലേ?
ഗാന്ധിസം നൂറു നൂറുക്കാക്കി ഷാപ്പുകൾ
തീറു നടന്നീല്ലേ?

നമുക്ക് സമാധാനിക്കാം, കാല് കുഴഞ്ഞ് വഴിയിൽ വീണാലും സർക്കാർ ഒപ്പമുണ്ടല്ലോ. നമ്മൾക്ക് ഓണം വേണ്ടെങ്കിലും ഓണത്തിന് നമ്മളെ വേണം. ഓണത്തിന് വന്നേപറ്റൂ, സുഗതകുമാരി പറയുന്നു.

ഒന്നുമറിയാതെ യാന്ത്രികമായ് തന്നെ വന്നു പോകുന്നതാം

നീയുമെന്നോണമേ, അല്ലായ്കിൽ എന്നേ വരാതിരു-

ന്നേനെനീ, അല്ലിനെ സ്നേഹിക്കുമെങ്ങൾ തൻ നാട്ടിൽ

ആരും സങ്കടപ്പെടുന്നത് കവി ഒളപ്പമണ്ണയ്ക്ക് ഇഷ്ടമല്ല. ഉള്ളതുകൊണ്ട് ഓണം ആഘോഷിച്ച് സന്തോഷത്തോടെ ഇരിക്കുവാൻ അദ്ദേഹം പറയുന്നു.

'ഇന്നാണല്ലോ പാതാളം വിട്ടിട്ടിങ്ങോട്ടെത്തുക
മാവേലി, ആരും കരയരുതാരും
കരയരുതദ്ദേഹത്തിൻ തിരുമുമ്പിൽ
പൂപറിക്കുന്ന കുഞ്ഞിക്കൈകൾ വിശപ്പടക്കാൻ കയ്യിലെടുത്ത പൊതി ബോംബായിരുന്നു'

എന്ന് ഒ എൻ വി യും പാടിയിട്ടുണ്ട്. വിപ്ലവം ദേശാസൽക്കരിച്ച് പോലീസ് സ്റ്റേഷനിൽ കൂടി ബോംബ് ഉണ്ടാക്കിയേക്കാവുന്ന നാട്ടിൽ ഇതിലത്ഭുതമില്ല.

രാമൻ വാണാലും രാവണൻ വാണാലും ആമോദത്തോടെ അവർ ഭരിക്കും കാലം ആപത്തവർക്കാർക്കുമില്ല താനും. ''മലരണിക്കാടുകൾ തിങ്ങി വിങ്ങി മരതകകാഞ്ചി ചോരിഞ്ഞമണ്ണിൽ, മരമാരുവെട്ടമെന്നാണ് ശോദ്യം, മരമണ്ടർ നാമൊക്കെയുള്ളപ്പോൾ വേറെ മരമെന്തിനു വേണമെന്നാണ് ശോദ്യം.''

രാമനും രാവണനും മാറി മാറി ഭരിച്ചിട്ട് ജനങ്ങളെ കൂടുതൽ മണ്ടൻമാരാക്കിക്കൊണ്ടിരി ക്കുകയാണെന്നാണ് അയ്യപ്പ പണിക്കർ പാടിയത്. മലയാള നാടിനെക്കുറിച്ച് ഏറ്റവും കൂടുതൽ കവിത എഴുതിയിട്ടുള്ളത് പി. കുഞ്ഞിരാമൻ നായരാണ്. കേരളം പ്രളയത്തിൽ മുങ്ങിപോയാലും കുഞ്ഞിരാമൻ നായർ കവിത അവശേഷിക്കുന്നുണ്ടെങ്കിൽ അതിൽ നിന്നും കേരളത്തെ പുനസൃഷ്ടിക്കാൻ കഴിയും. നാല് കുഞ്ഞിരാമൻ നായർ കവിത ചേർത്തു വച്ചാൽ കേരളം പിറക്കും എന്നൊരു നിരീക്ഷണം പി. കവിതയെക്കുറിച്ച് ഉണ്ട്.

'തന്മുഖമൊട്ടുകറുപ്പിച്ചോരു
കർക്കടമാസം പറന്നു പോയി
പൊന്നും പുലരി ചിരിച്ചു വന്നു
വന്നുപോയ് വന്നുപോയ് ഓണക്കാലം
താമരകണ്ണെഴുതി നിൽക്കു-
ന്നീമലനാടിന്റെ ലക്ഷ്മിയപ്പോൾ
നോക്കൊരു കോടിയെടുത്തുടുക്കാം
നോക്കുമറക്കാം കഴിഞ്ഞതെല്ലാം
ആർപ്പുവിളിക്കുക കൂട്ടരെ നാം
വന്നുപോയോണക്കാലം.'

അര ശതാബ്ദങ്ങൾക്ക് മുൻപ് പി. കുഞ്ഞിരാമൻ നായർ എഴുതിയ ഓണക്കവിതയിലെ ചിലവരികളാണിവ. കുറച്ചു നന്മകളും പച്ചപ്പും മലയാള നാട്ടിൽ എവിടെക്കെയോ ഉണ്ട് . അത് കൊണ്ട് ജിയുടെ ആത്മാവ് ഓടക്കുഴലൂതി കൊണ്ട് ക്ഷണിക്കുന്നു.

'ഓണമേ നിനക്കൊരു പാട്ടു പാടാമോ വന്നെൻ
പ്രാണനിൽ കടന്നിരുന്നെന്റെ
മൺകുടിൽ പൂകി?
പോയ കാലത്തിൻ വെട്ടമിത്തിരി കിടപ്പുണ്ടു
നീയതിലിരുന്നൊരു കൊച്ചു പല്ലവിപാടൂ.'

കുഞ്ഞുണ്ണി മാസ്റ്ററുടെ ഒരു കൊച്ചു പൂക്കുട നിറയെ ഓണപൂക്കളാണ് മണ്ണിന്റെ ശുദ്ധിയും നന്മയും അഴകുമാണവ.

ഓണം പൂക്കുട ചൂടികൊണ്ടെന്നോണത്തപ്പനെഴുന്നള്ളുമ്പോൾ

പൂവേപൊലി പൂവേ പൊലി പൂവേപൊലി പൂവേ,
വീട്ടുകാരൊത്തിരുന്നു ഉണ്ണേണമോണത്തിന്,
നാട്ടുകാരൊത്തു കളിക്കേണമോണത്തിന്,
പൂവേ പൊലി പൂവേ പൊലി പൂവേപൊലി
പൂവേ,

ശ്രീകുമാരൻതമ്പി വിഷാദവർണ്ണങ്ങൾ കൊണ്ടെഴുതിയ പൂവിതൾ ചിത്രങ്ങളിൽ ഗൃഹാതുരത്വം ഒരു മധുര നൊമ്പരമായി മാറുന്നു.

മറഞ്ഞൊരെൻനാലുകെട്ടും

എരിഞ്ഞൊരാസർപ്പക്കാവും
അകന്നൊരെൻ പൊന്നുഞ്ഞാലും
നികന്നൊരെൻ പൂങ്കുളവും
വെറുതെ തിരിഞ്ഞു പോകുമ്പോൾ ഒപ്പം
ഉടലറ്റ പൂവരശിൻ വേരിന്മേലിരിക്കുന്ന
ചെറുമഞ്ഞക്കിളിയേയും കാണുന്നു.

ആ വേരിൽ ജീവന്റെ തുടിപ്പുകളായി പുതിയ തളിർ പൊടിപ്പുകളുണ്ടായെങ്കിൽ! എന്ന് നമുക്ക് ആശിക്കാം. മാറ്റങ്ങളൊന്നുമറിയാതെ യാന്ത്രികമായി ഓണം വന്നു പോകുമെങ്കിലും നാം കക്കാടു പറഞ്ഞ പോലെ പറയേണ്ടതുണ്ട്.

'നന്ദി തിരുവോണമേ നിവന്നുവല്ലേ - വരുമാണ്ടിലും വരിക നിൻ വെളിച്ച കടലിൽ ഞാൻ അലിയാം'

നമ്മുടെ ആതിഥേയസംസ്ക്കാരം നമുക്കൊരു ബലഹീനതയാണ്. അതിഥികളെ ബഹുമാനിക്കുന്നു. അവരുടെ മുമ്പിൽ തല കുനിക്കുന്നു. ഗിരീഷ് പുത്തഞ്ചേരിക്ക് പറയാനുള്ളത്

'ആർക്കും ചവിട്ടിതാഴ്ത്താൻ കുനിച്ചു
കൊടുക്കുന്ന
അലിവിന്റെ തലയെടുപ്പിന്......
പൂവേ പൊലി പൂവേ പൊലി !'

ലോകം വിരൽ തുമ്പിലായെങ്കിലും തൊട്ടയൽവക്കം പോലും ഇപ്പോൾ ധ്രുവാന്തരദൂരത്താണ്. ഈ മനോവ്യഥകൾ ഒരു മുക്കുറ്റിയായി മുളച്ച് നമ്മെ ഉറ്റുനോക്കുന്നു. റഫീക്ക് അഹമ്മദിന്റെ നൊമ്പരം ഇതാണ്.

നിത്യം ചെറുതായ് വരും ലോകമെങ്കിലും
തൊട്ടയൽപക്കം ധ്രുവാന്തരദൂരമായ്
ഭൂവിൽ യുഗങ്ങൾ പലതു പോയെങ്കിലും
ജിവിതം ജീവിക്കാനുള്ളതായിതോ ?

ആദിമമിച്ചെറുചോദ്യം തുടുപ്പിച്ച
വേദനയല്ലീ വിടർന്നു മുക്കുറ്റിയായ് ?
ഭൂമുഖത്തെത്തിയെൻ നേർക്കതു നോക്കവേ
ഹാ ! മുഖം താഴ്ത്തി നിൽക്കുന്നു മൂകം മനം.

പൂവായും പഴമായും കാടായും കടുവയായും പുലിയായും നിലാവായും തുള്ളിത്തുളുമ്പുന്ന കുട്ടിക്കാലമായും നാം ഓണം അനുഭവിക്കുന്നു. ഇതങ്ങനെതന്നെ തുടരണം എന്നാണ് ലോകമെമ്പാടുമുള്ള മലയാളികൾ കാംക്ഷിക്കുക. മാമലകൾക്കപ്പുറത്ത് മരതകപട്ടുടുത്ത് മലയാളമെന്നൊരു നാടുണ്ട് എന്ന മനോഹരസങ്കല്പം നീണാൾ നിലനിൽക്കട്ടെ. ഇത്തിരി തുമ്പപ്പൂവേങ്കിലും ശേഷിക്കാതെ വരുമോ

**ഓണം**

'നാളെയാണ് പൊന്നോണം
ചിങ്ങത്തിലെ തിരുവോണം
നേരത്തെ എണീറ്റോണം
അടിച്ചോണം തളിച്ചോണം കുളിച്ചോണം
ഓണക്കോടി കൊടുത്തോണം
ഓണക്കോടി ഉടുത്തോണം
നിലവിളക്ക് കത്തിച്ചോണം
ആവണപ്പലക അണിഞ്ഞോണം
തൃക്കാക്കരപ്പനെ വച്ചോണം
തുമ്പപ്പൂതൂവിയിട്ടോണം
പൂവട നിവേദിച്ചോണം
ആർപ്പ് വിളിച്ചോണം
കൈകൊട്ടി കളിച്ചോണം
സദ്യയുണ്ടാക്കി ഉണ്ടോണം
ഇനിയും ഓണം വേണമെന്നോർത്തോണം.'

# ചൈത്രം

**സെപ്തംബർ 10 ആത്മഹത്യാ പ്രതിരോധദിനമായിട്ടാണ് ആചരിക്കുന്നത്. ആത്മഹത്യാ പ്രതിരോധത്തിനുവേണ്ടി പ്രവർത്തിക്കുന്ന എറണാകുളം കരയോഗത്തിലെ ചൈത്രവും ഈ പ്രതിരോധദിനം വിപുലമായി ആചരിക്കുകയാണ്.**

**മാനസ്സിക സംഘർഷം മൂലമോ ഏകാന്തതമൂലമോ നൈരാശ്യം മൂലമോ ജീവിതത്തോട് മടുപ്പും വിരക്തിയും തോന്നുമ്പോൾ ചൈത്രത്തിലെത്തുക. തീർച്ചയായും നിങ്ങളുടെ ജീവിതത്തിലെ വിഷമതകളെല്ലാം മാറ്റി പുതിയ പ്രത്യാശയിലേയ്ക്കും പ്രതീക്ഷയിലേയ്ക്കും നിങ്ങളെ കൈപിടിച്ചുയർത്തുവാൻ ചൈത്രത്തിന് കഴിയും. ചൈത്രത്തിന്റെ സേവനം തികച്ചും സൗജന്യമാണ്. നിങ്ങളുടെ സ്വകാര്യത പരിപ്പൂർണ്ണമായി സംരക്ഷിക്കുന്നു. ചൈത്രത്തിലേക്ക് സധൈര്യം കടന്നുവരു. ഉത്സാഹഭരിതരായി മടങ്ങു.**

**ഫോൺ നമ്പർ 0484 2361160**

# മറക്കാത്ത ഓർമ്മകൾ

**ഡോ.കെ. ഹരിഹരൻ (ഫോൺ : 9847313322)**

ഒരാളുടെ ജീവിതത്തിൽ മറക്കാനും മായ്ക്കാനും കഴിയാത്ത നിരവധി അനുഭവങ്ങളും സംഭവങ്ങളും ഉണ്ടാകും. ഞാനും അതിൽ നിന്നും വ്യത്യസ്തനല്ല. റിട്ടയർമെന്റ് ജീവിതം തുടങ്ങിയിട്ട് ഇന്ന് ഏതാണ്ട് പതിനാറു വർഷം തികയുന്നു. ജീവിതത്തിന്റെ ഈ അന്ത്യവേളയിൽ പഴയതൊക്കെ ഓർത്ത് അതിൽ നിന്നു കിട്ടിയിട്ടുള്ള സുഖത്തേയും ദുഃഖത്തേയും സന്തോഷങ്ങളേയും സങ്കടങ്ങളേയും ഒക്കെ ഓർത്ത് മനസ്സിനെ ഒന്ന് ഇളക്കി എടുക്കുന്നത് ഒരാശ്വാസമാണ്. പകൽ സമയം വീട്ടുകാര്യങ്ങൾ പലതും ചെയ്യാനുള്ളതുകൊണ്ട് ചിന്തകൾക്ക് കുറെയൊക്കെ വിരാമമുണ്ടാകും. പഠിക്കുന്ന കാലത്ത് എല്ലാ ദിവസവും രാവിലെ അഞ്ചുമണിയോടുകൂടി എഴുന്നേല്ക്കുന്ന പതിവുണ്ടായിരുന്നു. വീടിനടുത്തുള്ള അമ്പലത്തിൽ നിന്നും സുപ്രഭാതഗീതങ്ങൾ മൈക്കിലൂടെ കേട്ടു തുടങ്ങുമ്പോൾ ഉണരും. കുറെ നേരം എം. എസ് സുബ്ബലക്ഷ്മിയുടെ മധുരമുള്ള ആ സുപ്രഭാതഗീതം ശ്രവിച്ച് ആസ്വദിച്ച് കിടക്കും. പിന്നെ എഴുന്നേറ്റ് പ്രഭാതകൃത്യങ്ങളിൽ വ്യാപൃതനാകും. ആ സ്വഭാവം ഇന്നും തുടരുന്നു.

